# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.
Printed on 29th of every month.

**വാല്യം 04 സെപ്റ്റംബർ–2012 ലക്കം 9**

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


സർക്കുലർ .............................................................. 03

വിശ്വാസസംരക്ഷണം .................................................. 10

Protection of Children from Sexual Offences Act, 2012:
A Praiseworthy but Flawed Legislation ................................ 36

രൂപതാകച്ചേരി വാർത്തകൾ ...................................... 42

വിദ്യാഭ്യാസ സഹായനിധി ...................................... 48

മതബോധനരംഗം ...................................................... 52

ബൈബിൾ അപ്പോസ്തലേറ്റ് ...................................... 55

ചെറുപുഷ്പമിഷൻലീഗ് .............................................. 56

കെ. സി. വൈ. എം. .................................................. 62

കുടുംബപ്രേഷിതത്വം .................................................. 68

സിയോൻ വാർത്തകൾ .............................................. 74

ജീസസ്‌യൂത്ത്, ക്രിസ്റ്റീൻ ............................................ 77

വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 78

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ........................ 80

സാമൂഹ്യ സേവനരംഗം (WSSS)........................................ 83

കേരള ലേബർ മൂവ്മെന്റ് ........................................ 86

& .......................................... 87

റേഡിയോ മാറ്റൊലി .................................................. 89

ക്രിസ്ത്യൻ സിവിക് സർവ്വീസ് സൊസൈറ്റി ................ 91

അറിയിപ്പുകൾ .......................................................... 94

പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 99

ബിഷപ്സ് പ്രോഗ്രാം .................................................. 100

# സർക്കുലർ

***Circular Letter No. 05/2012***
***Prot. No. 12708/2012***

കർത്താവിനാൽ സ്നേഹിയ്ക്കപ്പെട്ടവരേ,

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ നമ്മുടെ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പ വിശ്വാസവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ് എന്ന വിവരം നിങ്ങൾ അറിഞ്ഞു കാണുമല്ലോ. ഈ ആചരണത്തിന്റെ പ്രധാന്യം വ്യക്തമാക്കുന്നതിന് *വിശ്വാസത്തിന്റെ വാതിൽ* (Porta Fidei) എന്ന പേരിൽ ഒരു അപ്പസ്തോലിക ലേഖനവും അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഈ ലേഖനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതനുസരിച്ച് നമ്മൾ രൂപതാ തലത്തിലും ഇടവകതലത്തിലും മറ്റും ചെയ്യേണ്ട പ്രായോഗിക കാര്യങ്ങൾ റോമിലെ വിശ്വാസ കാര്യങ്ങൾക്ക് വേണ്ടിയുള്ള കാര്യാലയം തയ്യാറാക്കി തന്നിട്ടുണ്ട്. ഇവയോട് ചേർത്ത് മറ്റു ചില കാര്യങ്ങൾ കേരള കത്തോലിക്കാ മെത്രാൻ സമിതിയും നിർദ്ദേശിച്ചിട്ടുണ്ട്. അവയെല്ലാം ഒരുമിച്ച് ഓഗസ്റ്റ് മാസത്തിലെ മാനന്തവാടി രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

സഭയുടെ നവീകരണത്തിൽ നിർണ്ണായകപങ്ക് വഹിച്ച രണ്ടാം വത്തിക്കാൻ സൂനഹദോസ് വിളിച്ചു കൂട്ടിയതിന്റെ അൻപതാം വർഷവും, *കത്തോലിയ്ക്കാസഭയുടെ മതബോധനഗ്രന്ഥം* പ്രസിദ്ധീകരിച്ചതിന്റെ ഇരുപതാം വാർഷികവും, അടുത്ത ഒക്ടോബറിൽ റോമിൽ വച്ച് നടക്കുന്ന പതിമൂന്നാമത് മെത്രാൻ സിനഡും *(ഈ സിനഡ് നമ്മുടെ സീറോമലബാർ സഭയുടെ സിനഡ് പോലെയുള്ള ഒന്നല്ല; ആഗോള സഭയിലെ മെത്രാന്മാരുടെ പ്രതിനിധികൾ മാർപ്പാപ്പയോടൊത്ത് ചില പ്രത്യേക വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് സമ്മേളിക്കുന്നതാണത്)* പ്രമാണിച്ചാണ് പരിശുദ്ധപിതാവ് വിശ്വാസവർഷം പ്രഖ്യാപിച്ചിട്ടുള്ളത്. കാരണം ഇവ മൂന്നും നമ്മുടെ ക്രൈസ്തവ വിശ്വാസത്തെ സംബന്ധിക്കുന്ന വളരെ പ്രധാനപ്പെട്ട സംഭവങ്ങളാണ്. ആഗോളസഭയുടെ ഭാഗമെന്ന നിലയിൽ നമ്മുടെ രൂപതയും ഈ വർഷാചരണത്തിൽ

സജീവമായി പങ്കു ചേരണം. ഇത്തരുണത്തിൽ ഇതുമായി ബന്ധപ്പെട്ട് ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കട്ടെ.

നമ്മളെല്ലാം ക്രൈസ്തവവിശ്വാസം സ്വീകരിച്ച് അത് ജീവിക്കുന്നവരാണെങ്കിലും ബോധപൂർവ്വം തുടർച്ചയായി അതിനെ പരിപോഷിപ്പിച്ചുകൊണ്ടിരുന്നില്ലെങ്കിൽ അതൊരുപക്ഷേ ജീവനില്ലാത്തതുപോലെയാകാം. നാം ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ നമുക്ക് വേണ്ടി നമ്മുടെ തലതൊട്ടപ്പനും തലതൊട്ടമ്മയും കത്തോലിയ്ക്കാ വിശ്വാസം ഏറ്റു പറഞ്ഞു. നമുക്ക് അറിവ് വയ്ക്കുമ്പോൾ അത് ബോധപൂർവ്വം ജീവിക്കേണ്ടത് നമ്മുടെ തന്നെ കടമയാണ്. നമുക്ക് ദൈവം നൽകിയ വലിയ ദാനങ്ങളിലൊന്നാണ് ക്രിസ്തുവിലുള്ള വിശ്വാസം. ദൈവദാനമായ വിശ്വാസത്തിന് നന്ദി പറയാനും അത് പരിപോഷിപ്പിക്കാനും പരസ്യമായി പ്രഖ്യാപിക്കാനുമുള്ള അവസരമായി ഈ വിശ്വാസവർഷത്തെ നാം കാണണം. സത്യവിശ്വാസത്തിന്റെ വാതിൽ ക്രിസ്തുവിന്റെ സഭയാണ് *(വിശ്വാസത്തിന്റെ വാതിൽ 1.)* അപ്പസ്തോലന്മാരായ പൗലോസും ബാർണബാസും അന്ത്യോക്യായിൽ പ്രസംഗിക്കുമ്പോൾ അവർ മുഖാന്തിരം ദൈവം വിശ്വാസത്തിന്റെ വാതിൽ വിജാതീയർക്ക് എപ്രകാരമാണ് തുറന്ന് കൊടുത്തതെന്ന് വിശദീകരിക്കുന്നുണ്ട്. (അപ്പ. 14:26). നമ്മെ ഓരോരുത്തരേയും തിരുസഭയാകുന്ന വാതിലിലൂടെ ദൈവവുമായുള്ള സംസർഗ്ഗത്തിലേയ്ക്ക് നയിക്കാൻ വിശ്വാസവർഷം ഉപയുക്തമാകണം. ഇത് ജീവിതകാലം മുഴുവൻ നീണ്ടു നിൽക്കുന്ന ഒരു പ്രക്രിയയാണ്. മാമ്മോദീസായിലൂടെ (റോമാ. 6:4) ആരംഭിച്ച് മരണത്തിലൂടെ നിത്യജീവിതത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ വിശ്വാസത്തിന്റെ വാതിലിലൂടെയുള്ള യാത്ര അവസാനിക്കും. *(വിശ്വാസത്തിന്റെ വാതിൽ 1)*

ഈശോയെ ശ്രവിക്കാൻ സമരിയാക്കാരി സ്ത്രീയേപ്പോലെ കിണറിന്റെ അടുത്തേയ്ക്ക് പോകാനുള്ള ആഹ്വാനമാണ് (യോഹ.4:1-25) വിശ്വാസവർഷം നമുക്ക് നൽകുന്നത്. വിശ്വാസമാകുന്ന ഉപ്പിന്റെ ഉറ ഇല്ലാതാക്കാനും പ്രകാശം മറച്ചു വയ്ക്കാനും (മത്താ. 5:13-16) പാടില്ല. വിശ്വാസം പ്രഘോഷിക്കാനുള്ളതാണ്. സഭയിലൂടെ വിശ്വസ്തതയോടെ നമുക്ക് കൈമാറിക്കിട്ടിയ ദൈവവചനവും തന്റെ ശരീരരക്തങ്ങളാകുന്ന ഭക്ഷണപാനീയങ്ങളും (യോഹ. 5:51) വിലമതിക്കാനും ആസ്വദിക്കാനും വിശ്വാസവർഷത്തിൽ കൂടുതലായി നമുക്ക് സാധിക്കണം. *(വിശ്വാസത്തിന്റെ വാതിൽ 3)*. ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്ത് ചെയ്യണം (യോഹ. 6:28) എന്ന് ശിഷ്യന്മാർ ഈശോ

യോട് ചോദിച്ചപ്പോൾ അവിടുന്ന് നൽകിയ മറുപടി ഇപ്രകാരമാണ്: *ഇതാണ് ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി. അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക* (യോഹ. 6:29). ക്രിസ്തുവിൽ വിശ്വസിക്കുക എന്നത് രക്ഷയിൽ എത്തിച്ചേരാനുള്ള സുനിശ്ചിതമായ മാർഗ്ഗമാണ്. നമ്മുടെ ജീവിതയാത്രയിൽ ഈ വസ്തുത നമ്മൾ മറന്നുപോയെങ്കിൽ വിശ്വാസ വർഷത്തിൽ വീണ്ടും അത് ബോധമണ്ഡലത്തിലേയ്ക്ക് തിരികെ കൊണ്ടുവരണം. അതുപോലെ തന്നെ വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വിശ്വാസവർഷാചരണത്തിലൂടെ നാം അടുത്തറിയണം.

മാത്രമല്ല, നമ്മുടെ വിശ്വാസത്തിന്റെ ഉള്ളടക്കം എന്താണെന്നും നാം മനസ്സിലാക്കേണ്ടതുണ്ട്. അതിനുള്ള സവിശേഷ സന്ദർഭം കൂടി യാണ് വിശ്വാസവർഷാചണം. മനുഷ്യൻ ദൈവസൃഷ്ടിയാണെന്നും ആ സൃഷ്ടി പാപം ചെയ്ത് സൃഷ്ടാവിൽ നിന്ന് അകന്നപ്പോൾ ത്രിത്വത്തിലെ രണ്ടാമത്തെ ആളായ പുത്രൻ തമ്പുരാൻ മനുഷ്യനായി അവതരിച്ച് പീഢകൾ സഹിച്ച് കുരിശിൽ മരിച്ച് ഉത്ഥാനം ചെയ്ത് നമ്മുടെ പാപ ങ്ങൾക്ക് വേണ്ടി പരിഹാരം ചെയ്യുകയും അങ്ങനെ പാപപ്പരിഹാരത്തി നുള്ള മാർഗ്ഗം നമുക്ക് കാണിച്ചു തരുകയും ചെയ്തു എന്നുമാണ് നമ്മൾ വിശ്വസിക്കുന്നത്. അവിടുത്തെ മാർഗ്ഗത്തിലൂടെ ചരിക്കുന്നവർക്ക് അവി ടുന്ന് നിത്യജീവൻ വാഗ്ദാനം ചെയ്യുന്നു. ആ മാർഗ്ഗം നമുക്ക് നിരന്തരം പകർന്ന് കിട്ടുന്നത് സഭയിലൂടെയാണ്. ഈ സഭയാകട്ടെ അവിടുത്തെ പിൻചെല്ലുന്നവരുടെ കൂട്ടായ്മയാണ്. ആ കൂട്ടായ്മയുടെ ശിരസ്സ് ക്രിസ്തു തന്നെയാണ്. സഭയിലൂടെയുള്ള ജീവിതമാണ് നിത്യജീവനുള്ള സുനിശ്ചിതമാർഗ്ഗം. ഇതിന്റെയെല്ലാം താത്വികവും പ്രായോഗികവുമായ വിശദീകരണങ്ങളുമാണ് വത്തിക്കാൻ സൂനഹദോസിന്റെ രേഖകളും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും തരുന്നത്. ഈ വിഷയം തന്നെയാണ് അടുത്തുവരുന്ന റോമൻ സിനഡും ചർച്ച ചെയ്യുന്നത്.

ബൈബിൾ മാത്രമാണ് വിശ്വാസത്തിന്റെ അടിസ്ഥാനമെന്നും, നമ്മുടെ വ്യക്തിപരമായ അനുഭവമാണ് വിശ്വാസത്തിന്റെ അടിസ്ഥാന മെന്നും മറ്റുമുള്ള വാദഗതികൾ ഉന്നയിച്ച് പലരും നമ്മെ വഴിതെറ്റിക്കാൻ വരുന്ന ഈ കാലഘട്ടത്തിൽ മേൽപ്പറഞ്ഞ അറിവ് അത്യന്താപേഷിത മാണ്. വിശുദ്ധഗ്രന്ഥം തെറ്റായ രീതിയിൽ വ്യാഖ്യാനിച്ചും നമ്മളെ വഴി തെറ്റിച്ചെന്ന് വരാം. ഇതിനെതിരെയെല്ലാം നാം ജാഗരൂകരാകണം. നമ്മുടെ വിശ്വാസം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് എഴുതപ്പെട്ട ദൈവവചനത്തിന്മേലും എഴുതപ്പെടാത്ത ദൈവവചനമായ പാരമ്പര്യ

ത്തിന്മേലുമാണ്. നമ്മുടെ കർത്താവ് ചെയ്ത മറ്റ് പല കാര്യങ്ങളും ഉണ്ട്. അതെല്ലാം എഴുതിയിരുന്നെങ്കിൽ ആ ഗ്രന്ഥങ്ങൾ ഉൾക്കൊള്ളാൻ ലോകത്തിനു തന്നെ സാധിക്കാതെ വരുമെന്നാണ് എനിക്ക് തോന്നുന്നത് എന്നാണല്ലോ യോഹന്നാൻ ശ്ലീഹാ സുവിശേഷത്തിൽ രേഖപ്പെടുത്തുന്നത് (യോഹ. 21:25). അതെല്ലാം കാണുകയും സ്വന്തം കണ്ണുകൾകൊണ്ട് അവിടുത്തെ ദർശിക്കുകയും ചെയ്ത ശ്ലീഹന്മാരുടെയും അവരുടെ പിൻഗാമികളുടെയും എല്ലാം നിർദ്ദേശങ്ങൾക്കനുസാരമാണ് സഭയിലെ ജീവിതവും ആചാരണങ്ങളും അനുഷ്ഠാനങ്ങളും രൂപപ്പെട്ടിട്ടുള്ളത്. അതിനെയാണ് പാരമ്പര്യം എന്ന് നാം വിളിക്കുന്നത്. എന്തിനേറെ, വിശുദ്ധഗ്രന്ഥത്തിൽ ഏതെല്ലാം പുസ്തകങ്ങളാണ് ദൈവനിവേശിതം എന്ന് പ്രഖ്യാപിക്കുന്നതും സഭയിലാണല്ലോ.

ദാനമായി ലഭിച്ച ഈ വിശ്വാസം ആദ്യമായി പ്രഘോഷിക്കേണ്ടത് നമ്മുടെ കുടുംബങ്ങളിൽ തന്നെയാണ്. ക്രിസ്തുവിലുള്ള വിശ്വാസം വിശ്വസ്തതയോടെ ജീവിച്ചുകൊണ്ടാണ് അത് സാധിതമാകേണ്ടത്. ക്രിസ്തുവിലുള്ള വിശ്വാസത്തിന് ചേരാത്ത കാര്യങ്ങൾ നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിൽ അതെല്ലാം നീക്കിക്കളയണം. അതുപോലെ തന്നെ നമ്മുടെ വിശ്വാസം നമ്മുടെ അയൽക്കാർക്കും നമ്മെ സമീപിക്കുന്ന എല്ലാവർക്കും ദൃശ്യമാകുകയും അവർക്ക് പ്രചോദനമേകുകയും ചെയ്യണം. ക്രൈസ്തവജീവിതം കേവലം ഏതാനും ആചാരങ്ങളും അനുഷ്ഠാനങ്ങളും അല്ല, പ്രത്യുത, അതൊരു ജീവിതശൈലിയും മനോഭാവവുമാണ്. നമ്മുടെ ചിന്തയിലും സംസാരത്തിലും പ്രവൃത്തിയിലും പ്രതികരണത്തിലും എല്ലാം അത് പ്രതിഫലിക്കണം. അതായത് ഒരു തുണിയിൽ എപ്രകാരം അതിന്റെ നിറം സന്നിവേശിച്ചിരിക്കുന്നുവോ അതുപോലെ ആയിരിക്കണം നമ്മുടെ വിശ്വാസവും ജീവിതവും. മറ്റു വാക്കുകളിൽ പറഞ്ഞാൽ നിറത്തെ തുണിയിൽ നിന്നും മാറ്റി നിർത്താൻ സാധിക്കാത്തതുപോലെ ഗാഢമായി ബന്ധപ്പെട്ടതായിരിക്കണം നമ്മുടെ വിശ്വാസവും ജീവിതവും.

നാം സ്വീകരിച്ച വിശ്വാസം നമ്മുടെ പിന്നാലെ വരുന്ന തലമുറയിലേയ്ക്ക് പകർന്നു നൽകുക എന്നത് അതിപ്രധാനമായ ഒരു സംഗതിയാണ്. നമ്മുടെ കുട്ടികൾ ക്രിസ്തുവിശ്വാസത്തിൽ വളർന്നുവരാനുള്ള എല്ലാ സാഹചര്യവും നമ്മൾ ഒരുക്കി കൊടുക്കണം. അതിനുവേണ്ടി ചെലവഴിക്കുന്ന സമയവും ഊർജ്ജവും പണവും ഒന്നും പാഴായിപ്പോകുകയില്ല. ക്രിസ്തുവിന്റെ മൂല്യങ്ങൾ ഉൾക്കൊണ്ട് വളരാൻ നമ്മൾ കുട്ടി

കളെ പ്രാപ്തരാക്കണം. സെപ്റ്റംബർ 9 ന് മതബോധനഞായർ ആണെന്ന് നിങ്ങൾ ഓർമ്മിക്കുമല്ലോ. അന്നേ ദിവസം കുട്ടികൾക്കായി ഇടവകകളിൽ പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.

വിശ്വാസകാര്യങ്ങളെ പറ്റിയോ സഭയെപ്പറ്റിയോ കേവലം കുറെ അറിവ് പകർന്ന് കൊടുക്കുന്നതല്ല മതബോധനം എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പള്ളിയിൽ പോകാതെയും വിശുദ്ധകുർബാനയിലും മറ്റ് കൂദാശകളിലും പങ്കെടുക്കാതെയും വർഷാവസാനം പഠിച്ച് പരീക്ഷയിൽ ഉയർന്ന മാർക്ക് കരസ്ഥമാക്കുന്ന കുട്ടി വിശ്വാസത്തെപ്പറ്റിയും സഭയെപ്പറ്റിയും അറിവ് നേടുന്നുണ്ടാകാം. പക്ഷേ ആ കുട്ടി വിശ്വാസത്തിൽ പരിശീലിപ്പിക്കപ്പെടുന്നില്ല. അതുകൊണ്ട് തന്നെ മതബോധനപരീക്ഷയിൽ ഉയർന്ന മാർക്ക് നേടുന്ന കുട്ടിയ്ക്കും വിശ്വാസത്തിൽ ബോധ്യം ഉണ്ടാകണമെന്നില്ല. ഏതൊരു ജീവിതവും ഫലപ്രദമാകണമെങ്കിൽ പരിശീലനം ആവശ്യമാണല്ലോ. അത് കുട്ടിക്കാലത്ത് തന്നെ ആരംഭിക്കുകയും വേണം. അതിൽ ഏറ്റവും ശ്രദ്ധ വയ്ക്കേണ്ടത് മാതാപിതാക്കളാണ്.

മതബോധനദിനം പോലെ തന്നെ വിശ്വാസപരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളുടെ ദിവസവും (Childrens' Day) അവരെ പരിശീലിപ്പിക്കുന്ന അധ്യാപകരുടെ ദിവസവും (Teachers' Day) നമ്മൾ ആചരിക്കുന്നുണ്ട്. തങ്ങൾ ചെയ്യുന്ന പ്രവൃത്തിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിനും തങ്ങളെ വിശ്വാസത്തിൽ പരിശീലിപ്പിക്കുന്നവരോടുള്ള ബഹുമാനത്തിൽ വളരുവാനും എല്ലാം ഇത് കുട്ടികൾക്ക് കാരണമാകും. മാതാപിതാക്കൾ ഉത്സാഹത്തോടു കൂടി തന്നെ കുട്ടികളെ വിശ്വാസ പരിശീലന ക്ലാസുകളിലേയ്ക്ക് പറഞ്ഞയയ്ക്കണം. കുട്ടികളുടെ ഭൗതികമായ വിദ്യാഭ്യാസത്തിൽ മാത്രം ശ്രദ്ധ വയ്ക്കുന്ന മാതാപിതാക്കൾ തെറ്റായ മൂല്യങ്ങളായിരിക്കും കുട്ടികളിലേയ്ക്ക് പകർന്ന് കൊടുക്കുന്നത്. അതിന്റെ തിക്തഫലം അവരുടെ വയസ്സുകാലത്ത് മക്കളിൽ നിന്ന് ഉണ്ടാകും എന്നതിന് അനുഭവങ്ങൾ സാക്ഷികളാണ്.

ഇത്തരുണത്തിൽ വിശ്വാസപരിശീലന രംഗത്ത് സേവനം ചെയ്യുന്ന എല്ലാവരേയും നന്ദിയോടെ അനുസ്മരിക്കുകയും അവരുടെ പ്രവർത്തനങ്ങൾക്ക് അവർ പരിശീലിപ്പിക്കുന്ന കുട്ടികളിലൂടെ ദൈവം അവർക്ക് പ്രതിഫലം കൊടുക്കട്ടേയെന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ സൂനഹദോസ് ആരംഭിച്ചതിന്റെ അമ്പതാം വാർഷികത്തിലാണ് വിശ്വാസവർഷം ആരംഭിക്കുന്നത്. ക്രൈസ്തവ

വിശ്വാസത്തിന്റെ പാവനനിക്ഷേപം ഭദ്രമായി സംരക്ഷിക്കുകയും പഠിപ്പിക്കുകയും ചെയ്ത രണ്ടാം വത്തിക്കാൻ സൂനഹദോസിന്റെ പ്രമാണരേഖകൾ ഒന്നുകൂടി ആഴത്തിൽ പഠിക്കാനുള്ള അവസരം കൂടിയാണ് വിശ്വാസവർഷം. നമ്മുടെ വിശ്വാസത്തിന്റെ ചരിത്രം വീണ്ടും കണ്ടെത്തുക എന്നത് നിർണ്ണായകപ്രാധാന്യമുള്ള ഒരു കാര്യമായി ഈ വർഷത്തിൽ നമ്മൾ കാണണം എന്ന് *വിശ്വാസത്തിന്റെ വാതിൽ നമ്മെ ഓർമ്മപ്പെടുത്തുന്നു. (വിശ്വാസത്തിന്റെ വാതിൽ 13).* അതുപോലെ തന്നെ പരസ്നേഹത്തിന്റെ സാക്ഷ്യം കൂടുതൽ തീവ്രമാക്കാനുള്ള നല്ല അവസരം കൂടിയാണ് വിശ്വാസവർഷം എന്ന് പരിശുദ്ധപിതാവ് ഉദ്ബോധിപ്പിക്കുന്നു *(വിശ്വാസത്തിന്റെ വാതിൽ 14).* പ്രവൃത്തി കൂടാതെയുള്ള വിശ്വാസം ശരിയായ വിശ്വാസമല്ല എന്ന് വി. യാക്കോബ് നമ്മെ ഓർമ്മപ്പെടുത്തുന്നു.

സത്യവിശ്വാസത്തിന്റെ ഉള്ളടക്കത്തെ സംബന്ധിച്ചുള്ള സമഗ്രമായ അറിവ് കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം നമുക്ക് നൽകുന്നുണ്ട്. വിശ്വാസം പഠിപ്പിക്കാൻ സുനിശ്ചിതമായ ഒരുപാധിയാണ് അതെന്ന് വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ പ്രഖ്യാപിച്ചിട്ടുണ്ട് (*Fidei Depositum 115.117*). സത്യവിശ്വാസം സംരക്ഷിക്കുന്നതിന് ഈ മതബോധനഗ്രന്ഥത്തിന്റെ വ്യാപനം വിശ്വാസവർഷത്തിൽ പ്രോത്സാഹിപ്പിക്കപ്പെടണം. അതുപോലെ തന്നെ യുവാക്കളെ ലക്ഷ്യം വച്ച് തയ്യാറാക്കിയിട്ടുള്ള യുവജന മതബോധനഗ്രന്ഥവും പ്രചരിപ്പിക്കപ്പെടണം. ഇടവകകളിൽ ബഹുമാനപ്പെട്ട വികാരിയച്ചന്മാരും സമർപ്പിതരും ഇക്കാര്യത്തിൽ മുൻകൈയെടുക്കണം എന്ന് അഭ്യർത്ഥിക്കുന്നു. സാധിക്കുന്നവർ ഓരോ പുസ്തകം സ്പോൺസർ ചെയ്താൽ തന്നെ നമ്മുടെ ഓരോ ഇടവകയിലുമുള്ള കുട്ടികൾക്കെല്ലാവർക്കും ആ പുസ്തകം വാങ്ങി കൊടുക്കാൻ കഴിയും.

പരിശുദ്ധപിതാവിന്റെ ആഹ്വാനമനുസരിച്ചും കേരളമെത്രാൻ സമിതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ചും നമ്മുടെ രൂപതയിൽ വിശ്വാസവർഷം ഫലവത്തായി ആചരിക്കാൻ രൂപതാമതബോധന വിഭാഗത്തെയാണ് ഏൽപ്പിച്ചിരിക്കുന്നത്. രൂപതാ മതബോധന ഡയറക്ടറുടെ നേതൃത്വത്തിൽ ഇതിനുവേണ്ട നിർദ്ദേശങ്ങൾ നൽകപ്പെടുന്നതാണ്. വിശ്വാസവർഷത്തെ സൂചിപ്പിക്കുന്ന ഒരു പതാക എല്ലാ ഇടവകദേവാലയങ്ങളിലും സമർപ്പിതഭവനങ്ങളിലും തൂക്കുന്നത് ഉത്തമമാണ്. പതാക രൂപതാ മതബോധനകേന്ദ്രം തയ്യാറാക്കുന്നുണ്ട്. ഒക്ടോബർ 14-ന് ഞായറാഴ്ച എല്ലാ ഇടവക ദേവാലയങ്ങളിലും വിശുദ്ധകുർബാന മദ്ധ്യേ വിശ്വാസവർഷത്തെപ്പറ്റി ബഹുമാനപ്പെട്ട വൈദികർ പ്രസംഗിക്കുകയും

പ്രതീകാത്മകമായി വർഷാചരണത്തിന്റെ ഉദ്ഘാടനം നടത്തുകയും ചെയ്യണം. വിശ്വാസപ്രമാണം ആഘോഷമായി ചൊല്ലിക്കൊണ്ടാണ് ഇത് നിർവ്വഹിക്കേണ്ടത്. കാർമ്മികൻ ചൊല്ലിക്കൊടുക്കുകയും കുർബാന യിൽ പങ്കെടുക്കുന്നവർ അത് ഏറ്റു ചൊല്ലുകയും ചെയ്യുന്ന രീതിയി ലാണ് ഇത് നിർവ്വഹിക്കേണ്ടത്. അതേ ദിവസം തന്നെ എല്ലാ സമർപ്പിത ഭവനങ്ങളിലും കുടുംബങ്ങളിലും യഥാക്രമം സുപ്പീരിയർമാരുടേയും കുടുംബനാഥൻ അഥവാ കുടുംബനാഥയുടെയും നേതൃത്വത്തിൽ ഇപ്ര കാരം ചെയ്യണം. ഇതുപോലെ തന്നെ വർഷാചരണം സമാപിക്കുന്ന 2013 നവംബർ 24 ഞായറാഴ്ചയും ചെയ്യേണ്ടതാണ്.

നമുക്ക് ദാനമായി ലഭിച്ച വിശ്വാസത്തിന് നന്ദി പറയാനും അതിൽ അടിയുറച്ച് നിൽക്കാനും അതിന് സജീവ സാക്ഷ്യം നൽകാനും വിശ്വാസവർഷാചരണം നമുക്ക് ഇടവരുത്തട്ടെ. വിശ്വാസത്തിന്റെ തുറ ക്കപ്പെട്ട വാതിലിലൂടെ അതിന്റെ ആഴങ്ങളിലേയ്ക്ക് പ്രവേശിക്കാൻ സർവ്വശക്തനായ ദൈവം നമ്മെ ശക്തിപ്പെടുത്തട്ടെ. കർത്താവിന്റെ കൃപ നിങ്ങളേവരോടും കൂടി ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2012 ഓഗസ്റ്റ് മാസം 20–ന് നൽകപ്പെട്ടത്.



**+ ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

---

**NB:- ഈ സർക്കുലർ സെപ്റ്റംബർ മാസം 9–ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.**

## വിശ്വാസ സംരക്ഷണം

(ഓഗസ്റ്റ് മാസം ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചതിന്റെ തുടർച്ച)

### എംപറർ എമ്മാനുവൽ ട്രസ്റ്റ്

16. ലോകാവസാനത്തെക്കുറിച്ച് വികലമായ ധാരണകൾ പുലർത്തുന്ന ഇവർ അണികളിൽ അനാവശ്യമായ ഭയം ജനിപ്പിക്കുന്നു. 2010, 2012, 2014, 2020 വർഷങ്ങൾ ലോകാവസാനത്തിന്റെ വർഷങ്ങളായി ഇവർ മാറിമാറി പ്രഖ്യാപിച്ചിട്ടുണ്ട്. വ്യാജ പ്രസ്താവനകളെ ശാസ്ത്രീയ നിഗമനങ്ങളായി അവതരിപ്പിക്കുന്നതിലൂടെ ഒട്ടനവധി വ്യക്തികൾക്കിട യിൽ ഭയവും തെറ്റിദ്ധാരണയും ജനിപ്പിക്കാൻ ഈ പ്രസ്ഥാനം ഇടവരു ത്തുന്നുണ്ട്. ബൈബിളിലെ ലോകാവസാന വിവരണങ്ങളെ ദുർവ്യാഖ്യാനം ചെയ്യുന്നതിൽ ഇവർ പ്രാഗത്ഭ്യം കാട്ടുന്നു. വെളിപാടു സാഹിത്യശൈലിയുടെ പ്രതീകങ്ങളും രൂപകങ്ങളുമുപയോഗിച്ചാണ് സുവിശേഷങ്ങളിൽ ഈശോ ലോകാവസാനത്തെക്കുറിച്ച് പഠിപ്പിക്കു ന്നത് (മത്താ 24; മർക്കോ 13; ലൂക്കാ 21). ലോകസൃഷ്ടിയെക്കുറിച്ചുള്ള ഉൽപത്തി പുസ്തകത്തിലെ വിവരണം അക്ഷരാർത്ഥത്തിലുള്ള വ്യാഖ്യാനത്തിനുള്ളതല്ലാത്തതുപോലെ ലോകാവസാനത്തെക്കുറിച്ചുള്ള വിവരണങ്ങളും അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാനുള്ളതല്ല.

ലോകാവസാനത്തിൽ ഭൂമിമുഴുവൻ കത്തിചാമ്പലാകുമെന്ന് 2പത്രോസ് 3:7-13 ന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുന്നവരുണ്ട്. എന്നാൽ ഇത് പ്രതീകാത്മക വിവരണമാണ്. ഈ വചനഭാഗത്തെ അക്ഷരാർത്ഥ ത്തിൽ വ്യാഖ്യാനിക്കരുതെന്ന് 1452 ൽ രണ്ടാം പീയൂസ് പാപ്പാ പഠി പ്പിച്ചു. ലോകാവസാനത്തിൽ സംഭവിക്കുന്ന ഭീകരസംഭവങ്ങൾക്കല്ല ക്രിസ്തുവിന്റെ രണ്ടാമത്തെ ആഗമനത്തിനാണ് പ്രാധാന്യം കൽപ്പിക്കേ ണ്ടത് എന്നതാണ് സഭയുടെ പ്രബോധനം. ക്രിസ്തുവിന്റെ രണ്ടാമത്തെ വരവോടെ ഈ ലോകം അതിന്റെ ലക്ഷ്യത്തിലെത്തിച്ചേരുന്നു എന്ന താണ് പ്രസക്തമായ വിഷയം. അവൻ എപ്പോൾ വന്നാലും നാം ഒരു ക്കമുള്ളവരായി അവനെ സ്വീകരിക്കുക എന്നതാണ് അടിസ്ഥാനപര മായ ആവശ്യം. അതിനാൽ നാം സദാ ജാഗരൂകരായിരിക്കണം (മർക്കോ 13:37). മിശിഹായുടെ രണ്ടാമത്തെ ആഗമനത്തെ സൂചിപ്പിക്കുന്ന പദം പരുസിയ (Parousia) എന്നതാണ്. വെളിപ്പെടുത്തൽ എന്നാണ് ഈ

പദത്തിന്റെ അർത്ഥം. ക്രിസ്തുവിന്റെ മഹത്വം സമ്പൂർണ്ണമായും ഈ ലോകത്തിനു വെളിപ്പെടുത്തുന്ന അവസരമാണിത്. മറ്റൊരു ഭാഷയിൽ ഈ ലോകത്ത് തന്റെ ദൈവരാജ്യത്തിന്റെ വളർച്ചയ്ക്കായി നിരന്തരം പ്രവർത്തിക്കുന്ന ക്രിസ്തുവിന്റെ മഹത്ത്വവും ദൈവരാജ്യത്തിന്റെ പൂർത്തീകരണവും സംഭവിക്കുന്ന സന്ദർഭമാണ് ദ്വിതീയാഗമനം. രക്ഷാകരമായ ഈ പൂർത്തീകരണത്തിനായി സൃഷ്ടപ്രപഞ്ചം ആകാംഷാപൂർവ്വം കാത്തിരിക്കുകയാണ് (റോമ 8:19-22). ഈ സൃഷ്ടപ്രപഞ്ചം ദൈവമഹത്വത്തിന്റെ പുതിയ ആകാശവും പുതിയ ഭൂമിയുമായി രൂപാന്തരപ്പെടുന്നു. അങ്ങനെ സൃഷ്ടപ്രപഞ്ചം സ്രഷ്ടാവു നിശ്ചയിച്ച ലക്ഷ്യത്തിലെത്തിച്ചേരുന്ന അവസ്ഥയെയാണ് ലോകാവസാനം അഥവാ യുഗാന്തം എന്ന് അർത്ഥമാക്കുന്നത്. ഇതേക്കുറിച്ച് വത്തിക്കാൻ കൗൺസിൽ നടത്തുന്ന പ്രബോധനം ശ്രദ്ധാർഹമാണ്: ലോകത്തിന്റെയും മനുഷ്യരാശിയുടെയും അന്തിമഘട്ടം നമുക്കജ്ഞാതമാണ്. പ്രപഞ്ചരൂപാന്തരത്തിന്റെ ഭാവിസവിശേഷതകളും നമുക്കറിഞ്ഞുകൂടാ. പാപകലുഷിതമായ ലോകത്തിന്റെ ബീഭത്സ രൂപം കടന്നുപോകും. എന്നാൽ നീതി വസിക്കുന്ന പുതിയ വാസസ്ഥലവും പുതിയ ഭൂമിയും നമുക്കായി ദൈവം ഒരുക്കിയിട്ടുണ്ടെന്ന് നമുക്കറിയാം. ആ സൗഭാഗ്യം മനുഷ്യഹൃദയത്തിലുരുവാകുന്ന സമാധാനത്തിനുവേണ്ടിയുള്ള എല്ലാ അഭിലാഷങ്ങളെയും പൂർത്തിയാക്കുകയും അവയെ അതിശയിക്കുകയും ചെയ്യുന്നു. അന്നു ദൈവപുത്രർ മൃത്യുവിനെ ജയിച്ച് ക്രിസ്തുവിലുത്ഥാനം ചെയ്യും. ബലഹീനതയിലും ക്ഷയത്തിലും വിതയ്ക്കപ്പെട്ടവ അക്ഷയത്വത്താൽ അലങ്കരിക്കപ്പെടും. അവിടെ സ്നേഹവും അതിന്റെ പ്രവർത്തനങ്ങളും നിലനിൽക്കുകയും ദൈവം മനുഷ്യനുവേണ്ടി സൃഷ്ടിച്ചവയെല്ലാം വ്യർത്ഥതയുടെ ദാസ്യത്തിൽ നിന്നു സ്വതന്ത്രമാവുകയും ചെയ്യും (സഭ ആധുനികലോകത്തിൽ, 39). ചുരുക്കത്തിൽ തിന്മയായതെല്ലാം അവസാനിപ്പിച്ച് നന്മയുടെ പൂർണ്ണതയായി പ്രപഞ്ചത്തെ ദൈവം രൂപപ്പെടുത്തുന്ന അവസരമാണ് ലോകാവസാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത് (വിശദാംശങ്ങൾക്ക് CCC 668-679 കാണുക).

17. രാജാവായ എമ്മാനുവലിന്റെ ആഗമനം അത്യാസന്നമാണെന്ന് എമ്മാനുവൽ എംപറർ ട്രസ്റ്റ് പഠിപ്പിക്കുന്നു. കർത്താവിന്റെ പെട്ടെന്നുള്ള ആഗമനത്തെ സൂചിപ്പിക്കുന്ന ചില വചനഭാഗങ്ങൾ പുതിയ നിയമത്തിലുണ്ട്: "കർത്താവു വാതിൽക്കൽ എത്തിയിരിക്കുന്നു" (യാക്കോ. 5:9); "എത്തിക്കഴിഞ്ഞു" (ഫിലി 4:5, 1 പത്രോ 4:7,) "ആഗമനം സമീപസ്ഥ

മായി" (ഹെബ്രാ 10:25), "പെട്ടെന്നു വരുന്നു" (വെളി 3:11; 22:7) എന്നീ പദപ്രയോഗങ്ങളെല്ലാം തന്നെ കർത്താവിന്റെ ആഗമനത്തിൽ ആസന്ന സ്വഭാവം വ്യക്തമാക്കുന്നവയാണ്. എന്നാൽ ക്രിസ്തുവിന്റെ പ്രത്യാഗമനം വൈകുന്നത് വിശ്വാസികളെ സന്നിഗ്ദ്ധാവസ്ഥയിലാക്കി. ഇതിനുള്ള പരിഹാരമാണ് പുതിയ നിയമഗ്രന്ഥങ്ങൾ നിർദ്ദേശിക്കുന്നത്.

കർത്താവിന്റെ ആഗമനദിനം ദൈവത്തിനുമാത്രമേ അറിയാനാകൂ (മത്താ 24: 42) എന്നും ദൈവത്തിന്റെ സമയക്രമത്തിൽ ആയിരം വർഷം ഒരു ദിനം പോലെ ഹ്രസ്വകാലമാകയാൽ (2 പത്രോ. 3:8) അവിടുന്ന് വൈകുന്നതിനെക്കുറിച്ച് ആശങ്കപ്പെടേണ്ടതില്ലെന്നും കർത്താവിന്റെ ആഗമനം വൈകുന്നത് സഹനത്തിലൂടെയുള്ള സഭയുടെ വിശുദ്ധീകരണം പൂർത്തിയാക്കുന്നതിനുവേണ്ടിയാണെന്നും (1 തെസ2: 1-2; 2തെസ 2:13) പുതിയനിയമഗ്രന്ഥകർത്താക്കൾ വാദിച്ചു. കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങാനുള്ള അവസരമാണ് കാത്തിരിപ്പിന്റെ കാലമെന്നും വിവിധ പുണ്യങ്ങൾ ഈ കാലഘട്ടത്തിൽ അഭ്യസിക്കണമെന്നും പുതിയ നിയമം അനുശാസിക്കുന്നു. സ്ഥിരത (യാക്കോ 5:8); കാരുണ്യം (5:9); പ്രാർത്ഥനയിലുള്ള ജാഗ്രത (പത്രോ 4:7), വിശ്വസ്തത (ഹെബ്രാ 10:24-25), വിശുദ്ധി (2 പത്രോ 3:11), ക്രിസ്തുവിനു തുല്യമായ ശുദ്ധത (യോഹ 3:2-3) എന്നീ പുണ്യങ്ങൾ അഭ്യസിക്കാൻ ദൈവം തന്ന അവസരമാണ് ഓരോരുത്തരുടെയും മരണം വരെ ലഭിക്കുന്നത്. സ്വന്തം ജീവിതകാലം മുഴുവൻ മാനസാന്തരത്തിനുള്ള അവസരം ലഭിക്കുന്നു എന്നതാണ് യുഗാന്തം വൈകുന്നതിലൂടെ വിശ്വാസിക്കു ലഭിക്കുന്ന നേട്ടം. യുഗാന്തത്തിന്റെ സമയത്തെക്കുറിച്ച് ആശങ്കപ്പെടുകയും ആശങ്കപ്പെടുത്തുകയും ചെയ്യാതെ മേൽപറഞ്ഞ പുണ്യങ്ങൾ അഭ്യസിക്കാൻ ശ്രമിക്കുക എന്നതാണ് വിശുദ്ധ ഗ്രന്ഥം നൽകുന്ന സന്ദേശം.

കർത്താവിന്റെ ആഗമനം എപ്പോഴാണ് എന്നതിന്റെ കൃത്യമായ ഉത്തരം നൽകുന്നത് സഭയുടെ ആരാധനാക്രമമാണ്. "മാറാനാത്ത" (കർത്താവേ, വരേണമേ) എന്ന പ്രാർത്ഥനയാണ് ഡിഡാക്കയിലെ വിശുദ്ധ കുർബാന പ്രാർത്ഥനയിൽ (Eucharistic Prayer) ആവർത്തിക്കുന്നത് (വെളി 22:21). ഈ പ്രാർത്ഥനക്ക് ഓരോ വിശുദ്ധ ബലിയിലും സത്യമായും വ്യക്തിപരമായും പൂർണ്ണമായും സന്നിഹിതനായിക്കൊണ്ട് ക്രിസ്തു ഉത്തരം നൽകുന്നു. ഓരോ വിശുദ്ധ ബലിയിലും ക്രിസ്തുവിന്റെ മഹത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനത്തിന്റെ മുന്നാസ്വാദനമാണ് (CCC 1204). കർത്താവിന്റെ ആഗമനം ആഗ്രഹിക്കുന്നവർ അവിടുന്നു നിശ്ചയിക്കുന്ന മഹത്ത്വപൂർണ്ണമായ ആഗമനം വരെ സഭയിലെ

പരിശുദ്ധ കുർബാനയിലൂടെയുള്ള യേശുവിന്റെ നിത്യമായ ആഗമനം അനുഭവിച്ചു ജീവിക്കണം. സഭയെയും സഭയുടെ കൗദാശിക ജീവിതത്തെയും തള്ളിപ്പറയുന്ന വിഭാഗീയ പ്രസ്ഥാനങ്ങൾ ലോകാവസാനത്തെക്കുറിച്ചും അന്ത്യവിധിയെക്കുറിച്ചും അമിതമായ ആകുലതയും ഉത്കണ്ഠയും ജനങ്ങളിൽ ഉളവാക്കുന്നവരാണ്. എമ്മാനുവൽ എംപറർ പ്രസ്ഥാനം ചെയ്യുന്നത് ഇതുതന്നെയാണ്.

18. എമ്മാനുവൽ എംപററിന്റെ ആഗമനം ഉടനുണ്ടാകും എന്നതിനാൽ സ്വകാര്യ സമ്പത്തും കുടുംബ ജീവിതവുമൊക്കെ ഉപേക്ഷിച്ച് (പ്രസ്ഥാനത്തിന്റെ നേതാക്കളെ ഭരമേൽപ്പിച്ച്) എമ്മാനുവൽ എംപററിന്റെ യുഗത്തിനുവേണ്ടി ഒരുങ്ങണം എന്ന ആഹ്വാനമാണ് ഇതിന്റെ പ്രണേതാക്കൾ നൽകുന്നത്. സ്വകാര്യസ്വത്ത്, കുടുംബജീവിതം, സന്താനോത്പാദനം എന്നീ സാമൂഹിക യാഥാർത്ഥ്യങ്ങൾക്കെതിരായ പ്രബോധനം വഴി വ്യക്തിജീവിതത്തിലും സാമൂഹിക ജീവിതത്തിലും ഈ പ്രസ്ഥാനം പ്രതിസന്ധി സൃഷ്ടിക്കുന്നു.

എമ്മാനുവൽ എംപറർ പ്രസ്ഥാനത്തിന്റെ കൂടാരത്തിലെത്തി ധ്യാനം കൂടിയതിന്റെ ഫലമായി തകർന്നുപോയ കുടുംബജീവിതങ്ങളുടെ അനുഭവകഥകൾ കേരളത്തിന്റെ പല ഭാഗങ്ങളിൽ നിന്നും റിപ്പോർട്ടു ചെയ്യപ്പെട്ടിട്ടുണ്ട്. "ദൈവം യോജിപ്പിച്ച ബന്ധമായ ദാമ്പത്യബന്ധത്തെ" (മത്താ 19:7) പൊട്ടിച്ചെറിഞ്ഞുകളഞ്ഞ് തങ്ങളോടൊത്തു വരാൻ ആഹ്വാനം ചെയ്യുന്ന ഈ പ്രസ്ഥാനം വിശ്വാസജീവിതത്തിൽ മാത്രമല്ല സാമൂഹിക കുടുംബ, സദാചാര മേഖലകളിലും പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. ഇവരുടെ കൂടാരത്തിനുചുറ്റും ഒളിക്യാമറകൾ സ്ഥാപിച്ച് സമീപവാസികളുടെ പോലും ചലനങ്ങൾ സദാ നിരീക്ഷണവിധേയമാക്കുന്നതും സമീപത്തെ പഞ്ചായത്തു റോഡിലൂടെ വഴി നടക്കുന്ന ആളുകളെപ്പോലും ചോദ്യം ചെയ്യുന്നതും ഇവരുടെ പ്രവർത്തനങ്ങളിലെ സുതാര്യതയില്ലായ്മയെ സംശയദൃഷ്ടിയോടെ വീക്ഷിക്കാൻ ഇടവരുത്തുന്നു.

19. തങ്ങൾ നിർമ്മിച്ചിരിക്കുന്ന കൂടാരത്തിൽ ആദ്യമെത്തുന്ന 1,44,000 പേർ മാത്രമേ രക്ഷപ്പെടുകയുള്ളു എന്നും മറ്റെല്ലാവരും എമ്മാനുവലിന്റെ ആഗമനത്തിൽ നശിച്ചുപോകും എന്നുമുള്ള ചിന്തയാണ് ഇവർ പ്രചരിപ്പിക്കുന്നത്. വെളി 7:3-4; 14:3-5 എന്നീ വചനഭാഗങ്ങളെ ആധാരമാക്കിയാണ് ഇത്തരം അബദ്ധങ്ങൾ ഇവർ പ്രചരിപ്പിക്കുന്നത്.

ബൈബിളിലെ സെമിറ്റിക് സംഖ്യാശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ വേണം 1,44,000 എന്ന സംഖ്യയെ വിശദീകരിക്കാൻ 12 X12

x1000=1,44,000 എന്ന് മനസിലാക്കാൻ പ്രയാസമില്ല. 12, 1000 എന്നിവ പൂർണ്ണസംഖ്യകളാണ്. ഇവയുടെ ഗുണിതമാകട്ടെ സമ്പൂർണ്ണതയെ സൂചിപ്പിക്കുന്നു. തന്മൂലം സമസ്ത വിശ്വാസികളെയും (സഭയെ) സൂചിപ്പിക്കുന്ന സംഖ്യയാണ് 1,44,000 എന്നു കരുതാം. ഈ സംഖ്യയെ അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിക്കാനാവില്ലെന്ന് വെളിപാട് വിവരണം തന്നെ സൂചന തരുന്നുണ്ട്. കാരണം അക്ഷരാർത്ഥത്തിൽ വ്യാഖ്യാനിച്ചാൽ രണ്ടു സമസ്യകൾക്കു ഉത്തരം കണ്ടെത്താനാവില്ല (1) ഓരോ യഹൂദ ഗോത്രത്തിൽ നിന്നും 12000 വീതം ആളുകൾ മാത്രമേ രക്ഷപ്പെന്നുള്ളു. യഹൂദരല്ലാത്തവർ (എമ്മാനുവൽ എംപറർ വിഭാഗക്കാരുൾപ്പെടെയുള്ളവർ) രക്ഷപ്പെടുകയില്ലെന്ന് വ്യാഖ്യാനിക്കേണ്ടിവരും.; (2) ഓരോ യഹൂദ ഗോത്രത്തിൽ നിന്നുമുള്ള "പുത്രന്മാർ" (Huioi) മാത്രമേ രക്ഷപ്പെടുകയുള്ളു, സ്ത്രീകളാരും രക്ഷിക്കപ്പെടുകയില്ല എന്നു സമ്മതിക്കേണ്ടിവരും.

1,44,000 ആളുകൾ മാത്രമല്ല സ്വർഗ്ഗത്തിലെത്തുന്നത് എന്നതിന്റെ ഏറ്റവും പ്രകടമായ സാക്ഷ്യം വെളി 7:9-10 ൽ വിവരിക്കുന്ന ആർക്കും എണ്ണിത്തിട്ടപ്പെടുത്താനാവാത്ത ജനസഞ്ചയത്തിന്റെ വിവരണമാണ്. ലോകത്തിലെ സകല ജനപദങ്ങളിലും ഗോത്രങ്ങളിലും രാജ്യങ്ങളിൽ നിന്നും ഭാഷകളിൽ നിന്നും വന്ന ഇവർ വെള്ളയങ്കിയണിഞ്ഞ് കുരുത്തോലയുമായി കുഞ്ഞാടിന്റെ മുമ്പിൽ സ്തുതി പാടുന്നതായാണ് ഗ്രന്ഥകാരൻ ചിത്രീകരിക്കുന്നത്. ഇവർ രക്ഷപ്രാപിച്ചവരാണെന്നു വ്യക്തം. കുഞ്ഞാടിന്റെ രക്തത്തിൽ തങ്ങളുടെ വസ്ത്രം കഴുകിയിട്ടുള്ളവർ ലോകമാസകലമുള്ള സഭയിലെ വിശ്വാസികളാണെന്ന് (യഹൂദരല്ലാത്ത വിശ്വാസികൾ) വ്യക്തം. ചുരുക്കത്തിൽ 1,44,000 എന്ന സംഖ്യയിലൂടെയും അസംഖ്യം വരുന്ന ജനപദത്തിന്റെ വിവരണത്തിലൂടെയും സഭയെയാണ് യോഹന്നാൻ പ്രതീകവത്ക്കരിക്കുന്നത്. അതിനാൽ ചെറിയ അജഗണമാകാൻ, 1,44,000 ൽ അംഗമാകാൻ, എമ്മാനുവൽ എംപറർ പ്രസ്ഥാനത്തിൽ അംഗമാകുകയല്ല വേണ്ടത്. മറിച്ച്, സത്യ വിശ്വാസം പാലിച്ച്, ക്രിസ്തു തന്റെ രക്തത്താൽ വീണ്ടെടുത്ത തിരുസഭയിൽ നിലനിൽക്കുകയാണ് വേണ്ടത്.

**കേരളത്തിലെ ആധുനിക പെന്തക്കോസ്തു വിഭാഗങ്ങൾ**

20. മാർട്ടിൻ ലൂഥറും കൂട്ടരും കത്തോലിക്കാസഭയിൽ നിന്നും വിഘടിച്ച് പ്രൊട്ടസ്റ്റന്റ് സഭയ്ക്ക് ജന്മമേകി. വിശ്വാസത്താൽമാത്രം രക്ഷ, വിശുദ്ധ ഗ്രന്ഥം മാത്രമേ രക്ഷയ്ക്കാധാരമായുള്ളൂ, വിശുദ്ധരുടെയും മാലാഖമാരുടെയും മാധ്യസ്ഥ്യം ആവശ്യമില്ല തുടങ്ങിയ കാര്യങ്ങളി

ലുറച്ചുനിന്ന് അവർ പുതിയ പ്രബോധനങ്ങളേകി. പ്രൊട്ടസ്റ്റന്റ് സഭയിൽ നിന്നും ധാരാളം സഭാവിഭാഗങ്ങൾ പിളർപ്പിലൂടെയുണ്ടായി. ഇങ്ങനെ ആയിരക്കണക്കിന് ക്രിസ്ത്യൻസമൂഹങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിലുണ്ടായി. ഇവയ്ക്ക് വ്യക്തമായ തത്ത്വസംഹിതകളോ അടിസ്ഥാന സ്വഭാവവിശേഷങ്ങളോ വ്യക്തമായ നേതൃത്വമോ ഇല്ല. പ്രൊട്ടസ്റ്റന്റ് സഭകളിൽനിന്നും ആത്മീയ ഉണർവ്വ് സംഘങ്ങൾ എന്ന ലേബലിൽ ധാരാളം പെന്തക്കോസ്ത് ഗ്രൂപ്പുകൾ ഉണ്ടായിട്ടുണ്ട്. ഓരോ പെന്തക്കോസ്ത് ഗ്രൂപ്പും പൂർണ്ണമായും സ്വതന്ത്രഗ്രൂപ്പാണ്. ഏതെങ്കിലും നിയന്ത്രണമോ ഭരണസംവിധാനമോ ഇവർക്കില്ല. പരിശുദ്ധാരൂപിയാൽ നേരിട്ട് നയിക്കപ്പെടുന്നവർ എന്ന നിലയിൽ ഇവർ പ്രവർത്തിക്കുന്നു. ഇവർ തങ്ങളുടെ ഇന്ദ്രിയ വൈകാരികാനുഭവങ്ങൾക്ക് കൂടുതൽ പ്രാധാന്യം കല്പിക്കുന്നു. ഇവർ പരിശുദ്ധാത്മാവിന്റെ അഭിഷേകം അഥവാ പെന്തക്കോസ്ത് അനുഭവം ലഭിച്ചതായി അവകാശപ്പെടാറുണ്ട്. കേരളത്തിൽ അടുത്തകാലത്തു രൂപംകൊണ്ട പല വിഘടിത വിഭാഗങ്ങളും പെന്തക്കോസ്തു തത്ത്വങ്ങൾ അനുധാവനം ചെയ്യുന്നവരാണ്. കണ്ണൂർ ജില്ലയിലെ പുളിങ്ങോം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ആത്മാഭിഷേക സഭ (Church of eternity), കോട്ടയത്ത് 1997 ൽ ആരംഭിച്ച സ്വർഗ്ഗീയവിരുന്ന്, കാഞ്ഞിരപ്പള്ളിയിൽ ആരംഭിച്ചതും വിവിധ സ്ഥലങ്ങളിൽ വിവിധ പേരുകളിൽ അറിയപ്പെടുന്നതും (അപ്പർ റൂം, കോർണർ സ്റ്റോൺ, ജീസസ് ക്രിസ്ത്യൻ കമ്യൂണിറ്റി, പവർ ഫെലോഷിപ്പ്, ബെഥേൽ കമ്മ്യൂണിറ്റി) ഉടമ്പടിയുടെ ജനത (കവനന്റ് പീപ്പിൾ) എന്ന് സ്വയം വിശേഷിപ്പിക്കുന്നതുമായ വിഭാഗം എന്നിവ ഇക്കൂട്ടത്തിൽ പെടുന്നവയാണ്. ഈ വിഭാഗങ്ങൾ പൊതുവിൽ ഉന്നയിക്കുന്ന വാദഗതികൾ സഭയുടെ പരമ്പരാഗത വിശ്വാസസത്യങ്ങൾക്കു വിരുദ്ധമാണ്.

21. പ്രായഭേദമെന്യേ (ശിശുക്കൾക്കും) മാമ്മോദീസ നൽകുന്ന കത്തോലിക്കാ വിശ്വാസത്തെ ഇക്കൂട്ടർ എതിർക്കുന്നു. സഭയുടെ പ്രാരംഭം മുതൽ ശിശുക്കളെ സ്നാനപ്പെടുത്തിയിരുന്നു എന്നതിന് വേണ്ടുവോളം സൂചനകൾ പുതിയ നിയമത്തിലുണ്ട്. സ്തേഫാനോസ് (1കോറി 1:16), കൊർണേലിയൂസ് (അപ്പ 10:1–11, 18), ലിദിയ (അപ്പ.18:8) എന്നിങ്ങനെ പലരുടെയും കുടുംബങ്ങൾ ജ്ഞാനസ്നാനപ്പെട്ട വിവരം പുതിയനിയമത്തിലുണ്ടല്ലോ. പ്രസ്തുത കുടുംബങ്ങളിലെ കുഞ്ഞുങ്ങളെയും സ്നാനപ്പെടുത്തിയിരുന്നു എന്നു തീർച്ചയാണ്. 1 കോറി 7:14; മത്താ 16:18; അപ്പ 2:39 എന്നീ വേദഭാഗങ്ങളും കാണുക. അപ്പ. 2:19 ന്റെ

ഒരു പുരാതന പാഠഭേദം (Westren Text) "വാഗ്ദാനം നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും ഉള്ളതാണല്ലോ" എന്നാണ്.

യേശു കൈകൾ വെച്ച് അനുഗ്രഹിക്കേണ്ടതിന് (മാതാപിതാക്കന്മാർ) ശിശുക്കളെ യേശുവിന്റെ പക്കൽ കൊണ്ടുവന്ന കഥ ആദ്യത്തെ മൂന്നു സുവിശേഷകന്മാരും രേഖപ്പെടുത്തിയിട്ടുണ്ട് (മത്താ 19:13-15; മർക്കോ 10:19, 16; ലൂക്ക 18:15-17). ഇവിടെ യേശു നിർവ്വഹിക്കുന്നത് സാധാരണ നിലയിലുള്ള അനുഗ്രഹം നൽകലല്ല യേശു കൈകൾ വച്ച് പ്രാർത്ഥിച്ച് "സ്വർഗ്ഗരാജ്യത്തിന്റെ അനുഗ്രഹം" (മത്താ 19:13-15) ശിശുക്കൾക്കും നൽകി. യേശു ശിശുക്കളുടെമേൽ കൈകൾ വച്ച് അവർക്ക് നൽകിയത് സ്വർഗ്ഗരാജ്യാനുഗ്രഹമാണെന്ന് മൂന്നു സുവിശേഷകന്മാരും സാക്ഷിക്കുന്നു. മാമ്മോദീസ സ്വർഗ്ഗരാജ്യത്തിന്റെ പ്രഥമ അനുഗ്രഹമാണ്. "ശിശുക്കൾ എന്റെ അടുത്തുവരാൻ അനുവദിക്കുവിൻ. അവരെ തടയരുത്. എന്തെന്നാൽ ദൈവരാജ്യം അവരെപ്പോലെയുള്ളവരുടെതാണ്" എന്ന യേശുവചനം മൂന്നു സുവിശേഷങ്ങളിലുമുണ്ട് (മർക്കോ 10:14; മത്താ 19:13-15; ലൂക്ക 18:16). "തടയരുത്" (തടയുക) എന്ന ക്രിയാപദം പുതിയ നിയമത്തിൽ ജ്ഞാനസ്നാനത്തോട് ബന്ധപ്പെട്ടതാണ് (അപ്പ 10:13-16; മത്ത 3:13-14). മാതാപിതാക്കന്മാരോ തത്സ്ഥാനീയരോ കൊണ്ടുവന്നിരുന്ന ശിശുക്കൾക്ക് സ്നാനം നൽകി ദൈവരാജ്യാനുഗ്രഹം സംലഭ്യമാക്കാൻ പുതിയ നിയമസഭ ശ്രദ്ധിച്ചിരുന്നു.

നാലാം നൂറ്റാണ്ടിൽ സഭയിൽപ്പെട്ട ചുരുക്കം ചിലർ സ്നാനം നീട്ടി വയ്ക്കുന്ന ഒരു സമീപനം സ്വീകരിച്ചിരുന്നു. അങ്ങനെ ചെയ്തത് ശിശുസ്നാനത്തെ എതിർത്തതുകൊണ്ടല്ല. സ്നാനം സ്വീകരിച്ചതിനു ശേഷം ചെയ്യുന്ന ഗൗരവപൂർണമായ പാപങ്ങൾക്ക് കൽപ്പിച്ചിരുന്ന സുദീർഘവും കഠിനവുമായ പ്രായശ്ചിത്തങ്ങൾ ഒഴിവാക്കാനുള്ള മാർഗമെന്ന നിലയ്ക്കാണ് പാപപ്രേരണ കുറയുന്ന പ്രായത്തിൽ സ്നാനം സ്വീകരിക്കാമെന്നു ചിലർ കരുതിയത്. പക്ഷേ അവർ പോലും ശിശുസ്നാനത്തിനുവേണ്ടി ശക്തിയുക്തം നിലകൊണ്ടു. 17-ാം നൂറ്റാണ്ടിൽ പിറന്ന "വീണ്ടും സ്നാന" പ്രസ്ഥാനക്കാരുടെ (അനാബാപ്റ്റിസ്റ്റുകാരുടെ) പിൻഗാമികൾ (ഉദാ. പെന്തക്കോസ്തു വിഭാഗങ്ങൾ) ഒഴികെ എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ശിശുക്കളെ സ്നാനപ്പെടുത്തുന്ന ആദിമ സഭാ പാരമ്പര്യമാണ് ഇന്നും തുടരുന്നത്.

സ്നാനത്തിന് പ്രായവും ബുദ്ധിപരമായ അറിവും മാനദണ്ഡമാക്കിയാൽ, ബുദ്ധിപരമായി വൈകല്യമുള്ളവരെ സ്നാനപ്പെടുത്താൻ സാധിക്കയില്ലല്ലോ? സ്നാനത്താലുള്ള വീണ്ടും ജനനം ഉന്നതത്തിൽനിന്നു

ള്ളതാണ്. ദൈവകൃപയുടെ പ്രവൃത്തിക്ക് നമ്മുടെ സഹകരണം ആവശ്യ മാണെങ്കിലും നമ്മുടെ അറിവും പ്രായവും പരിഗണിച്ച് ലഭിക്കുന്നതോ അവയാൽ നേടിയെടുക്കാവുന്നതോ അല്ല. വിശ്വാസം നിമിത്തമുള്ള കൃപ സ്വീകരിക്കാൻ സ്വീകർത്താവുതന്നെ വിശ്വസിക്കണമെന്ന് എല്ലാ യ്പ്പോഴും നിർബന്ധമില്ല. മറ്റുള്ളവരുടെ വിശ്വാസത്തിൽ രക്ഷ ലഭിച്ച അനേകരുടെ കഥകൾ ബൈബിളിലുണ്ട്. ചില ഉദാഹരണങ്ങൾ: തളർവാതരോഗി (മർക്കോ 2:5, മത്താ 9:2, ലൂക്ക 5:29) ശതാധിപന്റെ സേവകൻ (മത്ത. 8: 5-13; ലൂക്ക 7:11) പിശാചുബാധിതനായ ബാലൻ (മർക്കോ 9:17-27; ലൂക്ക 9: 27-43) എന്നിവർ ബന്ധുക്കളുടെയോ പ്രിയ പ്പെവരുടെയോ വിശ്വാസം നിമിത്തം രക്ഷിക്കപ്പെട്ടവരാണ്. ഈ സത്യം പൗലോസും എഴുതുന്നുണ്ട് (1 കോറി 7-15). ശിശുക്കളെ സ്നാനത്തിന് സമർപ്പിക്കുമ്പോൾ മാതാപിതാക്കന്മാരുടെയും തത്സ്ഥാനിയരുടെയും ബന്ധുക്കളുടെയും മറ്റു പ്രിയപ്പെട്ടവരുടെയും എല്ലാറ്റിനുമുപരി സഭയു ടെയും വിശ്വാസം ശിശുക്കൾക്കുവേണ്ടി ഫലവത്തായിത്തീരുന്നു (വിശദാംശങ്ങൾക്ക് CCC 1229-1272 കാണുക).

22. പരിശുദ്ധ മറിയത്തിന്റെ നിത്യകന്യാത്വം എന്ന വിശ്വാസ സത്യത്തെ വചനവിരുദ്ധമായി ഇവർ കാണുന്നു. എന്നാൽ പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള സഭാപ്രബോധനങ്ങൾ വചനത്തിലും സഭാ പാരമ്പര്യത്തിലും അധിഷ്ഠിതമാണ്. സകലതലമുറകളാലും ഭാഗ്യ വതി എന്നു വിശേഷിപ്പിക്കപ്പെടാൻ ദൈവം പരിശുദ്ധ മറിയത്തിനു വരം കൊടുത്തു. (ലൂക്ക 1: 51). രക്ഷാകരചരിത്രത്തിന്റെ പ്രാരംഭ ത്തിൽ പിശാചിന്റെ തല തകർക്കാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട സ്ത്രീയാണവൾ (ഉല്പ. 3:15). നന്മനിറഞ്ഞവളായി ദൈവം കണ്ടെ ത്തിയവളും (ലൂക്ക 1:35) വിശ്വസിക്കുന്ന സകലർക്കും അമ്മയായി ക്രിസ്തുനാഥൻ തന്നെ അന്ത്യസമ്മാനമായി നൽകിയവളുമാണ് മറിയം (യോഹ 19:25-27). തന്മൂലം പരിശുദ്ധ മറിയത്തെ അപമാനിക്കുന്ന സഭാ വിരുദ്ധർ ചേർന്നു നടത്തുന്ന ആരോപണങ്ങൾ വചനവിരുദ്ധവും വിഡ്ഢിത്തവുമാണ്. പരിശുദ്ധ കന്യാമറിയത്തിന്റെ മക്കളെക്കുറിച്ച് മർക്കോ 6:3 നെ ആധാരമാക്കി ചിലർ പറയുന്നു. യാക്കോബ്, യോസെ, ശിമയോൻ, യൂദാ എന്നീ സഹോദരങ്ങൾ എന്ന സുവിശേഷ പരാമർശം ഈ വ്യക്തികൾ മറിയത്തിന്റെ മക്കളാണെന്നതിനു സ്പഷ്ടമായ തെളി വാണത്രെ. എന്നാൽ വേദപുസ്തകം ശ്രദ്ധാപൂർവ്വം വായിച്ചിരുന്നെങ്കിൽ ഇത്തരം അബദ്ധം പിണയില്ലായിരുന്നു. യേശുവിന്റെ കുരിശിൻ ചുവ ട്ടിൽ അവന്റെ അമ്മയായ മറിയത്തോടൊപ്പം യാക്കോബ്, യോസെ

എന്നിവരുടെ അമ്മയായ മറിയവും (മർക്കോ 19:40) നിന്നിരുന്നതായി സുവിശേഷകൻ സാക്ഷ്യപ്പെടുത്തുന്നു. യാക്കോബും യോസെയും പരിശുദ്ധ കന്യാമറിയത്തിന്റെ മക്കളല്ല എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇവിടെ പരാമർശിക്കപ്പെടുന്ന യാക്കോബിന്റെ സഹോദരനാണ് യൂദാ (യൂദാസ് എഴുതിയ ലേഖനം, വാക്യം 1) ഗലാത്തിയ ലേഖനം 1:18-19 നെ ആധാരമാക്കി കർത്താവിന്റെ സഹോദരനും അപ്പസ്തോലനുമായ യാക്കോബ് ഹൽപ്പെയുടെ പുത്രനായ യാക്കോബ് (മർക്കോ 3:13-19) ആണ് എന്ന് അനുമാനിക്കാം. ചുരുക്കത്തിൽ യേശുവിന്റെ സഹോദരങ്ങളായി വിശേഷിപ്പിക്കപ്പെട്ടവരാരും പരിശുദ്ധ കന്യാമറിയത്തിന്റെ മക്കളല്ല. മറിച്ച് മറിയത്തിന്റെയും യൗസേപ്പിന്റെയും കുടുംബ ബന്ധുക്കളുടെ മക്കളാണെന്ന് വിശുദ്ധഗ്രന്ഥം തന്നെ സാക്ഷ്യപ്പെടുത്തുന്നു.

മത്താ. 1:25 ൽ "പുത്രനെ പ്രസവിക്കുന്നതുവരെ അവളെ അവൻ അറിഞ്ഞില്ല" എന്ന വാക്യത്തെയും പരിശുദ്ധ മറിയത്തിന്റെ നിത്യകന്യാത്വത്തിനുള്ള നിഷേധകുറിപ്പായാണ് ചിലർ മനസിലാക്കുന്നത്. യവന കാലഘട്ടത്തിലെ ഭാഷാശൈലിയെക്കുറിച്ചുള്ള അജ്ഞതയാണ് ഇവിടെ അവർ വെളിവാക്കുന്നത്. 'അതുവരെ' എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന "ഹെയോസ്" എന്ന ഗ്രീക്കുപദത്തിന് "അതിനുശേഷം വിപരീതമായതു സംഭവിച്ചു" എന്ന ധ്വനിയില്ല. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക: 2 സാമു 6:23 ൽ സാവൂളിന്റെ പുത്രി മിഷേൽ മരണം വരെ (ഹെയോസ്) സന്താനരഹിതയായിരുന്നു എന്നു പറഞ്ഞിരിക്കുന്നതിന് മരിച്ചതിനുശേഷം സന്താനഭാഗ്യമുണ്ടായി എന്ന് അർത്ഥമില്ലല്ലോ. ഏശ. 46:4; സങ്കീ 110:1 എന്നിവിടങ്ങളിലും "ഹെയോസ്" എന്ന പദത്തിന്റെ സമാന ഉപയോഗം കാണാം. എമ്മാവൂസ് ശിഷ്യന്മാരോട് ക്രിസ്തു ചോദിച്ച ചോദ്യം തന്നെയാണ് പന്തക്കുസ്താ വിഭാഗക്കാരോട് ചോദിക്കാനുള്ളത്. "വിശ്വസിക്കാനാവാത്ത വിധം ഹൃദയം മന്ദീഭവിച്ചു പോയതുകൊണ്ടല്ലേ നിങ്ങൾക്കു തെറ്റുപറ്റിയത്" (ലൂക്ക 14:25). കുരിശിൻ ചുവട്ടിൽ ഏകാകിനിയായി നിന്ന മറിയത്തെ യേശു പ്രിയ ശിഷ്യനായ യോഹന്നാനെ ഭരമേൽപ്പിക്കുന്നതിൽ നിന്നു തന്നെ (യോഹ 19:25-27) മറിയത്തിനു മറ്റു മക്കളില്ല എന്നു വ്യക്തമാണല്ലോ. സഭാ പാരമ്പര്യവും ഈ സത്യത്തെ അഭംഗുരം സാക്ഷ്യപ്പെടുത്തുന്നുണ്ട്. (വിശദാംശങ്ങൾക്ക് CCC 502-507 കാണുക).

23. ശുദ്ധീകരണസ്ഥലത്തെക്കുറിച്ചുള്ള സഭാ പ്രബോധനത്തെയും മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളുടെ പ്രസക്തിയെയും ഇവർ ചോദ്യം ചെയ്യുന്നു. ശുദ്ധീകരണ സ്ഥലം കത്തോലിക്കാവിശ്വാ

സത്തിന്റെ ഭാഗമാണ്. മരണാവസ്ഥയിൽ ദൈവത്തോട് ഐക്യത്തിൽ കഴിയുന്നവരെങ്കിലും പാപത്തിന്റെ കെട്ടുപാടുകളിൽ നിന്ന് പൂർണ്ണമായും വിമുക്തരല്ലാത്തവർക്ക് പൂർണ്ണമായ ശുദ്ധീകരണം പ്രാപിച്ചതിനുശേഷമേ ദൈവസന്നിധിയിൽ പ്രവേശിക്കാൻ കഴിയുകയുള്ളൂ എന്ന വിശ്വാസമാണ് ശുദ്ധീകരണസ്ഥലം എന്ന ആശയത്തിന്റെ അടിസ്ഥാനം. ജീവിച്ചിരിക്കുന്നവർക്ക് ഇക്കാര്യത്തിൽ മരിച്ചവരെ സഹായിക്കാൻ കഴിയും. തന്മൂലം ശുദ്ധീകരണസ്ഥലമെന്നത് ഒരു വ്യക്തിയുടെ മരണത്തിനും സ്വർഗ്ഗപ്രവേശനത്തിനും മദ്ധ്യേയുള്ള ഒരവസ്ഥയായി കണക്കാക്കപ്പെടുന്നു.

വിശുദ്ധ ഗ്രന്ഥത്തിൽ ശുദ്ധീകരണാവസ്ഥയെ സാധൂകരിക്കുന്ന സൂചനകളുണ്ട്. 2 മക്ക 12: 18-46; മത്താ 5:26 ഭാഗങ്ങൾ ഈ വിശ്വാസത്തിന് ഉപോത്ബലകമായി ഉദ്ധരിക്കാറുണ്ട്. "മരിച്ചവർക്ക് പാപമോചനം ലഭിക്കുന്നതിനുവേണ്ടി അവൻ (യൂദാസ് മക്കബായൻ) പാപപരിഹാര കർമ്മം അനുഷ്ഠിച്ചത്" (2 മക്ക 12:46). മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് വിശുദ്ധ ഗ്രന്ഥാധിഷ്ഠിതമാണെന്ന് ഇതിൽ നിന്ന് വ്യക്തമാണല്ലോ. പരിശുദ്ധാത്മാവിനെ ദൂഷണം പറയുന്നവരോട് ഈ യുഗത്തിലോ വരാനിരിക്കുന്ന യുഗത്തിലോ ക്ഷമിക്കപ്പെടുകയില്ലെന്ന് സത്യം തന്നെയായവൻ പറയുന്നു. ചില കുറ്റങ്ങൾ ഈ യുഗത്തിൽ ക്ഷമിക്കപ്പെടാമെന്നും ഈ വാചകത്തിൽ നിന്ന് നാം മനസിലാക്കുന്നു (മത്താ. 12:31).

ജീവിച്ചിരിക്കുന്നവരും മരിച്ചവരും തമ്മിൽ സജീവമായ ഒരു ബന്ധം നിലനിൽക്കുന്നുവെന്ന ബോധ്യവും (പുണ്യവാന്മാരുടെ ഐക്യം) മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കാൻ ക്രൈസ്തവർക്ക് പ്രചോദനമായിത്തീർന്നു. ആരംഭകാലം മുതൽ സഭ മരിച്ചവരുടെ അനുസ്മരണം ആദരിക്കുകയും അവർക്കുവേണ്ടി പരിഹാരപ്രാർത്ഥനകൾ സർവ്വോപരി ദിവ്യബലി അർപ്പിക്കുകയും ചെയ്തിരുന്നു. മരിച്ചവർക്കുവേണ്ടിയുള്ള ധർമ്മദാനം, പ്രായശ്ചിത്ത പ്രവൃത്തികൾ എന്നിവയും സഭ പ്രോത്സാഹിപ്പിക്കുന്നു. 1 മക്ക 12:39-46 ൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിനെക്കുറിച്ചുള്ള വ്യക്തമായ സൂചനയുണ്ട്. മരണവക്ത്രത്തിലായ ഒനേസിഫോസിനു വേണ്ടി പൗലോസ് പ്രാർത്ഥിക്കുന്നുണ്ട് (2 തിമോ1:16-18). മരിച്ചവർക്കുവേണ്ടിയുള്ള ജ്ഞാനസ്നാനം എന്നു പൗലോസ് വിവക്ഷിക്കുന്നത് (1 കോറി 15:29) "മരിച്ചവരുടെ രക്ഷയ്ക്കുവേണ്ടി ജീവിച്ചിരുന്നവർ അനുഷ്ഠിച്ചിരുന്ന പ്രാർത്ഥനാകർമ്മങ്ങളെയാണ്. നരകത്തിൽ പോയവർ ആരൊക്കെ എന്നതിനെക്കുറിച്ച്

നമുക്ക് തീർപ്പു കൽപ്പിക്കാൻ കഴിയാത്തതുകൊണ്ട് സകല മരിച്ച വർക്കുംവേണ്ടി പ്രാർത്ഥിക്കാനുള്ള അവകാശവും കടമയും വിശ്വാസി കൾക്കുണ്ട് (വിശദാംശങ്ങൾക്ക് CCC 1030–1032; 1474–1477 കാണുക).

24. തിരുസഭയിലെ കൂദാശകളിൽ മാമ്മോദീസാ ഒഴികെയുള്ള മറ്റൊന്നിനെയും അവർ അംഗീകരിക്കുന്നില്ല. കുമ്പസാരം, വി.കുർബാന, സ്ഥൈര്യലേപനം, തിരുപ്പട്ടം തുടങ്ങിയ കൂദാശകളെക്കുറിച്ചുള്ള സഭാ പ്രബോധനങ്ങൾ ഇവർ നിഷേധിക്കുന്നു. വി. കുർബാനയിലെ ഈശോ യുടെ യഥാർത്ഥ സാന്നിധ്യം ഇവർ നിഷേധിക്കുന്നു. പകരം വിശുദ്ധ കുർബാനയെ കേവലമൊരു ഭക്ഷണക്കൂട്ടായ്മയായി മാത്രം കരുതുന്ന വരാണിവർ. ഉദാഹരണമായി, സ്വർഗ്ഗീയ വിരുന്നിലെ അംഗങ്ങൾ ഞായറാഴ്ചയാചരണത്തിന്റെ ഭാഗമായി അപ്പവും വീഞ്ഞും സമൃദ്ധ മായി ഉപയോഗിച്ച് വിരുന്നു നടത്തുന്ന പതിവാണുള്ളത്. മറ്റു പെന്ത ക്കോസ്തൽ സഭകളുടെയും നിലപാട് ഇതുതന്നെയാണ്. കൂദാശകളി ലൂടെയുള്ള വരപ്രസാദത്തിനു പകരം ഭാഷാവരം, രോഗശാന്തിവരം, പ്രവചനവരം തുടങ്ങിയ പരിശുദ്ധാത്മ വരദാനങ്ങൾക്കാണ് ഇവർ കൂടു തൽ പ്രാധാന്യം നൽകുന്നത്. പരിശുദ്ധാത്മാവുമായി നേരിട്ട് സമ്പർക്ക മുള്ളവരാകയാൽ തങ്ങൾക്ക് കൂദാശകൾ ആവശ്യമില്ല എന്ന നിലപാ ടാണ് ഇവർ പൊതുവിൽ സ്വീകരിക്കുന്നത്. യേശു മാത്രമാണ് ഏക പുരോഹിതനെന്നും യേശുവിന്റെ ബലി ആവർത്തിക്കാനാവില്ല എന്നു മുള്ള വാദത്തോടെ കത്തോലിക്കാ പൗരോഹിത്യത്തെയും വിശുദ്ധ കുർബാന അർപ്പണത്തെയും ഇവർ ചോദ്യം ചെയ്യുന്നു. നിത്യപുരോ ഹിതനായ യേശുവിന്റെ ഏക പൗരോഹിത്യത്തിൽ പങ്കുചേരുന്നതാണ് ശുശ്രൂഷാ പൗരോഹിത്യമെന്നും കുരിശിലെ ബലിയുടെ ചരിത്രപരമായ ആവർത്തനമല്ല കൗദാശികമായ ആവർത്തനമാണ് വിശുദ്ധ കുർബാന എന്നുമുള്ള സഭാപ്രബോധനങ്ങളെ (വിശദാംശങ്ങൾക്ക് CCC 1358–1381 കാണുക). ഇവർ കണ്ടില്ലെന്നു നടിക്കുകയാണ്.

25. വിശുദ്ധരുടെയും മാലാഖമാരുടെയും മാദ്ധ്യസ്ഥത്തെക്കുറിച്ച് കത്തോലിക്കാസഭയുടെ വിശ്വാസം ഇവർ ചോദ്യം ചെയ്യുന്നു. എന്നാൽ, വിശുദ്ധർക്കും മാലാഖമാർക്കും ദൈവസന്നിധിയിലുള്ള മാദ്ധ്യസ്ഥ ശക്തിയെക്കുറിച്ച് വിശുദ്ധ ഗ്രന്ഥവും സഭാപാരമ്പര്യവും സാക്ഷ്യപ്പെ ടുത്തുന്നുണ്ട്. റഫായേൽ മാലാഖ തോബിത്തിനോട് പറയുന്നത് ശ്രദ്ധി ക്കുക: "നീ പ്രാർത്ഥിച്ചപ്പോൾ......ഞാനാണ് അത് ദൈവസന്നിധിയിൽ സമർപ്പിച്ചത് (തോബി 12:12). സ്വർഗ്ഗവാസികൾ വിശുദ്ധരുടെ (വിശ്വാ സികളുടെ) പ്രാർത്ഥനകൾ സിംഹാസനസ്ഥനായ ദൈവത്തിനു മുന്നിൽ

സമർപ്പിക്കുന്നതായി വെളിപാടുഗ്രന്ഥവും (5:6-8, 6:9-11, 8:3-4) ആവർത്തിച്ചു വ്യക്തമാക്കുന്നുണ്ട്. ഏക മദ്ധ്യസ്ഥനായ യേശുവിന്റെ (1 തിമോ 2:5) യോഗ്യതയാലും അവിടുത്തെ മാദ്ധ്യസ്ഥത്തിൽ അവിടുന്ന് പങ്കാളിത്തം നൽകിയതിനാലുമാണ് വിശുദ്ധർക്ക് ദൈവസന്നിധിയിൽ മാദ്ധ്യസ്ഥ ശക്തി ലഭിക്കുന്നത്. ക്രിസ്തീയ ജീവിതം ക്രിസ്തുവിലുള്ള പങ്കാളിത്തത്തിന്റെ ജീവിതമാകയാലാണ് ജീവിച്ചിരിക്കുന്നവർക്ക് പരസ്പര മാദ്ധ്യസ്ഥം വഹിച്ചു പ്രാർത്ഥിക്കാനാവുന്നത്. ഈ ഭൂമിയിൽ ആയിരിക്കുമ്പോൾ മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതിൽ അർത്ഥമുണ്ടെന്നു വിശ്വസിക്കുന്നതിനു പിന്നിലെ യുക്തിതന്നെയാണ് വിശുദ്ധരുടെ മാദ്ധ്യസ്ഥത്തിനു പിന്നിലും ഉള്ളത്. പുണ്യവാന്മാരുടെ ഐക്യത്തിലൂടെ മുഴുവൻ സഭാംഗങ്ങളും (സ്വർഗ്ഗത്തിലും ശുദ്ധീകരണസ്ഥലത്തും ഭൂമിയിലും ഉള്ളവർ) യേശുവിന്റെ ശരീരത്തിലെ അംഗങ്ങളാണ് (1 കോറി 12:12-27). തന്മൂലം അവർ സ്വഭാവത്താൽത്തന്നെ പരസ്പരം സഹായിക്കാൻ കടപ്പെട്ടവരാണ് (കൂടുതൽ വിശദാംശങ്ങൾക്ക് CCC 946-948 കാണുക).

വിശുദ്ധരോടുള്ള വണക്കത്തെ ഒന്നാം പ്രമാണത്തിന്റെ (നിയമ 5:7, a) ലംഘനമായി വ്യാഖ്യാനിക്കുന്നത് തികഞ്ഞ അജ്ഞത മൂലമാണ്. വിശുദ്ധരെ കത്തോലിക്കാസഭ ഒരിക്കലും ആരാധിക്കുന്നില്ല (adoration), മറിച്ച് വണങ്ങുക മാത്രമേ (veneration) ചെയ്യുന്നുള്ളൂ. ബഹുമാനിക്കേണ്ടവരെ ബഹുമാനിക്കണം (റോമ 13:7) എന്ന ശ്ലൈഹിക നിർദ്ദേശത്തിന്റെ ഭാഗമാണിത്. വിശുദ്ധരെ ആദരണീയരാക്കിയതും തന്റെ തിരുമുഖദർശനം നൽകി അനുഗ്രഹിച്ചതും (1 യോഹ 3:2) ദൈവം തന്നെയാണ്. ദൈവഛായയിലും (2 കോറി 3:18) ദൈവപ്രകൃതിയിലും (1 പത്രോ 1:4) ദൈവികമായ വിശുദ്ധിയിലും (ഹെബ്രാ 12:10) മഹത്വത്തിലും (റോമ 8:17, 1 പത്രോസ് 5:1) ജ്ഞാനത്തിലും (1കോറി 13:12) അധികാരത്തിലും (1 കോറി 6:2-3, 2 തിമോ 2:12) അവരെ പങ്കാളികളാക്കിയത് ദൈവമാണ്. ദൈവത്തിന്റെ കരവേലയായ പ്രപഞ്ചം അവിടുത്തെ മഹത്ത്വം വർണ്ണിക്കുന്നതുപോലെ (സങ്കീ 19:2) വിശുദ്ധർ ദൈവത്തിന്റെ മഹത്ത്വം സാക്ഷ്യപ്പെടുത്തുന്നവരാണ്. അവരെ ആദരിക്കുമ്പോൾ ദൈവം തന്നെയാണ് ആദരിക്കപ്പെടുന്നത്. വിശുദ്ധരെ അനുകരിക്കുന്നതാണ് അവരോടുള്ള ഏറ്റവും വലിയ വണക്കം. അവരെ അനുകരിക്കുന്നവർ അവരെപ്പോലെ ദൈവസന്നിധിയിൽ എത്തിച്ചേരുന്നു (ഹെബ്രാ 6:11-12, 13:7).

26. കത്തോലിക്കാ ദേവാലയങ്ങളിലെ തിരുസ്വരൂപങ്ങൾ വിഗ്രഹാ

രാധന നിരോധിക്കുന്ന ദൈവപ്രമാണങ്ങളുടെ (പുറ 20:4, നിയമ 4:15–18) ലംഘനമായി വ്യാഖ്യാനിക്കുന്ന ശൈലി ഇവരിൽ പൊതുവായി കാണപ്പെടുന്നു. എന്നാൽ തിരുസ്വരൂപങ്ങളെക്കുറിച്ചുള്ള അജ്ഞതയും അബദ്ധധാരണയുമാണ് ഇത്തരം നിഗമനങ്ങളിലെത്താൻ ഇവരെ പ്രേരിപ്പിക്കുന്നത്. രൂപങ്ങൾ "ആരാധനയ്ക്കായി" നിർമ്മിക്കുന്നതിനെയാണ് പുറ 20:4; നിയ. 4:15–18 ലെ വചനങ്ങൾ വിലക്കുന്നത്. ഇതേ കല്പനകൾ കല്ലിൽ കൊത്തിയെടുത്ത് സൂക്ഷിക്കുന്ന പേടകത്തിൽ കെരൂബുകളുടെ രൂപം കൊത്തിവയ്ക്കാൻ ദൈവംതന്നെ ആവശ്യപ്പെടുന്നുണ്ട് (പുറ 25:10 –22). സ്വർണ്ണം, വെള്ളി, മരം എന്നിവകൊണ്ടുണ്ടാക്കിയ പക്ഷിമൃഗാദികളുടെ രൂപങ്ങൾകൊണ്ട് ദേവാലയം അലങ്കരിക്കാൻ ദൈവം നേരിട്ടു കൽപ്പിക്കുന്നുണ്ട് (പുറ. 25:33–36; 26:1; 1 രാജാ 6:23–7:51; 2 ദിന 3:10 –4:22). സംഖ്യ 21:1–10 ൽ പിത്തള സർപ്പത്തെ രക്ഷാചിഹ്നമായി നിർമ്മിക്കാൻ ദൈവം ആവശ്യപ്പെടുന്നുണ്ട്. അതിനാൽ രൂപങ്ങളെ ആരാധിക്കാനായി നിർമ്മിക്കുന്നതാണ് പാപകരമായിട്ടുള്ളത്. എന്നാൽ, കത്തോലിക്കാ ദേവാലയങ്ങളിലെ തിരുസ്വപൂരങ്ങൾ വിശുദ്ധരുടെ ഓർമ്മ ഉണർത്താനും അതുവഴി അവരുടെ തീക്ഷ്ണമായ വിശ്വാസം അനുകരിക്കാനുമുള്ള ഉപാധികൾ മാത്രമാണ് (വിശദാംശങ്ങൾക്ക് CCC 2129 –2132 കാണുക).

27. പൊതുവിൽ കത്തോലിക്കാ ഭവനങ്ങളെ കേന്ദ്രീകരിച്ചാണ് ഇത്തരം വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. കേരളത്തിൽ കത്തോലിക്കരുടെ ഇടയിൽ ഇവർ കൂടുതൽ സ്വാധീനമുണ്ടാക്കാൻ വീടുവീടാന്തരം കയറി ഇവരുടെ ആശയങ്ങൾ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. രോഗികളുള്ള വീടുകളിൽ അവർക്കുവേണ്ടി പ്രാർത്ഥനാശുശ്രൂഷകൾ നടത്തുകയും വിശുദ്ധഗ്രന്ഥത്തിലെ വചനഭാഗങ്ങൾ തന്നിഷ്ടപ്രകാരം വ്യാഖ്യാനിക്കുകയും ചെയ്യുന്നു. കേരള കത്തോലിക്കാസഭയിലെ കരിസ്മാറ്റിക് നവീകരണഫലമായുണ്ടായ നവീന പ്രാർത്ഥനാ ശൈലിയുടെ (സ്തുതിപ്പുകളും കൈകൊട്ടലും മറ്റും) മറവിൽ കത്തോലിക്കരുടെ ഇടയിൽ കടന്നുകൂടുന്ന പെന്തക്കുസ്താവിഭാഗം സാധാരണജനങ്ങൾക്കു മുന്നിൽ തങ്ങളെത്തന്നെ ഒരു കരിസ്മാറ്റിക് ഗ്രൂപ്പായി അവതരിപ്പിക്കുന്ന അപകടവും ഉണ്ടായിട്ടുണ്ട്. കൂടാതെ ഞായറാഴ്ച ആചരണവും കൂദാശജീവിതവും നയിക്കാത്ത വിശ്വാസികളെ ഇവർ ആകർഷിക്കാൻ ശ്രമിക്കുന്നു. കത്തോലിക്കാസഭയിൽ പുരോഹിത ആധിപത്യമാണെന്നും അല്മായർക്ക് യാതൊരു വിലയുമില്ലെന്ന് തെറ്റിദ്ധരിപ്പിച്ച് ഇവർ വിശ്വാസികളെ തങ്ങളുടെ ഗ്രൂപ്പിൽ കൂട്ടാറുണ്ട്. ഏതെങ്കിലുമൊക്കെ കാരണ

ത്താൽ സഭാധികാരികളോട് അഭിപ്രായവ്യത്യാസമുള്ളവരെ പ്രീണിപ്പിച്ച് തങ്ങളുടെ കൂടെ കൂട്ടാൻ ഇവർ കിണഞ്ഞു പരിശ്രമിക്കുന്നു. പഠനത്തിനും ജോലിക്കുമായി കുടുംബത്തിൽനിന്ന് അകന്നുകഴിയുന്ന കത്തോലിക്കാവിശ്വാസികളുടെ ഇടയിൽ കൂടുതൽ സിദ്ധികളുടെ പേരിൽ നുഴഞ്ഞുകയറാനും ഇവർ പരിശ്രമിക്കുന്നു. പരീക്ഷയിൽ ജയിക്കാൻ, ജോലി ലഭിക്കാൻ, വിദേശത്ത് പോകാൻ എന്നിവയ്ക്കുവേണ്ടി പ്രാർത്ഥനാസഹായവുമായി ഇവർ വ്യക്തിപരമായി കത്തോലിക്കരെ സമീപിച്ച് തങ്ങളുടെ സ്വാധീനത്തിലാക്കാറുമുണ്ട്. കൂടാതെ പല പെന്തക്കുസ്താവിഭാഗങ്ങൾക്കും വിദേശങ്ങളിൽനിന്ന് ധാരാളം പണം അവരുടെ സഭാപ്രവർത്തനങ്ങൾക്കു ലഭിക്കുന്നുമുണ്ട്. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്നവരെ സാമ്പത്തിക പ്രലോഭനങ്ങൾവഴി വശീകരിക്കാനും ഇവർ പരിശ്രമിക്കുന്നു.

## യഹോവാ സാക്ഷികൾ

28. ദൈവപുത്രനായ യേശുവിലൂടെ സംലഭ്യമായ രക്ഷയെ നിഷേധിച്ച്, പഴയനിയമചിന്തയിൽ ജീവിക്കുന്ന പ്രസ്ഥാനമാണ് യഹോവാ സാക്ഷികൾ. 1931 മുതലാണ് യഹോവാസാക്ഷികൾ അറിയപ്പെടാൻ തുടങ്ങിയത്. ഇവരുടെ മറ്റൊരു പേര് റസ്സൽമതക്കാർ എന്നാണ്. റസ്സൽ എന്ന വസ്ത്രവ്യാപാരി പ്രസിബിറ്റേറിയൻ സഭാംഗമായിരുന്നുവെങ്കിലും അഡ്വെന്റിസ്റ്റ് സഭകളുടെ പ്രബോധനത്തിൽ ആകൃഷ്ടനാവുകയും അതിൽ ചേരുകയും ചെയ്തു. എന്നാൽ 1879-ൽ അദ്ദേഹം അവരുമായി തെറ്റിപ്പിരിഞ്ഞ് സ്വയം ഒരു പ്രസ്ഥാനം ആരംഭിച്ചു. റസ്സലിന്റെ പിൻഗാമിയായ റൂഥർഫോർഡിന്റെ കാലംമുതൽ യഹോവാസാക്ഷികൾ എന്ന പേരിലാണ് ഇവർ അറിയപ്പെടുന്നത്. ആരംഭകാലത്തുതന്നെ ഇവരുടെ പ്രവചനങ്ങൾ പാഴാണെന്ന് തെളിയിക്കപ്പെട്ടതാണ്. 1844, 1874 എന്നീ വർഷങ്ങളിൽ ലോകാവസാനവും മിശിഹായുടെ രണ്ടാമത്തെ ആഗമനവും അവർ പ്രവചിച്ചിരുന്നു. 1914-ൽ സമാധാനകാലം തുടങ്ങുമെന്ന് അവർ പ്രവചിച്ചതിനു തൊട്ടുപിറകെ ഒന്നാം ലോകമഹായുദ്ധം ആരംഭിക്കുകയും ചെയ്തു. തികച്ചും വികലവും അടിസ്ഥാനരഹിതവും വിശ്വാസത്തിനോ യുക്തിക്കോ ചേരാത്തതുമായ ആശയങ്ങളാണ് ഇവർ പുലർത്തുന്നത്. അവയിൽ പ്രധാനമായവ താഴെ പറയുന്നവയാണ്:

29. യേശു ദൈവപുത്രനും രക്ഷകനുമാണ് എന്ന വിശ്വാസസത്യം ഇവർ നിഷേധിക്കുന്നു. യേശു സന്മാതൃക നൽകിയ കേവലമൊരു മനുഷ്യവ്യക്തി മാത്രമായിരുന്നു എന്നതാണ് ഇവരുടെ നിലപാട്. എന്നാൽ ഈശോ സത്യദൈവമാണ് എന്നതിന് തിരുവചനം വ്യക്ത

മായ തെളിവു നൽകുന്നുണ്ട്: യേശുവും പിതാവും ഒന്നാണ് (യോഹ 10:30); ദൈവികതയുടെ പൂർണ്ണത യേശുവിലുണ്ട് (കൊളോ 2:9), വചനമായ അവിടുന്ന് ദൈവമാണ് (യോഹ 1:3). അപ്പസ്തോലനായ തോമസ് ഉത്ഥിതനായ യേശുവിനെ യാഹ്വെക്കു തുല്യം "കർത്താവും ദൈവവു"മായി ഏറ്റു പറഞ്ഞ് ആരാധിക്കുന്നതും യേശുവിന്റെ ദൈവികതയ്ക്കുള്ള വിശുദ്ധഗ്രന്ഥ തെളിവാണ് (വിശദാംശങ്ങൾക്ക് CCC 456 –476, 479–483 കാണുക).

30. കത്തോലിക്കാസഭയിലെ കുർബാനയും മറ്റു കൂദാശകളും വിശുദ്ധഗ്രന്ഥത്തിനു വിരുദ്ധമാണെന്നാരോപിച്ച് അവയെ നിരാകരിക്കുന്നു. എന്നാൽ സഭയിലെ ഏഴു കൂദാശകൾക്കും വിശുദ്ധഗ്രന്ഥത്തിൽ വ്യക്തമായ അടിസ്ഥാനങ്ങളുണ്ട്. താഴെപ്പറയുന്ന വചനഭാഗങ്ങൾ ഈ വസ്തുതയെ സാധൂകരിക്കുന്നു: **മാമ്മോദീസ** (മത്താ 28:19; മർക്കോ 16:16; യോഹ 3:5; അപ്പ 2:38; 16:15, 33; 18:8; 22:16; റോമ 6:3–4; 1 കോറി 6:11) **സ്ഥൈര്യലേപനം** (അപ്പ 8:14–19; 13:3; 19:1–6; 2 കോറി. 1:21–22; ഹെബ്ര 6:1–2), **വിശുദ്ധ കുർബാന** (മർക്കോ 14:22–24, സമാന്തരഭാഗങ്ങൾ; യോഹ 6:47–66; 1 കോറി 11:23–30), **കുമ്പസാരം** (പുറ 32:20; ലേവ്യ 19:20–20; സംഖ്യ 5:6–7; 14:19–23; 17: 11–13; മത്താ 16:19; 18:18; ലൂക്കാ 15:18–19; യോഹ. 20:23; അപ്പ 19:18; 1 കോറി 5:3–5; 2 കോറി 5:18 –20; യാക്കോ 5:16; 1 യോഹ 1:8–9), **രോഗീലേപനം** (മർക്കോ 6:5, 12:13; ലൂക്കാ 13:13; അപ്പ 9:17–18; 1 കോറി 12:9, 30; യാക്കോ5:14–15), **തിരുപ്പട്ടം** (മത്താ 18:18; ലൂക്കാ 18:16; 22:19; 24:27; യോഹ 13:20; 15:5; അപ്പ 6:6; 15:2 –6; 20:17; 21:18; 1 തിമോ 3:1–7; 4:14; 5:17; 2 തിമോ 1:6; തീത്തോ 1:5–9; 1പത്രോ 5:1), **വിവാഹം** (മത്താ 5:31–32; 19:1–9; മർക്കോ 10:2–12; ലൂക്കാ 16:18; റോമാ 7:2–3; 1 കോറി 7:1–24; 7:39; ഹെബ്രാ 13:4; 1 പത്രോ 3:1–9).

31. ദൈവവും – സാത്താനും തമ്മിലുള്ള യുദ്ധത്തിൽ യഹോവാ സാക്ഷികളല്ലാത്ത എല്ലാ മനുഷ്യരും ചത്തൊടുങ്ങുമെന്നും അർമാഗെദ്ദോനിലെ ഈ യുദ്ധത്തിന്റെ അവസാനം ഭൗമികപറുദീസ സ്ഥാപിക്കപ്പെടുമെന്നും അത് യഹോവാസാക്ഷികൾക്കു മാത്രമുള്ളതാണെന്നും ഇവർ കരുതുന്നു. അന്ത്യവിധിയോ നിത്യമായ നരകമോ ഇല്ല. എല്ലാം ഇവിടെ സ്ഥാപിക്കപ്പെടുന്ന ആയിരംവർഷത്തെ ദൈവികഭരണത്തിന്റെ (Millanialism) തുടർച്ചയായ ഭൗമികപറുദീസ മാത്രമാണ്.

വെളിപാട് 20:1–6 നെ ആധാരമാക്കി ലോകാവസാനത്തിനുമുമ്പ് ആയിരംവർഷത്തെ ഭരണത്തിനായി ക്രിസ്തുവരുമെന്നും അതിനു ശേഷം അൽപ്പകാലം അന്തിക്രിസ്തുവിന്റെ ഭരണമായിരിക്കുമെന്നും

അന്തിക്രിസ്തുവിനെ പരാജയപ്പെടുത്തി ക്രിസ്തു നിത്യരാജാവായി വാഴുമെന്ന വിശ്വാസമാണ് "ആയിരംവർഷഭരണം" (Millanialism) എന്ന പേരിൽ അറിയപ്പെടുന്നത്. ഇപ്രകാരമൊരു അബദ്ധ വ്യാഖ്യാനം കൊമ്മോഡിയുൻ, ലക്താന്തിയൂസ്, മെത്തോഡിയൂസ്, ലാവോദീസിയായിലെ അപ്പോളിനാരീസ് എന്നിവർ ആദിമസഭയിൽ പ്രചരിപ്പിച്ചിരുന്നു. ലോകാവസാനത്തിനുമുമ്പ് മിശിഹാ ആയിരം വർഷത്തേക്കു ഭൗമിക രാജ്യം സ്ഥാപിച്ചു ഭരിക്കുമെന്നും (Pre Millanialism), തന്റെ രണ്ടാമത്തെ ആഗമനത്തോടനുബന്ധിച്ച് ആയിരം വർഷം ഭരിക്കുമെന്നും (Post Millanialism) ആയിരം വർഷം ഭരണം എന്നത് സഭയുടെ കാലമാണെന്നും (Amillanialism) മൂന്നു വ്യത്യസ്ത വീക്ഷണങ്ങൾ നിലവിലുണ്ടായിരുന്നു. എന്നാൽ യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിനു മുമ്പോ അതിനുശേഷമോ ആയിരം വർഷം ഭരണമില്ലെന്നാണ് കത്തോലിക്കാ സഭ പഠിപ്പിക്കുന്നത് (Amillanialism). "അവൻ വീണ്ടും വരുമെന്നും അവന്റെ രാജ്യത്തിന് അവസാനമുണ്ടാകില്ലെന്നും" നിഖ്യാസൂനഹദോസ് (A.D 325) - ൽ പ്രഖ്യാപിച്ചത് ആയിരം വർഷം ഭരണം എന്ന ആശയത്തെ ഖണ്ഡിക്കാനാണ്. വെളി 20:1-6 ൽ വിവരിക്കുന്ന ആയിരം വർഷഭരണം എന്നത് പ്രതീകാത്മകമായാണ് വ്യാഖ്യാനിക്കേണ്ടത്. ആയിരം പൂർണ്ണതയെ സൂചിപ്പിക്കുന്ന സംഖ്യയാണ്. ക്രിസ്തുവിന്റെ നിത്യമായ ഭരണം എന്ന അർത്ഥത്തിൽ വേണം ഈ വചനം വ്യാഖ്യാനിക്കാൻ. ആയിരം വർഷത്തേക്ക് സാത്താൻ ബന്ധിതനായി എന്നതിന്റെ അർത്ഥം സാത്താൻ നിത്യമായും ബന്ധിതനായി എന്നു തന്നെയാണ്. "ആയിരം വർഷം സഭയുടെ പ്രതീകം കൂടിയാണ്." ദീർഘകാലം ഭൂമിയിൽ കഷ്ടത അനുഭവിച്ചും എന്നാൽ ക്രിസ്തുവിന്റെ പരിരക്ഷണയിലും കഴിഞ്ഞ സഭയുടെ പീഡാനുഭവകാലം അവസാനിപ്പിച്ച് ക്രിസ്തു സഭയെ നിത്യമകുടം ചൂടിക്കുന്ന സംഭവമായും ആയിരം വർഷഭരണത്തെ മനസ്സിലാക്കാം. ക്രിസ്തുവിന്റെ ആയിരംവർഷഭരണം ആരംഭിച്ചതും നിത്യതയോളം തുടരുന്നതും സഭയിലാണെന്നു സാരം.

32. ജലത്തിൽ മുങ്ങിയുള്ള സ്നാനംവഴി ഒരാൾ യഹോവാസാക്ഷിയാണെന്ന് പരസ്യമായി പ്രകടിപ്പിക്കുന്നു. 144000 പേർ രണ്ടാം മാമ്മോദീസാ സ്വീകരിക്കും, അത് അരൂപിയിലുള്ള മാമ്മോദീസായാണ്. യഹോവാസാക്ഷികൾ മാത്രമാണ് അതിനു യോഗ്യരാകുന്നത്. 144000 എന്ന സംഖ്യയുടെ യഥാർത്ഥ വ്യാഖ്യാനം മുൻപു നൽകിയിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ (19-ാം ഖണ്ഡിക കാണുക).

33. പരിശുദ്ധ മറിയത്തെക്കുറിച്ചുള്ള എല്ലാ വിശ്വാസസത്യങ്ങളും

ഇവർ നിഷേധിക്കുന്നു. മറിയത്തിന്റെ അമലോത്ഭവം, ദൈവമാതൃത്വം, നിത്യകന്യാത്വം, സ്വർഗ്ഗാരോപണം എന്നീ സത്യങ്ങളെ വിശുദ്ധഗ്രന്ഥ വിരുദ്ധമായി കരുതി ഇവർ തള്ളിക്കളയുന്നു. എന്നാൽ ഇവ വിശുദ്ധ ഗ്രന്ഥാനുസൃതവും ആദിമസഭയുടെ വിശ്വാസത്തിന്റെ ഭാഗവുമാണെന്ന് മുൻപു വ്യാഖ്യാനിച്ചിട്ടുള്ളത് ശ്രദ്ധിക്കുമല്ലോ (22-ാം ഖണ്ഡിക കാണുക).

34. സാമൂഹികമേഖലയിൽ ഇവരുടെ പഠിപ്പിക്കലുകൾ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്. വിവാഹം ഒരു കൂദാശയല്ല, ഒരു കരാർ മാത്രമാണ് എന്ന ചിന്തയിലൂടെ കുടുംബജീവിതത്തിന്റെ ഭദ്രതയ്ക്ക് ഇവർ പോറൽ ഏൽപ്പിക്കുന്നു. സിനിമ, ടി.വി., ഡാൻസ് എന്നിവ ഇവർ നിഷിദ്ധങ്ങളായി കരുതുന്നു. സ്വരാജ്യസ്നേഹം ദൈവരാജ്യസ്നേഹത്തിന് തടസ്സമാകയാൽ ദേശീയഗാനം പാടാൻ ഇവർ വിസമ്മതിക്കുന്നു.

35. പഴയനിയമത്തിന്റെ ആധ്യാത്മികതയ്ക്കാണ് ഇവർ പ്രാധാന്യം നൽകുന്നത്. തന്മൂലം പഴയനിയമം നിഷിദ്ധമെന്ന് പറയുന്ന ആഹാരസാധനങ്ങൾ ഇവർ നിരസിക്കുന്നു. പഴയനിയമസങ്കല്പം അനുസരിച്ച് രക്തം ജീവന്റെ പ്രവാഹമാകയാൽ രക്തം ദാനംചെയ്യുന്നതും സ്വീകരിക്കുന്നതും പാപമായി ഇവർ കരുതുന്നു. രോഗത്തിന് ചികിത്സ തേടുന്നത് പാപകരമായി കരുതുന്നവരുമുണ്ട്.

ഈ ആശയങ്ങളെല്ലാംതന്നെ അബദ്ധവും യാഥാർത്ഥ്യബോധത്തിന് നിരക്കാത്തതുമാണ്. തീവ്രമത സ്വഭാവരീതി ആശയത്തിലുള്ളതുമൂലം ചിലരെ സ്വാധീനിക്കാൻ ഇവർക്കു കഴിയുന്നുണ്ട്. ഈ വിഭാഗത്തിൽ ചേർന്നവർ അന്ധമായ ആശയങ്ങളെ അനുകരിക്കാൻ പ്രേരിപ്പിക്കപ്പെടുന്നു. ഇവർ പറയുന്ന ലോകാവസാനകഥകൾതന്നെ ഇവരുടെ ആശയങ്ങളുടെ ദയനീയസ്ഥിതി വെളിപ്പെടുത്തുന്നുണ്ട്.

**നവയുഗപ്രസ്ഥാനങ്ങൾ**

36. കാലാകാലങ്ങളിൽ സംഭവിക്കുന്ന സാമൂഹികവും സാമ്പത്തികവുമായ സംഭവവികാസങ്ങളും മനുഷ്യന്റെ ആരോഗ്യസ്ഥിതിയെ ബാധിക്കുന്ന രോഗങ്ങളും അപ്രതീക്ഷിതമായി ഉണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങളും അപകടങ്ങളുമെല്ലാം ശരിയായി മനസ്സിലാക്കാൻ തക്ക വിശ്വാസബോധ്യം ജനങ്ങൾക്ക് നൽകുന്നതിൽ പരമ്പരാഗതമതങ്ങൾക്ക് പരാജയം സംഭവിച്ചിടത്തുനിന്നുമാണ് നവയുഗപ്രസ്ഥാനങ്ങളുടെ ഉത്ഭവം. മന്ത്രവാദം, ജ്യോതിഷം, ജ്ഞാനവാദം, ആത്മവാദം തുടങ്ങിയവയിൽ അധിഷ്ടിതമാണ് നവയുഗപ്രസ്ഥാനങ്ങൾ. കൂണുപോലെ

മുളച്ചുവരുന്ന ഈ പ്രസ്ഥാനങ്ങൾ വ്യക്തികൾക്ക് സർവ്വസ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു. അതുകൊണ്ടുതന്നെ പരമ്പരാഗതമായ നിയമങ്ങളും വിലക്കുകളുമായി നിൽക്കുന്ന മതങ്ങൾക്കിടയിലേക്ക് ഇവ കടന്നുകയറുന്നു. ഏതെങ്കിലും കാരണത്താൽ മതനേതൃത്വവുമായി പിണങ്ങിക്കഴിയുന്നവർ ഒരു ആശ്വാസവും പ്രതികാരവുമെന്ന നിലയിൽ ഇതിൽ ചെന്നുപെടുന്നു. പക്ഷേ, ചേർന്നുകഴിഞ്ഞാൽ അവരുടെ അബദ്ധ സിദ്ധാന്തങ്ങൾക്ക് അവരെ അടിമകളാക്കും. ചില വൈകാരിക അനുഭവങ്ങളും അനുഭൂതികളും പ്രദാനം ചെയ്തുകൊണ്ട് ഇവർ സാധാരണ ജനത്തിന്റെ ചിന്താശേഷിതന്നെ ഇല്ലാതാക്കുന്നു. സ്വാതന്ത്ര്യം ശരിയായി മനസ്സിലാക്കുന്നതിനെ അവരെ സഹായിക്കുന്നുമില്ല. ഇവരുടെ പ്രധാന ആശയങ്ങൾ താഴെ പറയുന്നു:

(i) ദൈവവചനത്തെയും ദൈവികവെളിപാടിനെയുംകാൾ പൈശാചിക ശക്തികളോടു സംവദിക്കുന്നതിനും മരിച്ചവരുടെ ആത്മാക്കളെ വിളിച്ചുവരുത്തി ഭാവികാര്യങ്ങൾ അറിയുന്നതിനുമാണ് (Necromancy) ഇവർ പ്രാധാന്യം നൽകുന്നത്. മനുഷ്യന് സ്വയം ദൈവത്വം കൽപ്പിക്കുന്ന ചിന്താശൈലിയും (വിശ്വദൈവവാദം – Pantheism) ഇവരുടെയിടയിൽ പ്രകടമാണ്. പുനർജന്മവിശ്വാസം, പരകായപ്രവേശം തുടങ്ങിയ ചിന്താഗതികളെ ഇവർ പഠിപ്പിക്കുന്നു. മരണശേഷം വീണ്ടും ജനിക്കുകയും വീണ്ടും മനുഷ്യരെപ്പോലെ ജീവിക്കുകയും ഈ ക്രമം പല പ്രാവശ്യം ആവർത്തിക്കപ്പെടുകയും ചെയ്യുമെന്ന് ഇവർ കരുതുന്നു. ദൈവീക വെളിപാടുകളെ നിരാകരിച്ച് ഐതിഹ്യ കഥകളെ ആധാരമാക്കിയുള്ള വിശ്വാസസംഹിതകളാണ് ഇവർ അനുവർത്തിക്കുന്നത്.

(ii) വർത്തമാനകാലത്തെക്കാൾ ഭാവികാലത്തിനാണ് ഇവർ അമിതപ്രാധാന്യം നൽകുന്നത്. ജ്യോതിശാസ്ത്രത്തെ ഭാവിപ്രവചന രീതിയായി ഇവർ കരുതുന്നു. ക്രിസ്റ്റലുകളെ (വജ്രം) ഊർജ്ജ ഉറവിടമായും സൗഖ്യശക്തിയുള്ളവയായും കരുതുന്നു. ഉപ്പ്, പഞ്ചസാര എന്നിവയ്ക്കും ഇതേ പ്രാധാന്യമുണ്ടെന്ന് ഇവർ വാദിക്കുന്നു.

(iii) ഒരു വ്യക്തിക്ക് ഹിപ്നോട്ടിക് നിദ്ര, മയക്കുമരുന്നുകൾ, ധ്യാനം എന്നിവവഴി തനിക്ക് അതീതമായ അനുഭവങ്ങളുടെ മേഖലയിലേക്ക് പ്രവേശിക്കാമത്രേ. ഹോളിസ്റ്റിക് (holostic) ചികിത്സാരീതികളോടാണ് ഇവർക്കു താത്പര്യം. ഗവൺമെന്റ് ഒന്നും ഇല്ലാത്ത പുതിയ ഒരു ലോകക്രമമാണ് ഇവർ വിഭാവനം ചെയ്യുന്നത്.

നവയുഗപ്രസ്ഥാനങ്ങളെ കാലാകാലങ്ങളിൽ മാറിവരുന്ന 'ഫാഷൻ' പോലെ മാത്രമേ കരുതാനാവൂ. ജനങ്ങൾ തുടക്കത്തിൽ

പുതുമതേടി ആകൃഷ്ടരാകുമെങ്കിലും ഇവയ്ക്ക് മനുഷ്യമനസ്സിൽ സ്ഥായീഭാവമാർജ്ജിക്കാനാവില്ല. ഇവരുടെ പല ആശയങ്ങളും ആധുനിക മനുഷ്യജീവിതത്തിനോ സാധാരണ യുക്തിക്കോ നിരക്കുന്നതല്ല.

**കറുത്ത കുർബാനയും ചെകുത്താൻ ആരാധനയും**

37. കറുത്ത കുർബാന എന്ന പേരിൽ അറിയപ്പെടുന്ന സാത്താൻ ആരാധനയെക്കുറിച്ച് ഏറെ ചർച്ചകളും പഠനങ്ങളും നടക്കുന്നുണ്ടെങ്കിലും നിയതമായ അർത്ഥത്തിൽ കറുത്ത കുർബാനയെ നിർവ്വചിക്കാനോ വ്യാഖ്യാനിക്കാനോ എളുപ്പമല്ല. ഈ സാത്താൻ ആരാധനയ്ക്ക് ഏകീകൃതരൂപമോ നിശ്ചിതക്രമമോ ഇല്ല എന്നതുതന്നെയാണ് ഇതിനു കാരണം.

പതിനഞ്ചാം നൂറ്റാണ്ടോടെയാണ് കറുത്ത കുർബാന എന്ന പേരിൽ സാത്താൻ ആരാധന രംഗപ്രവേശം ചെയ്യുന്നത്. സാത്താനുമായി ബന്ധപ്പെട്ട ആരാധനാരൂപങ്ങൾ പുരാതനകാലംമുതലേ നിലനിന്നിരുന്നുവെങ്കിലും റോമൻ കുർബാനക്രമത്തിന്റെ ആക്ഷേപാനുകരണം എന്ന രീതിയിലുള്ള ആദ്യത്തെ കറുത്ത കുർബാന നടക്കുന്നത് 17-ാം നൂറ്റാണ്ടിലാണ്. "കറുത്ത കുർബാന" എന്ന പേരിൽ നിലവിലുള്ള അഭിനവ സാത്താൻ ആരാധന രൂപംകൊണ്ടത് അമേരിക്കയിലെ കോവൻ ഗ്രൂപ്പ് 1968 ൽ 13 മിനിട്ട് ദൈർഘ്യമുള്ള കറുത്ത കുർബാനയുടെ ആൽബം പുറത്തിറക്കുകയും അത് അവരുടെ "സ്റ്റേജ് ഷോ" യുടെ ഭാഗഭാക്കുകയും ചെയ്തതോടെയാണ്. കറുത്ത കുർബാനയ്ക്ക് ഇന്നുള്ള പേരും പെരുമയും അതോടെ ലഭിച്ചു. റോമൻ റീത്തിലെ പ്രസിദ്ധമായ ഗ്രിഗോറിയൻ രീതിയിൽ ആലപിച്ച ഈ ആൽബത്തിലെ ഗാനങ്ങളും പ്രാർത്ഥനയും ഇതിനെ കത്തോലിക്കാ ദിവ്യബലിയുടെ ആക്ഷേപാനുകരണമാക്കി മാറ്റി. സ്ത്രീയുടെ നഗ്നശരീരമാണ് കറുത്ത കുർബാനയുടെ ബലിപീഠം. കത്തോലിക്കാ ദേവാലയങ്ങളിൽ കൂദാശ ചെയ്യപ്പെട്ട തിരുവോസ്തിയാണ് കറുത്ത കുർബാനയിൽ ഉപയോഗിക്കുന്ന അപ്പം. കാസയിൽ വീഞ്ഞിനുപകരം സ്ത്രീ-പുരുഷ ലൈംഗിക സ്രവങ്ങളുടെ മിശ്രിതമാണ് ഉപയോഗിക്കുന്നത്. അൾത്താരയായി വർത്തിക്കുന്ന സ്ത്രീയുടെ രഹസ്യഭാഗത്തെ സക്രാരിയായി സങ്കല്പിച്ച് വിശുദ്ധ കുർബാന പ്രസ്തുത ഭാഗത്ത് പ്രതിഷ്ഠിച്ചുകൊണ്ടാണ് കർമ്മങ്ങൾ ആരംഭിക്കുന്നത്. പൈശാചിക പ്രാർത്ഥനകളിലൂടെ തിരുവോസ്തിയിലെ കർത്താവിന്റെ സാന്നിധ്യത്തെ അവഹേളിച്ച് അശുദ്ധമാക്കുക എന്നതാണ് ഇതിലെ കർമ്മങ്ങളുടെ ആത്യന്തികലക്ഷ്യം. വിശുദ്ധ

കുർബാന പ്രതിഷ്ഠിച്ച "അൾത്താര"യും "സക്രാരി"യുമായി കാർമ്മികനും പങ്കാളികളും പരസ്യമായി ലൈംഗിക ബന്ധത്തിലേർപ്പെടുന്നതോടെയാണ് കർമ്മങ്ങൾ പൂർത്തിയാകുന്നത്. വിശുദ്ധ കുർബാന സ്വീകരണത്തിനു പകരമായാണ് ലൈംഗികബന്ധം എന്ന കർമ്മം ഉൾപ്പെടുത്തിയിരിക്കുന്നത്. സാത്താൻ ആരാധനയും കറുത്ത കുർബാനയും സകലധാർമ്മികതയെയും ലംഘിക്കുന്നതാകയാൽ സദാചാര വിരുദ്ധർ ഇത്തരം കർമ്മങ്ങളിലേക്ക് ആവേശപൂർവ്വം ആകർഷിക്കപ്പെടുന്നത് തീർത്തും സ്വാഭാവികമാണ്. ലൈംഗിക അരാജകത്വത്തിന് പരസ്യമായ അംഗീകാരം നൽകുന്നതിനാൽ കറുത്ത കുർബാന ആത്യന്തികമായി പരസ്യവ്യഭിചാരം തന്നെയാണ്. കറുത്ത കുർബാനയുടെ മറവിൽ ഹൈടെക് പെൺവാണിഭവും വ്യഭിചാരവുമാണ് നടക്കുന്നത്. ക്രമസമാധാനപാലകരുടെ സത്വരശ്രദ്ധ ഇത്തരം മേഖലകളിൽ പതിയേണ്ടതുണ്ട്. അങ്ങേയറ്റം രഹസ്യസ്വഭാവം പുലർത്തുന്ന ഇത്തരം ഗ്രൂപ്പുകൾ സാമൂഹികവിരുദ്ധരായ സമ്പന്നരുടെ കൂട്ടായ്മയാണ്. ഇത്തരക്കാരുടെ കൂട്ടായ്മകൾ സമൂഹത്തിന്റെ സുസ്ഥിതിക്കും വരുംതലമുറയുടെ ഭാവിക്കും ദോഷകരമാകയാൽ കറുത്ത കുർബാനയ്ക്കെതിരെ സമൂഹമൊന്നടങ്കം ശക്തമായ നിലപാടുമായി രംഗത്തു വരേണ്ടതുണ്ട്.

## ഓജോ (വീജാ) ബോർഡ്

38. പരേതാത്മാക്കളുടെ ലോകവുമായി സംവദിക്കാനുതകുന്ന ഉപകരണമായിട്ടാണ് ഓജോബോർഡുകൾ അറിയപ്പെടുന്നത്. ഇംഗ്ലീഷ് അക്ഷരമാലയും പൂജ്യം മുതൽ ഒൻപതുവരെയുള്ള അക്കങ്ങളും മറ്റു ചില ചിഹ്നങ്ങളും രേഖപ്പെടുത്തിയിട്ടുള്ള ഒരു ബോർഡും അതിന്മേൽ ചലിപ്പിക്കാനാകുന്ന ഒരു നാണയമോ ചെറുഫലകമോ അടങ്ങുന്നതാണ് ഈ ഉപകരണം. ഉത്തരംകിട്ടേണ്ട ചോദ്യംചോദിച്ചുകൊണ്ട് നാണയത്തിന്മേൽ വിരൽവച്ചാൽ പ്രസ്തുത നാണയം വിവിധ അക്ഷരങ്ങളിലൂടെയും അക്കങ്ങളിലൂടെയും ചലിച്ച് ഉത്തരം എഴുതിക്കാണിക്കുന്നു എന്നതാണ് ഇതിന്റെ പ്രചാരകർ അവകാശപ്പെടുന്നത്. പരേതാത്മാക്കളുടെ ശക്തിയാലാണ് ഇപ്രകാരം സംഭവിക്കുന്നത് എന്നും ഇവർ അവകാശപ്പെടുന്നു. ഈ പ്രതിഭാസത്തെക്കുറിച്ചു പഠനം നടത്തിയിട്ടുള്ള ഗവേഷകർ വ്യത്യസ്തമായ നിഗമനങ്ങളിലാണ് എത്തിച്ചേർന്നിട്ടുള്ളത്. ഇത്തരം നിഗൂഢവിദ്യകൾ അനുഷ്ഠിക്കുന്നവരുടെ ബോധമനസ്സ് സുഷുപ്തിയിലാവുകയും അബോധമനസ്സ് ഉണരുകയും ചെയ്യുന്നതിനാൽ അബോധമനസ്സിന്റെ പ്രേരണയനുസരിച്ച് വ്യക്തിയുടെ വിരൽ ചലിക്കുന്നതിനാലാണ് നാണയം നീങ്ങുന്നത് എന്നതാണ് ഒരു വ്യാഖ്യാനം.

ബോധമനസ്സ് നിർജീവമാകുമ്പോൾ അതീന്ദ്രിയ ശക്തികൾ (പൈശാചിക ശക്തികൾ) വ്യക്തിയുടെ നിയന്ത്രണം ഏറ്റെടുക്കുകയും അവരിലൂടെ അതിസ്വാഭാവിക കാര്യങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നതായി വ്യാഖ്യാനിക്കപ്പെടാറുണ്ട്.

ഓജോ ബോർഡിന്റെ ഫലസിദ്ധിയെക്കുറിച്ച് വസ്തുനിഷ്ഠമായ തെളിവുകളൊന്നും ഗവേഷകർ കണ്ടെത്തിയിട്ടില്ല. ഇത്തരം ബോർഡുകളുടെ ഉപയോഗം ധാർമ്മികമായും വിശ്വാസപരമായും നീതീകരിക്കാനാവില്ല. കാരണം: (1) മനുഷ്യന്റെ ബോധമനസ് നിർവീര്യമാക്കുകവഴി മനുഷ്യവ്യക്തിത്വത്തിന്റെ സ്വാഭാവിക പ്രവർത്തനം തടസ്സപ്പെടുത്തുന്നതിനാൽ ഇതിന്റെ ഉപയോഗം തെറ്റാണ്. (2) അമേരിക്കൻ ഗവേഷണ സമിതി (PRS) യുടെ പഠനമനുസരിച്ച് ഓജോ ബോർഡ് ഉപയോഗിക്കുന്ന 95% പേരിലും മനോവൈകല്യങ്ങൾ രൂപപ്പെടുന്നുണ്ട്. (3) പരേതാത്മാക്കളുമായി സംവദിക്കാനുള്ള ശ്രമം എന്നനിലയിൽ ഇതിന്റെ ഉപയോഗം കത്തോലിക്കാവിശ്വാസത്തിന്റെ ലംഘനമാണ്. പരേതാത്മാക്കളുടെ സ്വാധീനം ഈ ലോകത്തില്ലായെന്നും അവയുമായി സംവദിക്കാനാവില്ലായെന്നുമാണ് സഭയുടെ പരമ്പരാഗത വിശ്വാസം. (4) ഭാവി അറിയുന്നതിനായി ഇത്തരം മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനെ വിശുദ്ധ ഗ്രന്ഥം ശക്തമായി വിലക്കുന്നുണ്ട് (നിയ. 18:11–12; 1 സാമു 15:23; 2രാജാ 9:22; 2 ദിന 33:6). ദൈവനിന്ദയാകയാൽ ഇതിനെ മരണശിക്ഷാർഹമായ തെറ്റായിട്ടാണ് നിയമഗ്രന്ഥം കാണുന്നത് (പുറ 22:18; ലേവ്യ 20:27).

## പ്രതിരോധ മാർഗ്ഗങ്ങൾ

39. വിഘടിത വിഭാഗങ്ങളെ എപ്രകാരമാണ് നേരിടേണ്ടത് എന്നത് വ്യവസ്ഥാപിത സഭകൾ ഗൗരവപൂർവം ചിന്തിക്കാൻ സമയമായി. ബ്രസീലിലേക്കുള്ള തന്റെ ശ്ലൈഹിക തീർത്ഥാടന യാത്രാമധ്യേ വിമാനത്തിൽ വച്ച് പത്രലേഖകരോട് സംസാരിക്കവേ സെക്ടുകളെ എപ്രകാരം നേരിടാനാവുമെന്ന് പരിശുദ്ധ പിതാവ് ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ പ്രസ്താവിക്കുകയുണ്ടായി: “സെക്ടുകളുടെ വളർച്ച സൂചിപ്പിക്കുന്നത് മനുഷ്യ മനസ്സിൽ ദൈവത്തിനായുള്ള ദാഹം വർദ്ധമാനമായി തുടരുന്നു എന്നതാണ്. ദൈവത്തെ കൂടുതൽ അടുത്തറിയാനാവും എന്ന സെക്ടുകളുടെ വാഗ്ദാനം കേട്ട് ആളുകൾ പിന്നാലെ കൂടുന്നത് മനുഷ്യമനസ്സിലെ തൃപ്തമാകാത്ത മതാത്മകതമൂലമാണ്. തങ്ങളുടെ പ്രശ്നങ്ങൾക്ക് വ്യവസ്ഥാപിത സഭയെ (കളെ)ക്കാൾ കൂടുതൽ സ്വീകാര്യമായ ഉത്തരം തരുന്നത് സെക്ടുകളാണ് എന്ന തോന്നൽ

മൂലമാണ് വിശ്വാസികൾ സെക്ടുകളിലേക്ക് ആകൃഷ്ടരാകുന്നത്. തന്മൂലം കൂടുതൽ ദൈവോന്മുഖവും മനുഷ്യോന്മുഖവുമായി സഭ തന്നെത്തന്നെ പുന:രവതരിപ്പിക്കുക എന്നതാണ് സെക്ടുകളെ നേരിടാനുള്ള ഫലപ്രദമായ വഴി. ദൈവത്തെ കൂടുതൽ സമീപസ്ഥനായി സംലഭ്യമാക്കുന്നതോടൊപ്പം അവരുടെ ജീവിതനിലവാരം ഉയർത്തുന്നതിനും സഭ അക്ഷീണം പരിശ്രമിക്കണം. സാമൂഹികവും സാമ്പത്തികവുമായ രംഗങ്ങളിൽ നീതിനിഷ്ഠമായ അവരുടെ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുമ്പോഴും സഭ സെക്ടുകളെ ഫലപ്രദമായി നേരിടുകയാണ്." മനുഷ്യന്റെ സമഗ്രവികസനത്തിനുവേണ്ടി നിസ്തന്ദ്രം പരിശ്രമിക്കേണ്ട സഭ അതിൽ വീഴ്ച വരുത്തുമ്പോഴാണ് സെക്ടുകളുടെ അബദ്ധപ്രബോധനങ്ങളിലേക്ക് അജഗണം ആകൃഷ്ടരാകുന്നത് എന്ന പരിശുദ്ധ പിതാവിന്റെ നിരീക്ഷണം നാം ശ്രദ്ധയോടെ ശ്രവിക്കണം.

40. ഇടവകകളിലെ അജപാലനമേഖലയിൽ സംഭവിക്കുന്ന നിർജ്ജീവത്വം പലപ്പോഴും സെക്ടുകളിലേക്കുള്ള ആകർഷണം വർദ്ധിപ്പിക്കുന്നു. 2007 ജൂലൈ 5-ന് റോമിൽ നിന്നു പുറപ്പെടുവിച്ച പ്രബോധനത്തിന്റെ വെളിച്ചത്തിൽ ചുവടെ പറയുന്ന നിർദ്ദേശങ്ങൾ സെക്ടുകളെ പ്രതിരോധിക്കാനായി ഉപയോഗപ്പെടുത്താവുന്നതാണ്. ഇവയിൽ പലതും കേരളസഭയുടെ പശ്ചാത്തലത്തിൽ അടിയന്തിര പ്രാധാന്യമർഹിക്കുന്നതാണ്.

(i) വിശുദ്ധ കുർബാന കേന്ദ്രീകൃതമായ ആധ്യാത്മികതയിലേക്ക് ദൈവജനത്തെ വളർത്താൻ സാധ്യമായ സകലമാർഗ്ഗങ്ങളും ഉപയോഗിക്കണം. ഈ നിർദ്ദേശം കേരള സഭയെ സംബന്ധിച്ചിടത്തോളം ഏറെ പ്രസക്തമാണ്. തിരുനാളുകൾക്കും നൊവേനകൾക്കും അമിതശ്രദ്ധ നൽകുമ്പോൾ പരിശുദ്ധ കുർബാന അവഗണിക്കപ്പെടുന്ന സാഹചര്യം ഇവിടെ വളരുന്നുണ്ട്. അൾത്താരയെക്കാളും ശ്രേഷ്ഠമായ ഗ്രോട്ടോകളും പിയാത്തെകളും പള്ളിക്കു പുറത്തു നിർമ്മിക്കുമ്പോൾ അൾത്താരയിലെ ബലി തമസ്കരിക്കപ്പെടുന്നുണ്ടോ എന്നു ശ്രദ്ധിക്കണം.

(ii) മുതിർന്നവരുടെ മതബോധനം കാര്യക്ഷമമാക്കുക. കുട്ടികളുടെ മതബോധനം സാങ്കേതികമായിട്ടെങ്കിലും കാര്യക്ഷമമായി നടത്താൻ നമുക്കാവുന്നുണ്ട്. എന്നാൽ കേരളസഭയിൽ യുവജനങ്ങളുടെയും മുതിർന്നവരുടെയും തുടർപരിശീലനത്തിനുള്ള വഴികൾ തുലോം പരിമിതമാണ്. ഞായറാഴ്ച പ്രസംഗവും വാർഷികധ്യാനവും കാര്യക്ഷമമായി പല ഇടവകകളിലും നടത്തുന്നത് തികച്ചും ശ്ലാഘനീയമാണ്. എന്നാൽ മുതിർന്നവരുടെ മതബോധനത്തിന് നവീന മാർഗ്ഗ

ങ്ങൾ ഇനിയും തുറക്കപ്പെടേണ്ടതുണ്ട്. പഠനക്ലാസുകൾക്കും വാർഡുതല ചർച്ചകൾക്കും അവയ്ക്കു സഹായകമായ ലീഫ്ലെറ്ററുകൾ തയ്യാറാക്കി വിതരണം ചെയ്യാനും നാം തയ്യാറാകണം. പള്ളിയുടെ സമ്പത്ത് മുഴുവൻ സ്ഥാവരജംഗമ വസ്തുക്കളുടെ വ്യാപനത്തിനായി നീക്കിവയ്ക്കുന്ന ഇന്നത്തെ പ്രവണത ആശാസ്യമല്ല. ചുരുങ്ങിയത് 25% വരുമാനം എല്ലാ ഇടവകകളും ദൈവജനത്തിന്റെ വിശ്വാസപരിശീലനത്തിനും ബോധവത്കരണത്തിനുമായി നീക്കിവയ്ക്കേണ്ടതാണ്.

(iii) ആത്മീയതയുടെ ബാഹ്യവത്കരണം കത്തോലിക്കാ ആധ്യാത്മികതയുടെ തനതു സ്വഭാവം നഷ്ടപ്പെടുത്തുകയും ഉപരിപ്ലവമായ കാര്യങ്ങളിൽ കൂടുതൽ ഊന്നൽ നൽകാൻ ഇടവരുത്തുകയും ചെയ്യുന്നു. ഉപരിപ്ലവമായ ആത്മീയത സെക്ടുകളിലേക്കുള്ള ദിശാസൂചിയാണ്. ലോകത്തിലെ ഏറ്റവും വലിയ ഗ്രോട്ടോയും ഏഷ്യയിലെ ഏറ്റവും വലിയ മാതാവിന്റെ രൂപവും ഇന്ത്യയിലെ ഏറ്റവും വലിയ ക്രൂശിതരൂപവും നിർമ്മിച്ച് ഗിന്നസ് ബുക്കിലും ലിംകാ ബുക്ക് ഓഫ് റെക്കോഡ്സിലും ഇടംപിടിക്കാൻ അജപാലകർ മത്സരിക്കുമ്പോൾ അജഗണങ്ങൾ പുതിയ മേച്ചിൽപുറങ്ങൾ തേടിപ്പോയാൽ "ഞാൻ പിഴയാളി" ചൊല്ലാൻ നമ്മളും ബാധ്യസ്ഥരല്ലേ. ദൈവജനത്തിന്റെ സങ്കടങ്ങൾക്കും പരിദേവനങ്ങൾക്കും ചെവികൊടുക്കാൻ അജപാലകർക്കു കഴിയണം. ദാരിദ്ര്യവും രോഗവും അവഗണനയും മൂലം സമൂഹത്തിൽ നിരാലംബരായി തീർന്നവരുടെ ദയനീയാവസ്ഥയെ ചൂഷണംചെയ്യാനും അവരെ സത്യവിശ്വാസത്തിൽ നിന്നും വ്യതിചലിപ്പിക്കാനും വിഘടിത പ്രസ്ഥാനങ്ങളെ അനുവദിക്കരുത്. ഇതിനു സഹായകമായ രീതിയിൽ സമൂഹത്തിലെ അവശതയനുഭവിക്കുന്ന വിഭാഗങ്ങൾക്ക് സഭയുടെ കർമ്മപദ്ധതിയിൽ പ്രത്യേക ശ്രദ്ധ നൽകണം.

(iv) സെക്ടുകളുടെ പ്രബോധനങ്ങളിലെ അബദ്ധസിദ്ധാന്തങ്ങൾ തുറന്നു കാണിക്കുന്ന കൺവെൻഷനുകളും സെമിനാറുകളും ചർച്ചകളും വാർഡുതല പഠനപദ്ധതികളും നടപ്പിലാക്കണം. "സഭ പഠിപ്പിക്കുന്നതിനോടു ബുദ്ധികൊണ്ടും ഇച്ഛകൊണ്ടും പൂർണ്ണമായി യോജിക്കുന്നതിനുള്ള ഒരുവന്റെ തീരുമാനത്തിന് വിശ്വാസത്തിന്റെ ഉള്ളടക്കത്തെക്കുറിച്ചുള്ള അറിവ് അനിവാര്യമാണ്" (PF.10) എന്ന മാർപാപ്പായുടെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്. നഷ്ടപ്പെട്ടുപോയ അജഗണങ്ങളെ തിരിച്ചുകൊണ്ടുവരാൻ ഇടവക-വാർഡ് തലങ്ങളിൽ ആത്മാർത്ഥമായ പരിശ്രമം വേണം.

(v) ആത്മീയ രംഗത്ത് യാഥാസ്ഥിതികതയെ പൂർണ്ണമായി

അവഗണിക്കാനാവില്ല. ക്രിസ്തീയതയുടെ തനിമകളെ നിഷേധിക്കുകയോ മറക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യുന്ന സാംസ്കാരികാനുരൂപണങ്ങൾ മാതൃസഭയിലുള്ള വിശ്വാസം നഷ്ടപ്പെടുത്താൻ വിശ്വാസികൾക്ക് ഇടവരുത്തും. സാംസ്കാരികാനുരൂപണത്തിന്റെ അനിവാര്യമായ ആവശ്യകത അംഗീകരിക്കുമ്പോൾതന്നെ ക്രിസ്തീയവിശ്വാസത്തിന്റെ തനിമയെ ബലികഴിക്കുന്ന അനുരൂപണഭ്രമങ്ങളെ നിയന്ത്രിക്കേണ്ടതാണ്. കേരളത്തിലെ വിവിധ സെക്ടുകൾ സാംസ്കാരികാനുരൂപണങ്ങളുടെ പേരിൽ സഭയെ പ്രതിക്കൂട്ടിൽ നിറുത്താൻ ശ്രമിക്കുന്ന സാഹചര്യം നാം ഗൗരവപൂർവ്വം പരിഗണിക്കണം. ക്രിസ്തുവിനെ ഭാരതീയനാക്കുകയല്ല ഭാരതത്തെ ക്രിസ്തീയമാക്കുകയാണ് നമ്മുടെ വലിയ ലക്ഷ്യം. പ്രസ്തുത ലക്ഷ്യം മറന്നുള്ള സകല അനുരൂപങ്ങളും നിയന്ത്രിക്കപ്പെടണം. ബെനഡിക്ട് മാർപാപ്പ മുന്നറിയിപ്പു നൽകുന്നതുപോലെ, "വിശ്വാസം സ്വയം സ്പഷ്ടമായ ഒരു മുൻപ്രമാണമാണെന്നു ചിന്തിച്ചുകൊണ്ട് ക്രൈസ്തവർക്കു നിലവിലുള്ള സാമൂഹിക സാംസ്കാരിക രാഷ്ട്രീയ മേഖലകളിൽ പ്രവർത്തിക്കാനാവില്ല. കഴിഞ്ഞ കാലത്ത് വിശ്വാസത്തിന്റെ ഉള്ളടക്കത്തോടും തൽപ്രേരികമായ മൂല്യങ്ങളോടും സഹാനുഭാവം പുലർത്തുന്ന ഒരു സാംസ്കാരിക ചട്ടക്കൂടുണ്ടായിരുന്നു. എന്നാൽ ഇന്ന് മനുഷ്യരെ ബാധിച്ചിരിക്കുന്ന അഗാധമായ വിശ്വാസപ്രതിസന്ധി മൂലം സമൂഹത്തിലുടനീളം അങ്ങനെയൊന്ന് കാണാനില്ല" (PF, 2).

(vi) വൈദികരും അജഗണവും തമ്മിലും വൈദികരും മെത്രാനും തമ്മിലും രൂപതകളും റീത്തുകളും തമ്മിലുമുള്ള കൂട്ടായ്മകൾ വളർത്തിയെങ്കിൽ മാത്രമേ വിഭാഗീതയുടെ അരൂപിയെ നിർമ്മാർജ്ജനം ചെയ്യാനാകൂ. അന്തച്ഛിദ്രമുള്ള ഭവനമായി സ്വയം നശിക്കാൻ നമുക്ക് ഇടവരരുത്. നിസ്സാരകാരണങ്ങളാൽ സഭാനേതൃത്വവുമായി ഭിന്നിച്ചു നിൽക്കുന്ന അത്മായരും ചുരുക്കം ചില വൈദികരുമാണ് സെക്ടുകളിലേക്ക് വേഗത്തിൽ ആകർഷിക്കപ്പെടുന്നത് എന്ന സത്യം വിസ്മരിക്കരുത്. വിശ്വാസം, പ്രത്യാശ, സ്നേഹം എന്നീ ദൈവിക പുണ്യങ്ങളിൽ സ്നേഹമാണ് സർവ്വോത്കൃഷ്ടം എന്നു പഠിപ്പിച്ച അപ്പസ്തോലന്റെ മാതൃക പല ഭിന്നതകളും പരിഹരിക്കാൻ സഹായകമാണ്.

(vii) പൂർണ്ണമായും വൈദികകേന്ദ്രീകൃതമായ അജപാലന ശൈലി സെക്ടുകളിലേക്കുള്ള ആകർഷണത്തിനു കാരണമാകുന്നുണ്ട്. അല്മായ പങ്കാളിത്തം ഉറപ്പുവരുത്തുന്ന സഹകരണത്തിന്റെ അജപാലന ശൈലി വളർത്തുക എന്നതാണ് ശ്ലാഘനീയ മാർഗ്ഗം. കേരള

സഭയിൽ അൽമായ പങ്കാളിത്തവും നേതൃത്വവും ആശാവഹമായി വർദ്ധിച്ചിട്ടുണ്ട് എന്നതു തികച്ചും ശ്ലാഘനീയമാണ്. വൈദികർ അനുഷ്ഠിക്കേണ്ട കർമ്മങ്ങൾ അല്മായർ അനുഷ്ഠിക്കുന്നതും അല്മായരുടെ ദൗത്യങ്ങൾ വൈദികർ ചെയ്യുന്നതും അല്മായശാക്തീകരണമാകില്ല എന്ന ബെനഡിക്ട് പതിനാറാമൻ മാർപാപ്പായുടെ നിരീക്ഷണം ഇത്തരുണത്തിൽ പ്രസക്തമാണ്. തങ്ങൾ അംഗീകരിക്കപ്പെടുന്നില്ല, തങ്ങൾക്ക് വചനപ്രഘോഷണത്തിന് അവസരം ലഭിക്കുന്നില്ല, തങ്ങളുടെ ശുശ്രൂഷകൾ പരിഹസിക്കപ്പെടുന്നു തുടങ്ങിയ തോന്നലുകൾ പ്രബലമായപ്പോഴാണ് ചില വചനപ്രഘോഷകർ സെക്ടുകളിലേക്ക് ചേക്കേറിയത്. അവരുടെ പ്രവൃത്തി ന്യായീകരിക്കത്തക്കതല്ലെങ്കിലും അതിന് ഇടനൽകുന്ന സാഹചര്യങ്ങൾ ഒഴിവാക്കാനും അല്മായർക്ക് സഭയിൽ ന്യായവും അർഹവുമായ പരിഗണന ലഭിക്കാനുമുള്ള അവസരം സംലഭ്യമാക്കണം.

(viii) കത്തോലിക്കാ ആധ്യാത്മികതയിൽ ഇടവകദേവാലയത്തിന്റെ അൾത്താര കേന്ദ്രമാക്കിയാണ് ആധ്യാത്മികത വളർന്നുവരേണ്ടത്. എന്നാൽ ഇന്ന് ഇടവകദേവാലയങ്ങൾ നൈയാമികവും കൗദാശികവുമായ ശുശ്രൂഷകളുടെ വേദികളായി മാറുകയും ആധ്യാത്മികത തേടി വിശ്വാസികൾ ധ്യാനകേന്ദ്രങ്ങളെയും "സിദ്ധിവിശേഷങ്ങളുള്ളവരെയും" അന്വേഷിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. കർത്തവ്യബാഹുല്യങ്ങൾ ഉണ്ടെങ്കിലും ഇടവകവികാരിമാർ യഥാർത്ഥ ആത്മീയപിതാക്കളുടെ ദൗത്യം നിർവ്വഹിക്കുക എന്നതാണ് ഇതിനുള്ള യഥാർത്ഥ പോംവഴി. ധ്യാനകേന്ദ്രങ്ങളിൽ ധ്യാനത്തിനെത്തുന്നവരെ ഇടവകാദേവാലയത്തിന്റെ അൾത്താരയിലേക്ക് നയിക്കാൻ ധ്യാനഗുരുക്കന്മാർക്കു കഴിയണം. ധ്യാനകേന്ദ്രങ്ങൾ സമാന്തര അജപാലന കേന്ദ്രങ്ങളായി വർത്തിക്കരുത്.

"സഭ വിശ്വസ്തതാപൂർവ്വം കൈമാറിയ ദൈവവചനവും യേശു ശിഷ്യന്മാർക്ക് ഭക്ഷണമായി നൽകിയ ജീവന്റെ അപ്പവുംകൊണ്ട് നമ്മെതന്നെ പോഷിപ്പിക്കുവാനുള്ള താത്പര്യം നാം വീണ്ടും കണ്ടെത്തണം" (PF,3.) ദൈവീകദാനമായ വിശ്വാസം വിശ്വസ്തതയോടെ കാത്തുസൂക്ഷിക്കാൻ നമുക്കു കടപ്പാടുണ്ട്. രണ്ടുസഹസ്രാബ്ദങ്ങളായി വിശ്വാസത്തിനെതിരെ ഉയർന്ന വെല്ലുവിളികളെ അതിജീവിച്ച സഭയ്ക്ക് സമകാലികപ്രതിസന്ധികളെയും കർത്താവിന്റെ കൃപയാൽ വിജയകരമായി തരണംചെയ്യാനാകും. കർത്താവിന്റെ മഹത്ത്വപൂർണ്ണമായ രണ്ടാമത്തെ ആഗമനംവരെ ഭൂമിയിൽ സത്യവിശ്വാസം അഭംഗുരം കാത്തു

സൂക്ഷിക്കുക എന്ന വലിയ ഉത്തരവാദിത്വമാണ് ക്രിസ്തുനാഥൻ തിരുസഭയെ ഭരമേൽപ്പിച്ചത്. അപ്പസ്തോലന്മാരുടെയും അവരുടെ പിൻഗാമികളുടെയും സത്യപ്രബോധനത്താലും രക്തസാക്ഷികളുടെ ചുടുനിണത്താലും പരിപോഷിപ്പിക്കപ്പെട്ട സഭ അനേകം വിശുദ്ധാത്മാക്കളുടെ പുണ്യജീവിതത്തിലൂടെ ഈ ദൗത്യം തുടരുന്നു. വിശ്വാസത്തിന്റെ അടിസ്ഥാനങ്ങൾ അറിയുന്നതിനും പ്രസ്തുത വിശ്വാസം വ്യാഖ്യാനിക്കുന്നതിനുമുള്ള ഉത്തരവാദിത്വം ഓരോ വിശ്വാസിക്കുമുണ്ട്. ആഗോളസഭ ആചരിക്കുന്ന വിശ്വാസവർഷം ഈ ദൗത്യം ഫലപ്രദമായി നിർവ്വഹിക്കുന്നതിന് സകലവിശ്വാസികളെയും ദൈവകൃപയാൽ പ്രാപ്തമാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

കേരള കത്തോലിക്കാ മെത്രാൻ സമിതിക്കുവേണ്ടി,

**1. ആർച്ചുബിഷപ് മാർ ആൻഡ്രൂസ് താഴത്ത്**
കെ.സി.ബി.സി. പ്രസിഡന്റ്

**2. ആർച്ചുബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ**
കെ.സി.ബി.സി. വൈസ് പ്രസിഡന്റ്

**3. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ്**
കെ.സി.ബി.സി. ജനറൽ സെക്രട്ടറി

**NB:- ഈ സർക്കുലർ ദിവ്യബലി മദ്ധ്യേ വായിക്കാനുള്ളതല്ല, മറിച്ച് ഇതിലെ ആശയങ്ങൾ രണ്ടോ മൂന്നോ ഞായറാഴ്ചകളായി നമ്മുടെ ജനങ്ങളെ പഠിപ്പിക്കേണ്ടതും സന്യാസസഭാതലങ്ങളിലും, സംഘടനാതലത്തിലും കുടുംബയോഗങ്ങളിലും ചർച്ച ചെയ്യേണ്ടതുമാണ്. വിശുദ്ധഗ്രന്ഥം, കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം, കത്തോലിക്കാസഭയുടെ യുവജനമതബോധനഗ്രന്ഥം എന്നിവ നമ്മുടെ എല്ലാ ഭവനങ്ങളിലും ഉണ്ടെന്ന് ഉറപ്പുവരുത്തുകയും ഇവ പഠിക്കുന്നതിലൂടെ സത്യവിശ്വാസം കാത്തുസൂക്ഷിക്കുവാൻ പരിശ്രമിക്കുകയും വേണം.**

# Protection of Children from Sexual Offences Act, 2012: A Praiseworthy but Flawed Legislation

**Rev. Fr. Jose Parappully PhD**

The Protection of Children from Sexual Offences Bill, 2011 which was passed in the Rajya Sabha on 10 May 2012 and in the Lok Sabha on 22 May 2012 received the assent of the President of India on 20 June 2012. It is now known as the Protection of Children from Sexual Offences Act, 2012 and is the law of the land.

This is a piece of landmark legislation. For the first time a special law has been passed to address the issue of sexual violence against children. It seeks to protect all children below the age of 18 from sexual assault, sexual harassment and pornography. These offences are clearly defined for the first time in Indian penal law. The Act provides for stringent punishment to the offenders. Aggravated Penetrative Sexual Assault, for example, carries an imprisonment of no less than 10 years, which can be extended to imprisonment for life.

## Unique Features

The Act has some remarkable positive features. It provides for the setting up of Special Juvenile Courts and appointment of Special Public Prosecutors for the speedy trial of the accused. The evidence of the child is to be recorded within 30 days and the trial to be completed, as far as possible, within a year.

It provides a number of child friendly measures related to reporting, recording of evidence, investigation and trial of offences.

The statement of the child is to be recorded as far as practicable by a woman police officer not below the rank of sub-inspector. The medical examination of the victim is to be conducted in the presence of the parent of the child or any other person in whom the child reposes trust or confidence. In case the victim is a girl child, the medical examination is to be conducted by a woman doctor. The Act also stipulates that immediate

arrangements have to be made, as needed, for the care and protection of the child who has been victimized.

The media has been barred from disclosing the identity of the victim without the permission of the Special Court.

The attempt to commit a crime, even if not successful, is made liable to punishment. The Act also provides punishment for abetment of the offence. Failure to report a known offence is also considered abetment.

In the case of an allegation, the Act places the burden of proof on the accused. At the same time it also provides punishment for false accusation. The Act considers offences as aggravated when committed by a person in a position of trust or authority over the child in any way.

The Act has mandated that Central and State governments give wide publicity to it. An especially appreciative measure mandated is that training be provided periodically to officers of Central and State governments on matters related to the implementation of the Act.

## Shortcomings

On the whole the Act is a fine piece of legislation in terms of dealing with cases of abuse of children. However, the Act has totally neglected measures to be taken to prevent abuse. All though the Bill is meant "to protect children from sexual assault, sexual harassment and pornography," there is nothing in the Act that refers to prevention of abuse. The Act only deals with actions to be taken after the child has suffered sexual violence. Hence, the Act is a misnomer. Our legislators seem to think that punishment is a valuable deterrent. It has never been so in history! Just like capital punishment in itself has not deterred the committing of murder!

Although The Parliamentary Committee overseeing the Bill, had widely disseminated the Bill (it was also available on the Net) and invited comments and suggestions on the Bill from various organisations working with children, and suggestions had been sent, not many of them were incorporated before the Bill was passed in Parliament. The Act as passed contains some serious defects.

## Definition of Offence

In the earlier version of the Bill anyone under the age of 16

was considered a minor. The Act raised the cut off age to 18. In the course of it, the Act also made any sexual activity, even a consensual one, with children under 18 or between minors a serious criminal offence, punishable with imprisonment. This is unfortunate. Not every sexual act between children below 18 is inappropriate. There is much sexual experimentation among children that is part of healthy psychosexual development. The American Psychological Association, the premier association of psychologists in the world, has stipulated in its definition of sexual abuse that there has to be a difference of five years between a child and a perpetrator for a sexual act to be considered abuse. One redeeming feature of the Act in this context is that if an offence under this Act is committed by a child, such child is to be dealt with under the provisions of the Juvenile Justice (Care and Protection of Children) Act, 2000.

## Procedures for Reporting Cases

Chapter V of the Act that describes is "Procedures for Reporting of Cases" is the weakest or the most flawed section of the Act from a psychological and professional perspective.

This section required greater specificity. Any person who has reason to believe that an offence under this Act is likely to be committed or knows that such an offence has been committed any time in the past is obliged to inform the Special Juvenile Police or the local police. Failure to report is considered a criminal offence punishable by imprisonment.

Using the phrase "Any person" is making the onus of reporting universally binding, including the victims. Just as in Chapter II, B where various categories of persons whose action can be considered as aggravated sexual assault have been specifically mentioned, so also this section should have specifically listed the categories of persons mandated to report abuse, and who can be exempted.

In this context, what about "privileged information" such as gained through lawyer-client exchange, in psychotherapy or in the Sacrament of Confession (Reconciliation) in the case of Catholic priests? Are these professionals also bound to divulge such privileged information? In the case of Catholic priests who are obliged by their vow to maintain secrecy about everything heard in the

Sacrament of Confession, this requirement becomes a violation of their sacred commitment to protect the sanctity of the Sacrament. It gives rise to conflict of conscience.

Even the child who has been abused is obliged to report the matter. This is not a very child-friendly measure. For a variety of reasons, including fear of reprisal, a child can refrain from reporting. I feel the child victim should have been exempt from this requirement to report. Fortunately the child is exempt from punishment for failure to report [Section 21(3)].

There is also no punishment stipulated for children who make false accusations or provide false information. In one sense, this is child friendly. However, this is also a questionable exemption in the context of a child being defined by the Act as someone below the age of 18. A malicious adolescent can make a false allegation and face no consequences for it, ruining in the process the reputation and even careers of innocent persons.

The Act does not mention any Statute of Limitation. Should an act committed 20 or 50 years ago be reported? Some differentiation should have been made between ongoing or recent abuse and abuse which happened a long time ago.

An important issue in regard to Reporting of Abuse that is missing from the Act is the protection of those reporting the abuse. When a teacher, for example, reports that a student is being abused by a family member (most abuse happens in the family), he or she may face negative consequences, including threat to life; the child too may suffer negative consequences including beatings and further assault etc. Section 19(5) and (6) provide for the protection and care of the child who has been victimised. However, no protective measures are offered for the person who reports abuse. Obligation to report, without providing protection for the one who reports, including children other than the victim, can be dangerous. We are aware of the dangers that whistleblowers face these days.

## Non-inclusive Definitions

The wording of the act is such that a male bias can be read into it. The Definition of Penetrative Sexual Assault in Chapter II, Section A (3), for example, uses the masculine pronoun "he" to refer to the offender; this excludes women as offenders. What about

women who engage in digital rape of boys or girls, or insert objects into the anus or vagina of children? Or, is penetrative sex applicable only to use of the male organ?

Even though the opening sentence of Section 19 (1) of Chapter V, uses "any person," referring to those who are to report known cases of abuse, the pronoun used in the rest of the section is "he." Here again we can read a male bias; by using the pronoun "he" the Bill can be interpreted to exclude women from the responsibility of reporting.

There is an assumption among many people that sexual abuse is perpetrated only by men; this is not true. Even though most abusers are men, women also sexually abuse both male and female children. Even though most victims generally are female, latest available statistics indicate that there is an increase in the number of boys who are sexually abused in India; in some states the number of boys abused outnumbers abused girls.

## Better Late Than Never

The Act was long overdue in the context of statistics showing that more than 53 percent of children in India experience some form of sexual exploitation. Until the Act was passed there was no law in India specifically addressing the protection of children from sexual exploitation, even though such a law was mandated by the United Nations Convention on the Rights of Children, 1989 which was ratified by India on 11th December, 1992. The Convention required the State Parties to undertake all appropriate national, bilateral and multilateral measures to prevent the inducement or coercion of a child to engage in any unlawful sexual activity. It took India 20 years to fulfill that mandate. Better late than never!

The approach to the Bill by our lawmakers has also been rather lackadaisical. It had been drawn up in 2005. But it was introduced in the Rajya Sabha only on March 23, 2011. The same Bill was introduced in the Lok Sabha and passed hastily in the Lower House at the last minute without much of a discussion (the only point raised was that it could be misused) on the last day of the budget session of Parliament.

Another point to note: The Act states that it is applicable to the whole of the country, except Jammu and Kashmir. I am not in

the know of the reasons for this exception. However, don't the children of Jammu and Kashmir require protection against sexual assault? In the violent climate existing in that State, there is the greater likelihood of children being victims of sexual exploitation. Shouldn't some provisions be made to prevent this happening?

## In Conclusion

Over all, despite its shortcomings, the Act is highly commendable and one that is long overdue. It clearly defines sexual assault, sexual harassment and pornography and gives very clear guidelines to be followed when incidence of abuse comes to be known. Abused children will have the consolation that their violators as well as those who abet their victimisation will face due course of the law. Those who care for children also can have the confidence now that they can avail of legal recourse in cases of sexual exploitation of children.

## Church Response

I understand that the CBCI has been working on the Church's policy statement on sexual abuse of minors. Such a document was not circulated among a wider group for feedback and suggestions. There has also been delay, for whatever reasons, in publishing it. It is important that the Church's policy statement incorporates and address the requirements of the recent Act. It is also important to have an appropriate response from the Catholic Church to the legislative requirement that any one who comes to know of sexual abuse, present or past, no matter what the source or medium, has to report the matter to the police or would be considered as abetting crime.

(Rev. Fr. Jose Parappully, PhD is a Salesian priest and a clinical psychologist. He is the Founder-Director of Sumedha Centre for Psychology and Spirituality at Jeolikote, near Nainital, Uttarakhand. Email: sumedha.bps@gmail.com )

# രൂപതാകച്ചേരി വാർത്തകൾ

**മതബോധനദിനം**

സെപ്റ്റംബർ 9-ാം തീയതി നമ്മുടെ രൂപതയിൽ മതബോധന ദിനമായി ആഘോഷിക്കുകയാണല്ലോ. അന്നേദിവസം തന്നെയാണ് നമ്മുടെ മതാധ്യാപകരെയും കുട്ടികളെയും പ്രത്യേകമാംവിധം അനുസ്മരിക്കുകയും അവരോടുള്ള ആദരവും സ്നേഹവും നന്ദിയും നമ്മൾ അറിയിക്കുകയും ചെയ്യുന്നത്. നമ്മുടെ രൂപതയിൽ ഈ വർഷം 2294 അധ്യാപകരെയാണ് വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ നമ്മുടെ ഇടവകകളിൽ ശുശ്രൂഷ ചെയ്യുന്നത്. ത്യാഗപൂർണ്ണവും ആത്മാർത്ഥത നിറഞ്ഞതുമായ അവരുടെ പ്രവർത്തനങ്ങളെ നന്ദിയോടെ സ്മരിക്കുകയും രൂപത മുഴുവന്റെയും കൃതജ്ഞതയും അനുമോദനങ്ങളും അറിയിക്കുകയും ചെയ്യുന്നു. മാതാപിതാക്കളും, അധ്യാപകരും ബഹു. വികാരിയച്ചന്മാരോട് ചേർന്ന് നമ്മുടെ കുട്ടികളുടെ വിശ്വാസപരിശീലനത്തിൽ അതീവ ശ്രദ്ധ പുലർത്തണമെന്ന കാര്യം മതബോധനദിനം നമ്മെ ഓർമ്മപ്പെടുത്തുന്നു. സഭയുടെ ഏറ്റവും വലിയ ദൗത്യം വിശ്വാസത്തിന്റെ കൈമാറ്റമാണ്. അതിൽ നമ്മുടെ പൂർണ്ണ ഉത്തരവാദിത്വത്തോടെ ശ്രദ്ധാലുക്കളാകാം.

രൂപതയുടെ മതബോധന പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന ബഹു. ബെന്നി മുതിരക്കാലായിലച്ചനെയും നേതൃത്വനിരയിൽ പ്രവർത്തിക്കുന്ന രൂപതാ ടീം അംഗങ്ങളെയും ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുകയും അവർക്ക് എല്ലാവിധ ഭാവുകങ്ങളും വിജയങ്ങളും ആശംസിക്കുകയും ചെയ്യുന്നു.

രൂപതാ മതബോധന പ്രവർത്തനങ്ങൾ കൂടുതൽ ക്രിയാത്മകമാക്കുവാൻ സഹായകമായ എല്ലാവിധ സഹകരണവും ഇടവകകളിൽ നിന്നും ഉണ്ടാകണം.

മതബോധന ദിനത്തോടനുബന്ധിച്ച് മുൻകൂട്ടി ദൈവജനത്തെ ഉദ്ബോധിപ്പിക്കുകയും അന്നേദിവസം പ്രത്യേക പിരിവ് എടുത്ത് രൂപതാ കാര്യാലയത്തിൽ ഏല്പിക്കുകയും ചെയ്യേണ്ടതാണ്.

**സ്നേഹസ്മരണ**

സെപ്റ്റംബർ 19-ാം തീയതി ബഹു. ജോർജ് കഴിക്കച്ചാലിൽ, ബഹു. മാത്യു ഇല്ലിക്കൽ എന്നീ ബഹു. വൈദികരുടെ ചരമദിനമാണ്. അന്നേദിവസം നമ്മുടെ പ്രാർത്ഥനകളിലും വി. കുർബാനയിലും അവരെ നമുക്ക് പ്രത്യേകം അനുസ്മരിക്കാം.

**COLLECTIONS FOR THE YEAR 2011-2012** (ചേർക്കാൻ വിട്ടുപോയത്)

Pookottumpadam Church : Youth Day - 300
Anti Alcoholic - 200
Catechetical Sunday - 350
Communication Media - 250

## New Address

Fr. Joseph Thayil Mathew (Fr. Jos Thayil),
The Presbytery, St Augustine's Roman Catholic Church,
Esdaile Lane, High Street, Hoddesdon, England,
The UK
Post Code : EN11 8DS
Telephone: 0044(+44)7448794191

**ബഹു. വൈദികരുടെ വാർഷികധ്യാനം**

നേരത്തെ അറിയിച്ചിരുന്നതുപോലെ നമ്മുടെ രൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം 2 ബാച്ചുകളിലായി സെപ്റ്റംബർ 9 മുതൽ 14 വരെയും 23 മുതൽ 28 വരെയും ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നതാണ്. റവ. ഫാ. മാത്യു ആശാരിപറമ്പിൽ ആണ് ധ്യാനം നയിക്കുന്നത്. മറ്റ് എവിടെയെങ്കിലും ധ്യാനത്തിൽ സംബന്ധിച്ചിട്ടുണ്ട് എങ്കിലും നമ്മുടെ കൂട്ടായ്മയുടെ പ്രകടനം എന്ന നിലയിൽ രൂപതയുടെ പൊതുവായ ഈ ധ്യാനത്തിൽ കൂടി പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ. തക്കതായ കാരണത്താൽ ധ്യാനത്തിൽ സംബന്ധിക്കാൻ സാധിക്കാത്തവർ എത്രയും വേഗം പാസ്റ്ററൽ സെന്റർ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയച്ചനെ വിവരം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മറ്റുചില കാര്യങ്ങൾ കൂടി ഓർമ്മിപ്പിക്കട്ടെ.

1. ധ്യാന വിവരം മുൻകൂട്ടി ഇടവകകളിൽ അറിയിക്കുക. ഇതുവഴി ജനങ്ങൾക്ക് വൈദികർക്കുവേണ്ടി പ്രാർത്ഥിക്കുവാനും അവരുടെ ആവശ്യങ്ങൾ ക്രമീകരിക്കുവാനും സാധിക്കും.
2. ധ്യാനത്തിനു വരുമ്പോൾ കുർബാന കണക്ക് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്. തക്കതായ കാരണത്താൽ ധ്യാനത്തിൽ

സംബന്ധിക്കാൻ സാധിക്കാത്തവർ 2011 സെപ്റ്റംബർ മുതൽ 2012 ഓഗസ്റ്റ് 31 വരെയുള്ള ബൈനേഷന്റെ കണക്കുകൾ കത്തു മുഖേനയോ, ഫോൺ വഴിയോ സെപ്റ്റംബർ അവസാനത്തോടെയെങ്കിലും ബിഷപ്സ് ഹൗസിൽ അറിയിക്കേണ്ടതാണ്. കുർബാന കണക്ക് പുസ്തകം പരിശോധനയ്ക്ക് വികാരി ജനറാളിന്റെ പക്കൽ എത്തിക്കേണ്ടതുമാണ്.

3. PPF ന്റെ വരിസംഖ്യ നൽകാത്തവർ ധ്യാനത്തിനു വരുമ്പോൾ കൊണ്ടുവരണമെന്ന് ഓർമ്മിപ്പിക്കുന്നു.
4. ധ്യാനദിവസങ്ങളിൽ രൂപതാ കൂരിയാ അവധിയായിരിക്കും.

# ANNUAL RETREAT FOR PRIESTS

## Ist Batch - 2012 September 9 Sunday to 14 Friday

| SN | Rev.Frs. Housename & Name | SN | Rev.Frs. Housename & Name |
|---|---|---|---|
| 1 | Alukka George | 21 | Kattarath Mathew |
| 2 | Ambalathinkal Sebastian (Manoj) | 22 | Kattuthuruthiyil Thomas |
| 3 | Chakiyathmooda Xavier (Babu) | 23 | Kazhuthadiyil Mathew |
| 4 | Chakkittukudy Jose | 24 | Kizhakkanputhupally Varghese (Pratheesh) |
| 5 | Changanamthundathil George | 25 | Kocharackal Jose |
| 6 | Chempalayil Augustine | 26 | Kochuparackal Kurian |
| 7 | Chettiyassery Joseph (Jaise) | 27 | Kokkandathil John |
| 8 | Chozhenparambil John | 28 | Korandiyarkunnel Paul |
| 9 | Edakkudiyil Mathew | 29 | Korattiparambil Vincent |
| 10 | Elavunkal Johny | 30 | Kottackal Stephen |
| 11 | Kachirayil Thomas | 31 | Kottayil Joseph |
| 12 | Kakkattikalayil Sebastian | 32 | Kottaram Jose |
| 13 | Kakkonal Manoj | 33 | Kunnath Johny |
| 14 | Kalambukattu Joseph | 34 | Kunnath Kuriakose |
| 15 | Kalappura Alex | 35 | Kuttikattukunnel Thomas |
| 16 | Kallupura Johny | 36 | Kuttimakkal James |
| 17 | Kaniamattam Joseph | 37 | Madathil Abraham |
| 18 | Kappiarumalayil John | 38 | Madathinakam Leopold |
| 19 | Kappiarumalayil Jose | 39 | Malayil Mathew |
| 20 | Kassamkuttiyil Sebastian | 40 | Mampallil George |

41 Mankottil James
42 Mannoor Thomas
43 Mavara Stanislaus
44 Memana George
45 Memana Joseph
46 Moloparambil Jose
47 Moothedath Thomas
48 Mulakudiyankal Varghese
49 Mundackal Jose
50 Muthukattil Shantidas
51 Muthukathaniyil Varghese
52 Nadukunnel Abraham
53 Nanthikatt Joseph
54 Narikuzhy Jacob
55 Nedumkallel Joseph
56 Nellickal Abraham
57 Nilackappillil Augustine
58 Olickal Thomas (Jimmy)
59 Paikkatt Mathew
60 Painumkal George (Lal)
61 Painumkal Kuriakose
62 Pakkanikuzhiyil Sebastian (Vinod)
63 Palackeel Sebastian
64 Palathadathil George
65 Parambil Kuriakose
66 Pariyappanal Thomas
67 Parunthanolil Thomas
68 Paruvummel Joseph
69 Perumattikunnel John
70 Perumattikunnel Mathew
71 Pinakkatt Joseph
72 Ponthottiyil Thomas
73 Pudussery Vincent
74 Pulinthanam Jose
75 Pullankunnel Chacko
76 Pulpayil Joseph
77 Punakkatt Chandy
78 Puthenpura John
79 Thamarasseril Vincent
80 Thekkanady Jose
81 Therakam Thomas Joseph
82 Thondiparambil Joseph
83 Thondiparambil Sebastian (Biju)
84 Thuruthel Joseph
85 Thuruthel Kuriakose [Joy]
86 Thuruthel Thomas [Biju]
87 Thykunnumpuram Thomas
88 Vadakkancheril Mathew
89 Vadakkemulanjanal Michael
90 Vadayaparambil Sony
91 Valakodiyil Dominic
92 Valloppilly Joseph
93 Vathelil Abraham
94 Vazhachalil Thomas
95 Vazhakatt Joseph
96 Vazhakkala Chackochan
97 Vazhakkalayil Jose

**Religious Priests**

1. Chembukettickal Jose O.Praem
2. Chirappurath Kurian OFM
3. Ellickal Chacko OFM
4. Kanjiramparambil Johny MSFS
5. Mangalath Antony VC
6. Mullasseril Joy CSs R
7. Parakattukuzhiyil Chacko CMI
8. Parekattil Baby TOR
9. Pattathilchira Thomas CMF
10. Thalachira Thomas Michael O'Carm
11. Vadakkedath Saji MSFS

# ANNUAL RETREAT FOR PRIESTS

## IInd Batch - 2012 September 23 Sunday to 28 Friday

| SN | Rev.Frs. Housename & Name |
|---|---|
| 1 | Aikkarathazhath Joseph |
| 2 | Athickal Mathew |
| 3 | Chakkittakudiyil James |
| 4 | Chelackapallil Thomas (Sibichan) |
| 5 | Chembakkara James |
| 6 | Chettaniyil Thomas |
| 7 | Chittoor Joseph |
| 8 | Choorapuzhayil John |
| 9 | Edayakondattu Paul |
| 10 | Elavanappara Sebastian |
| 11 | Elayidathu Mani |
| 12 | Elemkunnel Sebastian |
| 13 | Kalappura Jose |
| 14 | Kalappurayil Vincent |
| 15 | Kallumgatharayil Agustine |
| 16 | Karukapally Joseph |
| 17 | Karuthedath Mathew |
| 18 | Kavumkal Joseph |
| 19 | Keezheth Sebastian |
| 20 | Kizhakkanputhupally John (Santhosh) |
| 21 | Kizhakkumpuram George |
| 22 | Kochuparackal Mathew |
| 23 | Koipuram Sebastian |
| 24 | Kollarthottam Mathew |
| 25 | Koottala Paul |
| 26 | Koyikattil Thomas |
| 27 | Kulathinal James |
| 28 | Kulirany Jose |
| 29 | Kumbukal James |
| 30 | Kunnathettu James |
| 31 | Kuthukallunkal Francis |
| 32 | Kuzhikandathil Joseph |
| 33 | Madapallikunnel Mathew |
| 34 | Mampallil Anto |
| 35 | Manakkattumattam Paul |
| 36 | Manakkunnel Thomas |
| 37 | Manchuvally Joseph |
| 38 | Mangalathil Thomas |
| 39 | Maplassery Lukose |
| 40 | Mattam Gervasis |
| 41 | Mecheril Joseph |
| 42 | Meppurath Chacko |
| 43 | Moolayil George |
| 44 | Moolayil Thomas (Jimmy) |
| 45 | Moonnanal Justin |
| 46 | Moothedath Mathew |
| 47 | Mukkattukavunkal Thomas |
| 48 | Mulavelikunnel Jacob (Shaju) |
| 49 | Mundackamattam Jose |
| 50 | Mundolickal Paul |
| 51 | Munjanattu Mathew |
| 52 | Muthanikkattu Justin |
| 53 | Muthirakalayil Joseph |
| 54 | Myladoor George |
| 55 | Nechikatt Joseph |
| 56 | Nellikunnel Francis |
| 57 | Onampally Jerry |
| 58 | Ottaplackal Thomas |
| 59 | Ouseppparampil Joseph |
| 60 | Padinjarayil George |
| 61 | Padinjarayil Mathew (Robin) |
| 62 | Palakatt Augustine |

63 Palath Joseph (Sijo)
64 Pallichankudiyil Mathai
65 Peedikappara James
66 Periappuram Mathew
67 Perumattikunnel Thomas
68 Plassanal Thomas
69 Poothakkuzhy Jacob (Jaise)
70 Poovathinkal Peter (Dennis)
71 Pudussery Martin
72 Pullamkunnel Joy
73 Punchayil Lucka
74 Punnakkapadavil Sebastian
75 Puthanapra Kurian
76 Puthenpurackal Mathew
77 Puthenpurayil Joseph (Sineesh)
78 Puthukattil Mathew (Jainesh)
79 Puthukulangara Thomas
80 Puthukulathil John
81 Thanniyil Augustine
82 Thayyil Jose
83 Thekkepera Mathew
84 Therakam George
85 Thumbiamkuzhy Joseph
86 Unnippally Sebastian
87 Urumbil Joseph
88 Vadakkel Emmanuel
89 Vadayaparambil Jose
90 Vattukunnel Issac
91 Vazhappilly Paul
92 Vazhayil Kurian
93 Veliyath Joseph

**Religious Priests**

1. Chakkalayil Mathew CST
2. Idimuzhithadathil Devasia MCBS
3. Illiparambil Chacko CMI
4. Mathew Chalil CMI
5. Parakkattil Saji O.Praem
6. Pathazhathinkal Biju PSDP
7. Ponnambel Joseph TOR
8. Poovakulath Jose SAC
9. Puthukulangara Chacko CMI
10. Thanniyil Varkey CMF [Asst.]
11. Thottathil Mathew CMF

**പാസ്റ്ററൽ കൗൺസിൽ**

നമ്മുടെ രൂപതയിലെ പാസ്റ്ററൽ കൗൺസിലിന്റെ ഒരു സമ്മേളനം 2012 സെപ്റ്റംബർ 8–ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ 1.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ചേരുന്നു. അംഗങ്ങൾക്ക് കത്തുകൾ അയച്ചിട്ടുണ്ട്. ആർക്കെങ്കിലും കത്ത് കിട്ടാതെ വന്നാൽ ഇതൊരറിയിപ്പായി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വിദ്യാഭ്യാസ സഹായനിധി

ഓഗസ്റ്റ് മാസത്തെ രൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച (2012 മെയ്) വിദ്യാഭ്യാസ സഹായനിധിയുടെ Disbursement list ൽ അവസാനം അപേക്ഷ നൽകിയ ഇടവകകളുടെ പേരുകൾ ചേർക്കാനുള്ളതുകൊണ്ടും ചില തിരുത്തലുകൾ ഉള്ളതുകൊണ്ടും ലിസ്റ്റ് പൂർണ്ണമായി ഒരിക്കൽകൂടി പ്രസിദ്ധീകരിക്കുന്നു.

## Disbursement list of Education Aid Fund 2012

| SN | Name of the Parish | No. of students | Amount |
|---|---|---|---|
| 1. | Adikolly | 4 | 4000 |
| 2. | Alattil | 4 | 4000 |
| 3. | Amarakuni | 4 | 4000 |
| 4. | Ambalavayal | 4 | 4000 |
| 5. | Ambayathode | 3 | 3000 |
| 6. | Appapara | 4 | 4000 |
| 7. | Arattuthara | 4 | 4000 |
| 8. | Arinchermala | 2 | 2000 |
| 9. | Arulnilayam | 4 | 4000 |
| 10. | Aruvankad | 4 | 4000 |
| 11. | Bavali | 3 | 3000 |
| 12. | Bekki | 4 | 4000 |
| 13. | Bhoodanam | 4 | 4000 |
| 14. | Boy's Town | 4 | 4000 |
| 15. | Burliar | 4 | 4000 |
| 16. | Charity | 4 | 4000 |
| 17. | Cheengavallam | 4 | 4000 |
| 18. | Chennalode | 4 | 4000 |
| 19. | Cherukattoor | 4 | 4000 |
| 20. | Chooralmala | 4 | 4000 |
| 21. | Chulliode | 4 | 4000 |
| 22. | Chundakkara | 4 | 4000 |

| | | | |
|---|---|---|---|
| 23. | Chungakkunnu | 4 | 4000 |
| 24. | Coonoor | 4 | 4000 |
| 25. | Deepthigiri | 4 | 4000 |
| 26. | Dharmagiri | 4 | 4000 |
| 27. | Dwaraka | 4 | 4000 |
| 28. | Edappetty | 4 | 4000 |
| 29. | Edayoorkunnu | 3 | 3000 |
| 30. | Edivanna | 4 | 4000 |
| 31. | Elapeedika | 4 | 4000 |
| 32. | Jude's Mount | 4 | 4000 |
| 33. | Kabanigiri | 4 | 4000 |
| 34. | Kallody | 4 | 4000 |
| 35. | Kallumukku | 4 | 4000 |
| 36. | Kalpetta | 2 | 2000 |
| 37. | Kalpra | 4 | 4000 |
| 38. | Kammana | 4 | 4000 |
| 39. | Kaniambetta | 4 | 4000 |
| 40. | Karackamala (Kellur) | 4 | 4000 |
| 41. | Karani | 2 | 2000 |
| 42. | Karimbil | 4 | 4000 |
| 43. | Kavummannam | 4 | 4000 |
| 44. | Kayyunny | 4 | 4000 |
| 45. | Kelakam | 4 | 4000 |
| 46. | Kommayad | 4 | 4000 |
| 47. | Kottathara | 4 | 4000 |
| 48. | Kottiyoor | 4 | 4000 |
| 49. | Kunjhome | 4 | 4000 |
| 50. | Kunnalady | 4 | 4000 |
| 51. | Kunnumbetta | 1 | 1000 |
| 52. | Kurumbala | 4 | 4000 |
| 53. | Kurumbalakotta | 4 | 4000 |
| 54. | Kuttimoola | 4 | 4000 |
| 55. | Machikolly | 4 | 4000 |
| 56. | Makkiyad | 4 | 4000 |
| 57. | Mananthavady (Cathedral) | 4 | 4000 |

| | | | |
|---|---|---|---|
| 58. | Mananthavady (Town Church) | 4 | 4000 |
| 59. | Mangalam | 4 | 4000 |
| 60. | Mangalassery | 4 | 4000 |
| 61. | Manimooly | 4 | 4000 |
| 62. | Marakavu | 4 | 4000 |
| 63. | Marakkadavu | 4 | 4000 |
| 64. | Maryland | 4 | 4000 |
| 65. | Meenangadi | 4 | 4000 |
| 66. | Moolankave | 4 | 4000 |
| 67. | Mothakkara | 4 | 4000 |
| 68. | Munderi | 4 | 4000 |
| 69. | Muthireri | 4 | 4000 |
| 70. | Muttiyel | 4 | 4000 |
| 71. | Narivalamunda | 4 | 4000 |
| 72. | Nedumpala | 4 | 4000 |
| 73. | Neikuppa | 4 | 4000 |
| 74. | Nelliyodi | 4 | 4000 |
| 75. | Nilambur | 4 | 4000 |
| 76. | Njarappadam | 4 | 4000 |
| 77. | Olivumala | 4 | 4000 |
| 78. | Ottaplavu | 4 | 4000 |
| 79. | Padamala | 4 | 4000 |
| 80. | Palankara | 4 | 4000 |
| 81. | Palchuram | 4 | 4000 |
| 82. | Panamchira | 4 | 4000 |
| 83. | Panavally | 4 | 4000 |
| 84. | Panthipoil | 4 | 4000 |
| 85. | Paralikunnu | 4 | 4000 |
| 86. | Parathottam | 4 | 4000 |
| 87. | Pathiripadam | 4 | 4000 |
| 88. | Pattanikoop | 4 | 4000 |
| 89. | Payyampally | 4 | 4000 |
| 90. | Pazhoor | 4 | 4000 |
| 91. | Peria | 4 | 4000 |
| 92. | Poolapadam | 4 | 4000 |

| | | | |
|---|---|---|---|
| 93. | Poroor | 4 | 4000 |
| 94. | Prasanthagiri | 4 | 4000 |
| 95. | Puthiyidamkunnu | 4 | 4000 |
| 96. | Puthusserikkadavu | 4 | 4000 |
| 97. | Puthussery | 4 | 4000 |
| 98. | Rippon | 4 | 4000 |
| 99. | Sulthan Bathery | 4 | 4000 |
| 100. | T.K Colony | 4 | 4000 |
| 101. | Thalapuzha | 4 | 4000 |
| 102. | Thariode | 4 | 4000 |
| 103. | Thavinjal | 4 | 4000 |
| 104. | Thelpara | 4 | 4000 |
| 105. | Theneri | 4 | 4000 |
| 106. | Thomattuchal | 4 | 400. |
| 107. | Thonichal | 4 | 4000 |
| 108. | Thrissilery | 3 | 3000 |
| 109. | Vadakkanad | 4 | 4000 |
| 110. | Vadapuram | 4 | 4000 |
| 111. | Vakery | 4 | 4000 |
| 112. | Valavayal | 4 | 4000 |
| 113. | Vallikett | 4 | 4000 |
| 114. | Vanjode | 4 | 4000 |
| 115. | Vazhavatta | 4 | 4000 |
| 116. | Vellamunda | 4 | 4000 |
| 117. | Velloonny | 4 | 4000 |
| 118. | Vilambukandam | 4 | 4000 |
| 119. | Vimalagiri | 4 | 4000 |
| 120. | Vythiri | 3 | 3000 |
| 121. | Yavanarkulam | 2 | 2000 |

എല്ലാവരുടെയും സഹകരണത്തിന് ഒത്തിരിയേറെ നന്ദി അറിയിക്കുന്നതോടൊപ്പം തുടർന്നും എല്ലാവിധ സഹകരണവും പ്രതീക്ഷിക്കുന്നു.

**ഫാ. സജി നെടുങ്കല്ലേൽ**
സെക്രട്ടറി, രൂപതാവിദ്യാഭ്യാസ സഹായനിധി

# മതബോധനരംഗം

## മതബോധന ഞായർ

## അധ്യാപകദിനവും കുട്ടികളുടെ ദിനവും

സെപ്റ്റംബർ 9–ാം തീയതി നമ്മൾ മതബോധന ഞായർ ആഘോഷിക്കുന്നു. ഈശോ നമ്മെ ഏല്പ്പിച്ച ഏറ്റവും വലിയ ഉത്തരവാദിത്വമാണ് അവിടുന്ന് നമുക്കു തന്നിരിക്കുന്ന വിശ്വാസത്തിന്റെ കൈമാറ്റം. അത് 'കുറവു കൂടാതെയും തെറ്റ് കൂടാതെയും' പഠിപ്പിക്കണമെന്ന് പരി. പിതാക്കന്മാർ നിരന്തരം നമ്മെ ഓർമ്മിപ്പിക്കുന്നുമുണ്ട്. ദൈവീകസ്വരം ശ്രവിച്ച്, പ്രത്യേകമാംവിധം ഈ ദൗത്യം നിർവ്വഹിക്കുവാൻ നമ്മുടെ രൂപതയിൽ ആത്മാർത്ഥതയോടെ ശുശ്രൂഷ ചെയ്യുന്ന 2294 അധ്യാപകരെ ഈ അവസരത്തിൽ ഏറെ അഭിമാനത്തോടെയും നന്ദിയോടെയും അനുസ്മരിക്കുന്നു. 'യുഗാന്ത്യംവരെ ഞാൻ നിങ്ങളോട് കൂടെ ഉണ്ടായിരിക്കും' എന്ന യേശുവിന്റെ വാഗ്ദാനം അധ്യാപകരുടെ കരുത്താണ്. 'ഞാൻ കല്പ്പിച്ചിട്ടുള്ളതെല്ലാം അനുസരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ' എന്ന യേശുവിന്റെ കല്പ്പനയാണ് അധ്യാപകർ ശിരസാ വഹിക്കേണ്ടത്.

മതബോധന ഞായർ ആഘോഷിക്കുന്ന നമുക്ക് ഈശോ ഏല്പ്പിച്ചിരിക്കുന്ന ഈ വലിയ ഉത്തരവാദിത്വത്തെ എപ്രകാരം നിർവ്വഹിക്കുന്നു എന്ന് വിലയിരുത്താനുള്ള അവസരം കൈവന്നിരിക്കുകയാണ്. പരിശീലനത്തിലൂടെ ലഭിക്കുന്ന അറിവുകൾ പ്രവർത്തിയിലൂടെയാണ് പ്രതിഫലിക്കേണ്ടത്. 'അനുസരിക്കുക' എന്നതുകൊണ്ട് അർത്ഥമാക്കുന്നത് 'ജീവിക്കുക' എന്നുതന്നെയാണ്. അങ്ങനെയെങ്കിൽ നമ്മൾ പരിശീലിപ്പിക്കുന്ന കുട്ടികൾ നേടുന്ന അറിവുകൾ ജീവിക്കാനുള്ളതാണ്. അതിൽ എത്രത്തോളം നാം വിജയിക്കുന്നുണ്ട് എന്ന് ആത്മശോധന ചെയ്യാം.

അധ്യാപകർക്കെല്ലാം ഈ ദിനത്തിന്റെ ആശംസകൾ. നിങ്ങ

ളെയും നിങ്ങളുടെ കുടുംബാംഗങ്ങളെയും ദൈവം ധാരാളമായി അനുഗ്രഹിക്കുവാൻ പ്രാർത്ഥിക്കുന്നുണ്ട്.

നമ്മുടെ രൂപതയിലെ എല്ലാ കുട്ടികളെയും പ്രത്യേകമായി നാം അനുസ്മരിക്കുകയാണിന്ന്. ദൈവീകദാനമാണ് മക്കൾ. മാതാപിതാക്കൾക്ക് ദൈവം നൽകുന്ന ദാനമായ മക്കളെ ദൈവമക്കളായി വളർത്താൻ പ്രഥമമായ കടമ മാതാപിതാക്കൾക്ക് തന്നെയാണ്. നമ്മൾ ജീവിക്കുന്ന ലോകത്തിൽ ദൈവികചിന്തയിൽ നിന്നും പ്രവർത്തനങ്ങളിൽ നിന്നും വഴിതെറ്റിക്കുന്ന സാഹചര്യവും, വസ്തുക്കളും, വ്യക്തികളും ഉണ്ട് എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് ദൈവവിശ്വാസത്തിലും ദൈവാശ്രയത്തിലും ജീവിക്കുവാനുള്ള എല്ലാ സാഹചര്യങ്ങളും ഉപാധികളും അവർക്കായി ഒരുക്കണം. അവരുടെ 'പാദങ്ങൾക്ക് വിളക്കും, പാതയിൽ പ്രകാശവുമായ' വചനവും 'ജീവന്റെ നീർച്ചാലുകളായ' കൂദാശകളും അവരെ പരിപോഷിപ്പിക്കുന്നു എന്ന് ഉറപ്പുവരുത്തണം.

രൂപതയിൽ വിശ്വാസപരിശീലനം നേടുന്ന എല്ലാ കുട്ടികൾക്കും നന്മകളും, ദൈവാനുഗ്രഹവും ലഭിക്കുവാനായി പ്രാർത്ഥിക്കുന്നുണ്ട്. രൂപതയിൽ വിശ്വാസപരിശീലനത്തിൽ ഉൾച്ചേർന്ന് പ്രവർത്തിക്കുന്ന എല്ലാവർക്കും മതബോധന ഞായറിന്റെ ആശംസകൾ.

**കുട്ടികളുടെ പരീക്ഷാഫലം**

പരീക്ഷാഫലത്തിന്റെ അടിസ്ഥാനത്തിൽ കുട്ടികളുടെ പഠനനിലവാരവും വിശ്വാസപരിശീലനപ്രവർത്തനങ്ങളും വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുമല്ലോ. ക്രിസ്തീയ വിശ്വാസജീവിതമാണ് നമ്മുടെ പരിശീലനത്തിന്റെ ലക്ഷ്യമെന്ന് ഉറപ്പിച്ച് ആവശ്യമായ അറിവ് നൽകി ജീവിതത്തിൽ പ്രാവർത്തികമാക്കുവാനുള്ള ക്രമീകരണം സ്വീകരിക്കണം.

## SELOC

കല്പറ്റ, മുള്ളൻകൊല്ലി, പയ്യമ്പള്ളി, മാനന്തവാടി, കല്ലോടി ഫൊറോനകളിൽ SELOC നടത്തി. ക്രമീകരണം ഭാഗികമായി നിർവ്വഹിച്ച ബഹു. ഫൊറോന ഡയറക്ടർ അച്ചന്മാർക്കും, ഫൊറോന സെക്രട്ടറി, ഫൊറോനാ ടീം അംഗങ്ങൾ, പ്രധാനാധ്യാപകർ, ക്ലാസ്സുകൾ നയിച്ച രൂപതാ ടീം അംഗങ്ങൾ എന്നിവർക്കും ഹൃദയപൂർവ്വം നന്ദി.

മറ്റ് ഫൊറോനകളിൽ ആഗസ്റ്റ് 30, 31, സെപ്റ്റംബർ 2, 9 തീയതികളിൽ നടക്കും.

## HDC

ഈ വർഷം HDC യ്ക്ക് രജിസ്റ്റർ ചെയ്ത ഏവരേയും അഭിനന്ദിക്കുന്നു. 200 പേരാണ് ഈ ബാച്ചിലെ പഠിതാക്കൾ.

രണ്ടാം വർഷക്കാരുടെ ക്ലാസ്സുകൾ സെപ്റ്റംബർ 8, 29 ദിവസങ്ങളിൽ ദ്വാരകയിലും ഒക്ടോബർ 6 ന് മണിമൂളിയിലും നടത്തുന്നു.

## ബൈബിൾ നേഴ്സറി അധ്യാപക പരിശീലനം

നമ്മുടെ രൂപതയിലെ എല്ലാ സൺഡേസ്കൂളിലും ബൈബിൾ നേഴ്സറി ഈ വർഷം സെപ്റ്റംബർ ആദ്യ ആഴ്ചതന്നെ ആരംഭിക്കുവാൻ ശ്രദ്ധിക്കുക. നേഴ്സറി അധ്യാപകരുടെ പരിശീലനം ആഗസ്റ്റ് 4, 5 തീയതികളിൽ ദ്വാരകയിൽ നടത്തി. പങ്കെടുത്ത ടീച്ചർമാർക്ക് ഹൃദയപൂർവ്വം നന്ദി. അവരെ പറഞ്ഞയച്ച പ്രധാനാധ്യാപകർക്കും വികാരിയച്ചന്മാർക്കും നന്ദി.

## Contact Class for XI, XII Students

11, 12 ക്ലാസ്സുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും എന്നാൽ ക്ലാസ്സുകളിൽ വരാത്തവരുമായ കുട്ടികൾ അവർക്ക് ലഭിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണം. വർഷത്തിൽ മൂന്നു ദിവസങ്ങളിലായി രൂപതാടിസ്ഥാനത്തിൽ അവർക്ക് കോൺടാക്റ്റ് ക്ലാസ്സ് ഉണ്ടായിരിക്കും. അതനുസരിച്ച് ആദ്യത്തെ രണ്ട് ക്ലാസ്സുകൾ സെപ്റ്റംബർ 21, ഒക്ടോബർ 26 ദിവസങ്ങളിൽ ദ്വാരക യു.പി. സ്കൂളിൽ നടത്തുന്നതാണ്. മൂന്നാമത്തെ ക്ലാസ്സിന്റെ തീയതി പിന്നീട് അറിയിക്കും.

**ഫാ. ബെന്നി മുതിരക്കാലായിൽ**
മതബോധന ഡയറക്ടർ

# ബൈബിൾ അപ്പോസ്തലേറ്റ്

ലോഗോസ് ക്വിസിന് പഠിക്കാൻ സഹായകമാകുന്ന 501 ചോദ്യങ്ങൾ അടങ്ങിയ ഒരു പഠനസഹായി രൂപതാകേന്ദ്രത്തിൽ നിന്നും നമ്മൾ പുറത്തിറക്കിയിട്ടുണ്ട്. ഇതിനോടകം പല ഇടവകകളും കോപ്പികൾ കൊണ്ടുപോയി. ഏതാനും കോപ്പികൾകൂടി ഓഫീസിൽ ലഭ്യമാണ്. ആവശ്യമുള്ളവർ എത്രയും പെട്ടെന്ന് ഓഫീസുമായി ബന്ധപ്പെടുക.

**നന്ദി.....**

ലോഗോസ് 2012 രജിസ്ട്രേഷൻ ശ്രദ്ധിച്ച്, വചനം പഠിക്കാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കാൻ മുൻകൈ എടുത്ത വികാരിയച്ചന്മാർ, സിസ്റ്റേഴ്സ്, മതാധ്യാപകർ, സംഘടനാ ഭാരവാഹികൾ എന്നിവർക്കെല്ലാം ഏറ്റം ഹൃദ്യമായ നന്ദി.

**ലോഗോസ് 2012 രൂപതാതല പരീക്ഷ**

2012 സെപ്റ്റംബർ 30-ാം തീയതി ഉച്ചകഴിഞ്ഞ് 02 മുതൽ 03.30 വരെ ആയിരിക്കും പരീക്ഷ. എല്ലാ സെന്ററുകളിലും ഇതേസമയത്ത് തന്നെ പരീക്ഷ ക്രമീകരിക്കാൻ ശ്രദ്ധിക്കുമല്ലോ. ഓൾ കേരള പരീക്ഷ ആയതിനാൽ ഈ സമയക്രമീകരണം എല്ലാ ഇടവകകളും പാലിക്കാൻ പ്രത്യേകം താത്പര്യമെടുക്കണം. ബഹു. വികാരി അച്ചന്മാർ ഇക്കാര്യം ഉറപ്പ് വരുത്തുമല്ലോ.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**

ഡയറക്ടർ, ബൈബിൾ അപ്പോസ്തലേറ്റ്

## ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻലീഗ് അംഗങ്ങളെ,

പരി. അമ്മയുടെ ജനനത്തിരുനാൾ നാം ആഘോഷിക്കുന്ന മാസമാണിത്. ഏവർക്കും തിരുനാൾ മംഗളങ്ങൾ. മറിയത്തിന്റെ മഹത്വം ആരംഭിക്കുന്നത് അവളുടെ അനുകരണാർഹമായ വിശ്വാസത്തിലാണ്. ഗബ്രിയേൽ ദൈവദൂതൻ തന്നോടു പറഞ്ഞ കാര്യങ്ങൾ തനിക്കു മനസിലായെങ്കിലും ഇല്ലെങ്കിലും അവയെല്ലാം പൂർത്തിയാകുമെന്ന് അവൾ വിശ്വസിച്ചു. അതുകൊണ്ടാണ് എലിസബത്ത് പറഞ്ഞത് "കർത്താവ് അരുളിചെയ്ത കാര്യങ്ങൾ നിറവേറുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി"യെന്ന്. യഥാകാലം പൂർത്തിയാകേണ്ട കാര്യങ്ങൾ സംശയിച്ചതിനാൽ സഖറിയാസിനു സംസാരശേഷി നഷ്ടമായപ്പോൾ മറിയം ഭാഗ്യവതിയെന്നു പ്രകീർത്തിക്കപ്പെടുന്നു. അവളുടെ വിശ്വാസം സജീവമായിരുന്നു. ഈ വിശ്വാസമാണ് അവളെ ദൈവപിതാവിന് പ്രിയങ്കരിയാക്കിയത്. വിശ്വാസവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ പരി.അമ്മയുടെ അനുകരണാർഹമായ വിശ്വാസ മാതൃക നമുക്ക് സ്വന്തമാക്കാം.

മേഖല കലാമത്സരങ്ങളിലേയ്ക്ക് നാം പ്രവേശിക്കുകയാണല്ലോ. പ്രായപരിധിയിൽ വരുത്തിയ മാറ്റം ശ്രദ്ധിച്ചുകാണുമല്ലോ. നിങ്ങളുടെ സഹകരണം വിനീതമായി അപേക്ഷിക്കുന്നു. മത്സരങ്ങളിൽ അതിന്റെ യഥാർത്ഥ ചൈതന്യത്തിൽ നമുക്ക് പങ്കുചേരാം. വിജയാശംസകൾ നേർന്നുകൊണ്ട്,

**ഫാ. സോണി വടയാപറമ്പിൽ**

### സ്നേഹദൂത് 2012 – ശാഖാസന്ദർശനം

മണിമൂളി, തരിയോട്, കൽപ്പറ്റ മേഖലകളിൽ ശാഖാസന്ദർശനം നടത്തപ്പെട്ടു. രൂപതാ എക്സിക്യൂട്ടീവ് ടീം അംഗങ്ങൾ സന്ദർശനത്തിന് നേതൃത്വം നൽകി. സന്ദർശനത്തിനുവേണ്ട ക്രമീകരണങ്ങൾ ചെയ്ത ബഹു. അച്ചൻമാർക്കും സിസ്റ്റേഴ്സിനും ഭാരവാഹികൾക്കും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയും**

പാലാ ചെമ്മരമറ്റത്ത് നടന്ന കുഞ്ഞേട്ടൻ അനുസ്മരണത്തിലും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു.

**രൂപതാ സാഹിത്യമത്സരവും മേഖലാ സന്ദർശനവും**

12 മേഖലകളിലും രൂപതാ സാഹിത്യമത്സരം ആഗസ്റ്റ് 12 ഞായറാഴ്ച നടത്തപ്പെട്ടു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങൾ മത്സരത്തിന് നേതൃത്വം നൽകി. മത്സരത്തിനും സന്ദർശനത്തിനും വേണ്ട ക്രമീകണങ്ങൾ ചെയ്ത മേഖലാ ഭാരവാഹികൾക്ക് രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**ശാഖാ പ്രസിഡന്റ്, സെക്രട്ടറി സംഗമം**

ശാഖാ സെക്രട്ടറി പ്രസിഡണ്ടുമാരുടെ സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ഓഗസ്റ്റ് 18 ശനിയാഴ്ച നടത്തപ്പെട്ടു. ശ്രീ. തോമസ് കല്ലറയ്ക്കൽ സംഗമത്തിന് ക്ലാസ് നയിച്ചു.

**സംഭാവന കൂപ്പൺ**

സംഭാവനകൂപ്പൺ ശാഖകളിൽ വിറ്റ് കഴിഞ്ഞുവെന്ന് കരുതുന്നു. എത്രയും പെട്ടെന്ന് രൂപതാ കേന്ദ്രത്തിൽ എത്തിക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

**മാലിപ്പറമ്പിൽ അനുസ്മരണം - സെപ്റ്റംബർ 9**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക ഡയറക്ടർ ജോസഫ് മാലിപ്പറമ്പിലച്ചന്റെ അനുസ്മരണം എല്ലാ ശാഖകളിലും മേഖലകളിലും സമുചിതമായി ആചരിക്കുമല്ലോ.

**സംസ്ഥാന സാഹിത്യമത്സരം**

സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 21 ന് ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നു. രൂപതാ മത്സര വിജയികൾ മത്സരത്തിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**സാഹിത്യശിൽപ്പശാല**

സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്നവർക്ക് വേണ്ടി 20 ന് വൈകുന്നേരം ദ്വാരകയിൽ വെച്ച് നടത്തപ്പെടുന്നു. പരിശീലനത്തിൽ പങ്കെടുത്ത് മത്സരത്തിൽ പങ്കെടുക്കേണ്ടതാണ്.

**മേഖലാകലാമത്സരങ്ങൾ**

മേഖലാ കലാമത്സരങ്ങൾ ഈ മാസം തന്നെ നടത്തേണ്ടതാണ്.

മത്സരത്തിൽ ശാഖകളുടെ സജീവമായ പങ്കാളിത്തം മത്സരത്തിന് ഉണ്ടാ യിരിക്കുവാൻ നേതൃത്വം ശ്രദ്ധിക്കുമല്ലോ. രൂപതാകലാമത്സര ലിസ്റ്റ് സെപ്റ്റംബർ 21 ന് മുമ്പ് രൂപതാ കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

## വി. ജോൺവിയാനി ദിനം

ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി.ജോൺ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് രൂപതാ എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ വിയാനിഭവൻ സന്ദർശിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്തു.

## കലാമത്സരം - തിരുത്ത്

കലാമത്സരത്തിനോടനുബന്ധിച്ചുള്ള ഒരു പ്രത്യേകകാര്യം ശ്രദ്ധ യിൽപ്പെടുത്തുന്നു. കലാമത്സരത്തിന്റെ പ്രായപരിധി മാർഗ്ഗരേഖയിൽ രേഖപ്പെടുത്തിയിട്ടുള്ളത് മാറ്റം വരുത്തിയിരിക്കുന്നു.

| | | |
|---|---|---|
| സബ്ജൂണിയർ | : | 2000 ജൂൺ 1 ന് ശേഷം ജനിച്ചവർ |
| ജൂണിയർ | : | 1996 ജൂൺ 1 ന് ശേഷം ജനിച്ചവർ |
| സീനിയർ | : | 1993 ജൂൺ 1 ന് ശേഷം ജനിച്ചവർ |
| സൂപ്പർ സീനിയർ | : | 1993 ജൂൺ 1 നോ അതിനു മുമ്പോ ജനിച്ചവർ |

## സെപ്റ്റംബർ 9 - വി.എസ്. വർഗ്ഗീസ് മാസ്റ്റർ അനുസ്മരണം

1977-1996 കാലഘട്ടത്തിൽ മാനന്തവാടി ചെറുപുഷ്പ മിഷൻലീ ഗിന്റെ പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയ വ്യത്യസ്ത നേതൃത്വത്തിൽ സ്തുത്യർഹമായ സേവനമനുഷ്ഠിച്ച് അകാലത്തിൽ പൊലിഞ്ഞുപോയ വി.എസ് വർഗ്ഗീസ് മാസ്റ്ററിനെ 16-ാം ചരമവാർഷികത്തിൽ സി.എം.എൽ. രൂപത കുടുംബം നന്ദിപൂർവ്വം സ്മരിക്കുന്നു. ശാഖാതലത്തിൽ വി.എസ്സ്. വർഗ്ഗീസ് മാസ്റ്ററുടെ അനുസ്മരണം കൊണ്ടാടുമല്ലോ.

## പലതുള്ളി തന്ന ശാഖകൾ

നെല്ലിയോടി - 250, കേളകം - 500, ശാന്തിഗിരി - 250, തലഞ്ഞി - 250, നിലമ്പൂർ - 500, പാൽച്ചുരം - 200, നരിവാലമുണ്ട - 1225, അമ്പായത്തോട് - 850, കരിമ്പിൽ - 350, പടമല - 300, ആലാറ്റിൽ - 550, ചെന്നലോട് - 300.

## കാണിക്ക തന്ന ശാഖകൾ

മുള്ളൻകൊല്ലി - 10,000, മുതിരേരി - 201.

## മേഖലാ വാർത്തകൾ

ഗൂഡല്ലൂർ - ഗൂഡല്ലൂർ മേഖലയുടെ മാർഗ്ഗരേഖ പ്രകാശനം ചെയ്തു. മേഖലയിൽ ജോ. ഡയറക്ടേഴ്സ് സംഗമം നടത്തി.

## കൊട്ടിയൂർ

ഇടയനാദം ശാഖ സന്ദർശനം നടത്തി. മരിയസദൻ സന്ദർശിച്ച് 2500 രൂപ നൽകി.

## നടവയൽ

സീനിയേഴ്സ് സംഗമം നടത്തി. അരിഞ്ചേർമല ശാഖ സന്ദർശിച്ചു.

## ശാഖാ വാർത്തകൾ

*ചുള്ളിയാന* – കഴിഞ്ഞ അധ്യയനവർഷത്തിൽ പഠനത്തിലും ഹാജറിനും മികവ് പുലർത്തിയ കുട്ടികൾക്ക് സമ്മാനം നൽകി ആദരിച്ചു.

*മംഗളം* – പഠനോപകരണങ്ങളും സാമ്പത്തികസഹായവും പാവപ്പെട്ട കുട്ടികൾക്ക് വിതരണം ചെയ്തു.

*മരക്കടവ്* – പി.എസ്.സി. പരീക്ഷയിൽ വയനാട് ജില്ലയിൽ 1–ാം റാങ്ക് നേടിയ ബോബിൻസിനെ സമ്മാനം നൽകി ആദരിച്ചു.

*പാതിരിപ്പാടം* – അർദ്ധദിന സെമിനാർ നടത്തി.

*വെള്ളൂന്നി, പയ്യംപള്ളി, അമ്പായത്തോട്, ബാവലി, ബെക്കി, ദീപ്തിഗിരി, മൂലേപ്പാടം, നരിവാരമുണ്ട, കല്ലുവയൽ, കൽപ്ര, ജൂഡ്സ്മൗണ്ട്,* – എന്നീ ശാഖകളിൽ വി. തോമാശ്ലീഹായുടെയും വി. അൽഫോൻസാമ്മയുടെയും തിരുനാൾ സംയുക്തമായി ആചരിച്ചു.

*കരണി* – ബത്തേരി ആരാധന ബാലഭവൻ സന്ദർശിച്ച് പഠനോപകരണങ്ങൾ നൽകി. രോഗീസന്ദർശനം നടത്തി.

*പാൽച്ചുരം* – അൽഫോൻസാ ക്വിസ്സ് നടത്തി സമ്മാനം നേടിയ വ്യക്തിക്ക് 100 രൂപ നൽകി പ്രോത്സാഹിപ്പിച്ചു.

*റൂബിനഗർ* – വി. തോമാശ്ലീഹായുടെ നാമധാരിയായ വികാരിയച്ചന് തിരുനാളിന്റെ ആശംസ നേർന്നു. കഴിഞ്ഞ പ്രവർത്തനവർഷത്തിൽ മികച്ച പ്രവർത്തനം നടത്തിയ ഗ്രൂപ്പിന് സമ്മാനം നൽകി.

*തോണിച്ചാൽ* – ജപമാല സൈന്യം രൂപീകരിച്ചു.

*മംഗലശേരി* – പള്ളിനിർമ്മാണത്തോടനുബന്ധിച്ച് നടത്തിയ ആദ്യഫണ്ടിൽ മിഷൻലീഗ് അംഗങ്ങളായ സോന, ഡീന സഹോദരിമാർ സൂക്ഷിച്ചുവച്ച തുക മുഴുവൻ സമർപ്പിച്ചു.

*നെടുമ്പാല* – വ്യക്തിത്വ വികസന അർദ്ധദിന സെമിനാർ നടത്തി. ബ്ര. ഷിജോ ക്ലാസുകൾക്ക് നേതൃത്വം നൽകി.

*പട്ടാണിക്കൂപ്പ്, പനവല്ലി* – എന്നീ ശാഖകൾ അർദ്ധദിന സെമിനാർ നടത്തി.

*കുറുമണി* – മാതാവിന്റെ ഗ്രോട്ടോയും പരിസരവും വൃത്തിയാക്കി, ഹരിത ഭൂമിക്കായി സ്ഥലം ഒരുക്കി.

*മൊതക്കര* – ക്വിസ്സ് മത്സരം ഹൗസ് അടിസ്ഥാനത്തിൽ നടത്തി.

*ശാന്തിഗിരി* – വാകേരി ശാഖകളിൽ സാഹിത്യശില്പശാല നടത്തി.

*പേരിയ* – കഴിഞ്ഞ പ്രവർത്തന വർഷത്തിൽ പഠനത്തിനും ഹാജറിനുമുള്ള സമ്മാനം കുട്ടികൾക്ക് വിതരണം ചെയ്തു.

*കുറുമ്പാല* – ബിബ്ലിയ 2012 നടത്തി.
*കാവുംമന്ദം* – ബൈബിൾ ക്വിസ്സ്, സഭാ വാർത്ത, പ്രസംഗ പരിശീലനം എന്നിവ നടത്തിവരുന്നു.
*ആലാറ്റിൽ* – വിവാഹം, ജൻമദിനം, സന്യാസജീവിതം ഇവയുടെ ജൂബിലി ആഘോഷിക്കുന്നവർക്ക് ആശംസകൾ അയച്ചു. ഉപഹാരങ്ങൾ നൽകി ആദരിച്ചു.
*ചോക്കാട്*– പുതിയ പ്രവർത്തനവർഷം ആരംഭിച്ചു.
*വെള്ളമുണ്ട* – കുഞ്ഞോം ബാലഭവൻ സന്ദർശിച്ചു. പഠനോപകരണങ്ങൾ വിതരണം ചെയ്തു.
*കേളകം* – വ്യക്തിത്വവികസനം, ദൈവവിളി എന്നിവയെ സംബന്ധിച്ച് സി. ദീപ്തി എസ്.കെ.ഡി. ക്ലാസ് നയിച്ചു.
*കയ്യൂന്നി* – സാഹിത്യ സമാജം നടത്തി.
*വൈത്തിരി* – കർമ്മലമാതാവിന്റെ തിരുനാളിന് വികാരിയച്ചൻ എല്ലാവർക്കും ഉത്തരീയം നൽകി.
*ചാരിറ്റി* – രോഗീസന്ദർശനം, സിമിത്തേരി സന്ദർശനം ഇവ നടത്തി.
*ചുങ്കക്കുന്ന്* – ആരാധന നടത്തി, വേദപാഠത്തിൽ ഹാജർ, പഠനം ഇവയിൽ മികവ് പുലർത്തിയവർക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.
*കരിമ്പിൽ* – താമരശ്ശേരി സി.എം.എൽ. രൂപത ഡയറക്ടർ ബഹു.ബെന്നിയച്ചൻ ശാഖ സന്ദർശിച്ചു. അർദ്ധദിന സെമിനാർ നടത്തി. രോഗീസന്ദർശനം നടത്തി. പ്രാർത്ഥനാവാരം, സാഹിത്യശില്പശാല എന്നിവ നടത്തി.
*ചൂരൽമല* – പച്ചക്കറിത്തോട്ടത്തിന് ഒരുക്കങ്ങൾ നടത്തി.
*മുള്ളൻകൊല്ലി* – പഠനോപകരണങ്ങൾ മുള്ളൻകൊല്ലിയിലെ സെന്റ് തോമസ് യു.പി. സ്കൂളിൽ വിദ്യാർത്ഥികൾക്ക് നൽകി.
*ആടിക്കൊല്ലി* – ക്രിസ്റ്റീൻ ധ്യാനം നടത്തി. നടവയൽ ഓസ്സാനാം ഭവൻ സന്ദർശിച്ചു.
*അരിഞ്ചേർമല* – ബൈബിൾ പ്രതിഷ്ഠയും റാലിയും നടത്തി.
*ഇരുളം* – പച്ചക്കറിത്തോട്ടത്തിന് തുടക്കം കുറിച്ചു.
*ചിത്രഗിരി* – അൾത്താരബാലസംഗമം നടത്തി. പോസ്റ്റർ നിർമ്മാണം നടത്തി.
*നടവയൽ* – പഠനോപകരണങ്ങൾ വിതരണം ചെയ്തു.
*വാളവയൽ* – ബനഡിക്ട് 16–ാമൻ മാർപാപ്പയുടെ നാമഹേതുക തിരുനാളിൽ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു.
*ഏലപ്പീടിക* – പത്രപ്രകാശനം നടത്തി. സി.എം.എൽ. സീനിയർ അംഗം ജിസ്സിന്റെ മൃതസംസ്കാരത്തിൽ പങ്കെടുത്തു പ്രാർത്ഥിച്ചു. അനുശോചനം നേർന്നു.
*ദ്വാരക* – എയ്ഞ്ചൽ മീറ്റ് നടത്തി. ശാഖ സാഹിത്യശില്പശാല നടത്തി. പഠനോപകരണങ്ങൾ ബോയ്സ് ടൗൺ കുട്ടികൾക്ക് വിതരണം ചെയ്തു.
*ചുണ്ടക്കര* – പൂന്തോട്ട നിർമ്മാണം നടത്തി.
*മുണ്ടേരി* – ദേവാലയ നിർമ്മാണത്തിലേയ്ക്ക് കാഴ്ച സമർപ്പണം നടത്തി.

*പാലാങ്കര* - ലഹരിവിരുദ്ധ പോസ്റ്റർ നിർമ്മിച്ചു. അർദ്ധദിന സെമിനാർ നടത്തി.

*അമരക്കുനി* - ലിസി കളപ്പുരയ്ക്കലിന് രോഗീസഹായമായി 2000 രൂപ നൽകി. പച്ചക്കറിത്തോട്ടത്തിന് സ്ഥലം ഒരുക്കി.

*പൂളപ്പാടം* - ഒരു മരം ഒരു വരം - വൃക്ഷത്തൈ നട്ടു. ഭൂമിക സെമിനാർ നടത്തി. സാഹിത്യശില്പശാല, പ്രസംഗ പരിശീലനം എന്നിവ നടത്തി.

*ഒലിവുമല* - സംഗീത പരിശീലനം, ബൈബിൾ ക്വിസ്സ് എന്നിവ നടത്തി.

*കൊട്ടിയൂർ* - ക്രിസ്റ്റീൻ ധ്യാനം നടത്തി. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആഘോഷിച്ചു. രോഗീസഹായമായി സുരേന്ദ്രൻ കണ്ടപ്പിന് 2000 രൂപ നൽകി.

*പോരൂർ* - ഗാനപരിശീലനം, അൾത്താരബാലസംഗമം എന്നിവ നടത്തി.

*കാട്ടിക്കുളം* - വി. തോമശ്ലീഹായുടെയും വി. അൽഫോസാമ്മയുടെയും തിരുനാൾ ആഘോഷിച്ചു.

*പുതുശ്ശേരി* - ദൈവവിളി സെമിനാർ, അൾത്താരബാലസംഗമം എന്നിവ നടത്തി. വചനകൂടാരം നിർമ്മിച്ചു.

*വിളമ്പുകണ്ടം* - ദൈവവിളി ദിനാചരണം, കയ്യെഴുത്ത് മാസിക പ്രകാശനം എന്നിവ ചെയ്തു.

*തെനേരി* - വിവാഹസഹായമായി 20,000 രൂപ നൽകി. സീറോ മലബാർ സഭാതല സ്കോളർഷിപ്പ് നേടിയ ഇസബെൽ കണിയോടിക്കലിനെ ആദരിച്ചു. ഏകദിന സെമിനാർ നടത്തി.

*വഞ്ഞോട്* - സെമിനാർ നടത്തി. പള്ളിപറമ്പിൽ വൃക്ഷത്തൈകൾ നട്ടു.

*പ്രശാന്തഗിരി* - മിഷൻ ക്വിസ് നടത്തി.

*മാർട്ടിൻ നഗർ* - വി. അന്ന, വി. അൽഫോൻസ, വി. യാക്കോബ് എന്നിവരുടെ ജീവിത ചരിത്രം അവതരിപ്പിച്ചു.

*കുറ്റിമൂല* - ദുക്റാന തിരുനാളും സൺഡേസ്കൂൾ വാർഷികവും നടത്തി.

*കല്ലോടി* - പഠനോപകരണങ്ങൾ വിതരണം ചെയ്തു. അൾത്താരബാല സംഗമം നടത്തി.

*എടപ്പെട്ടി* - ഫണ്ട് ശേഖരണാർത്ഥം കരാർപണി ചെയ്തു.

*പുതിയിടം* - പച്ചക്കറിത്തോട്ട നിർമ്മാണം ആരംഭിച്ചു. രോഗീസന്ദർശനം നടത്തി.

*പടമല* - സൺഡേ ഏയ്ഞ്ചൽസ് നടത്തി വരുന്നു. രോഗീസഹായം നൽകി.

*നെല്ലിയോടി* - അൾത്താരബാല സംഗമം നടത്തി.

*കുന്നലാടി* - വിദ്യാഭ്യാസ സഹായമായി പഠനോപകരണങ്ങൾ നൽകി.

മിഷൻ അഭിവാദനങ്ങളോടെ,

**ബിനു മാങ്കൂട്ടത്തിൽ**

സി.എം.എൽ. രൂപതാ സെക്രട്ടറി

# കെ. സി. വൈ. എം.

## "ത്രിവർണം" സ്വാതന്ത്ര്യദിന ക്വിസ് നടത്തി

കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 15-ന് സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് ഹൈസ്കൂൾ, ഹയർസെക്കന്ററി വിദ്യാർത്ഥികൾക്കായി ദ്വാരക യു.പി. സ്കൂളിൽ വച്ച് 'ത്രിവർണം' എന്ന പേരിൽ സ്വാതന്ത്ര്യദിന ക്വിസ് നടത്തി. 15 സ്കൂളുകളിൽ നിന്നുള്ള ടീമുകൾ പങ്കെടുത്തു. രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ മത്സരം ഉദ്ഘാടനം ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ബിനോയ് പാനികുളം അദ്ധ്യക്ഷനായിരുന്നു. ശ്രീ. സജിൻ ചാലിൽ, ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ എന്നിവർ ക്വിസ് മാസ്റ്റർമാരായിരുന്നു. രൂപതാ സെക്രട്ടറി ശ്രീ. ജസ്റ്റിൻ ചെഞ്ചട്ടയിൽ, ട്രഷറർ ശ്രീ. ബിബിൻ ചെമ്പക്കര, സിന്റിക്കേറ്റ് അംഗങ്ങളായ ബിജു പുത്തൻകണ്ടത്തിൽ, സജേഷ് കടിയിങ്കൽ, ഷംജിത്ത് ചേലയ്ക്കൽ തുടങ്ങിയവർ നേതൃത്വം നൽകി. പനമരം ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ തേജസ് വി.എസ്., ശ്രുതി കെ. ഇവർ ഒന്നാംസ്ഥാനവും, ഫാ. ജി.കെ.എം. ഹൈസ്കൂളിലെ ജിഷ്ണു കെ, അലിന്റ ഇവർ രണ്ടാം സ്ഥാനവും, മാനന്തവാടി ഗവ. വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിലെ ജുമാനാ ഹസീന, ആർച്ച ബി. ഇവർ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അനുമോദനങ്ങൾ നേരുന്നു. കുട്ടികളെ പങ്കെടുപ്പിച്ച സ്കൂളധികാരികൾക്ക് നന്ദി.

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

പാലാ രൂപതയുടെ ആതിഥേയത്വത്തിൽ പാലാ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് ജൂലൈ 27, 28, 29 തീയതികളിൽ നടന്ന സംസ്ഥാന അർദ്ധവാർഷിക സെനറ്റിൽ മാനന്തവാടി രൂപതയിൽ നിന്നും രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സംസ്ഥാന സിന്റിക്കേറ്റംഗം ശ്രീ. സജിൻ ജോസ് ചാലിൽ, സംസ്ഥാന സെനറ്റംഗങ്ങളായ ശ്രീ. ജിതേഷ് മുളയ്ക്കകുന്നേൽ, ശ്രീ. വിപിൻ പനമട എന്നിവർ പങ്കെടുക്കുകയും രൂപത റിപ്പോർട്ട് അവതരിപ്പിക്കുകയും ചെയ്തു.

## എഫ്ഫാത്ത 2012 രൂപതാ ക്യാമ്പ്

കെ.സി.വൈ.എം. രൂപതാ ക്യാമ്പ് എഫ്ഫാത്താ 2012 തരിയോട് മേഖലയിലെ തരിയോട് യൂണിറ്റിൽ വച്ച് ഒക്ടോബർ 22, 23, 24 തീയതികളിൽ നടത്തപ്പെടും. യുവജനങ്ങളുടെ വ്യക്തിത്വ വികാസവും സംഘടനാ ശാക്തീകരണവും മുന്നിൽ കണ്ട് നടത്തുന്ന ഈ ക്യാമ്പിന് കെ.സി.വൈ.എം. സംസ്ഥാന സമിതിയാണ് നേതൃത്വം നൽകുന്നത്. ക്യാമ്പിലേയ്ക്ക് യുവതീ യുവാക്കളെ പറഞ്ഞുവിടുവാൻ ബഹു. ഡയറക്ടർമാരും ആനിമേറ്റേഴ്സും ഭാരവാഹികളും ശ്രദ്ധിക്കുമല്ലോ. ക്യാമ്പിന് റെജിസ്ട്രേഷൻ ഫീ ഒരാൾക്ക് 150 രൂപ ആയിരിക്കും.

## മേഖല ക്യാമ്പുകൾ

യുവജനങ്ങളുടെ വ്യക്തിത്വ വികസനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള മേഖലാ ക്യാമ്പുകൾ നടന്നുവരുന്നു. താങ്കളുടെ മേഖലയിൽ ഈ വർഷം ക്യാമ്പ് സംഘടിപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ. ക്യാമ്പിന്റെ തീയതിയും സ്ഥലവും നിശ്ചയിച്ച് രൂപത ഓഫീസിൽ അറിയിക്കുമല്ലോ.

## ബാവലി KCYM യൂണിറ്റ് തുടങ്ങി

ബാവലി ഇടവകയിൽ KCYM യൂണിറ്റ് ആരംഭിച്ചു. റവ. ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറ ഉദ്ഘാടനം ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അഗസ്റ്റിൻ കല്ലുങ്കത്തറ, ആനിമേറ്റർ സിസ്റ്റർ, ഭാരവാഹികൾ ഏവർക്കും അഭിനന്ദനങ്ങൾ.

## PEARL - 2012 കലാമത്സരലിസ്റ്റ്

ഈ വർഷത്തെ PEARL കലാസാഹിത്യ മത്സരങ്ങൾ മേഖലാതലങ്ങളിൽ നടത്തി വിജയികളുടെ ലിസ്റ്റ്, മേഖല ഡയറക്ടർ, സെക്രട്ടറി എന്നിവരുടെ ഒപ്പോടുകൂടി രൂപത ഓഫീസിൽ എത്തിക്കുമല്ലോ. മത്സരങ്ങളുടെ ലിസ്റ്റ് എത്തിക്കേണ്ട അവസാന തീയതി ഒക്ടോബർ 14 ആണ്. ഇതിനുശേഷം കൊണ്ടുവരുന്ന ലിസ്റ്റുകൾ സ്വീകരിക്കുന്നതല്ലെന്ന് ഓർമ്മിപ്പിക്കുന്നു. 2012 വർഷത്തിൽ അംഗത്വലിസ്റ്റിൽ പേര് ഉള്ളവർക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു.

## മേഖലാ വാർത്തകൾ - പയ്യമ്പള്ളി മേഖല

KCYM പയ്യമ്പള്ളി മേഖല ഒരുക്കിയ Seven Rain Football Tournament –ൽ മേഖലയിലെ 6 യൂണിറ്റുകൾ പങ്കെടുത്തു. മാനന്തവാടി പഞ്ചായത്ത് പ്രസിഡന്റ് ഗ്ലാഡിസ് ചെറിയാൻ ടൂർണമെന്റ് ഉദ്ഘാടനം ചെയ്തു. പയ്യമ്പള്ളിയും പടമലയും ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കി. രൂപതാ ഡയറക്ടർ റവ.ഫാ. ലാൽ ജേക്കബ് പൈനുങ്കൽ

സമ്മാനദാനം നടത്തി. മേഖലാ ഡയറക്ടർ റവ.ഫാ. ജോസ് പുത്തൻപുരയ്ക്കൽ, രൂപത സെക്രട്ടറി ശ്രീ. ജസ്റ്റിൻ ചെഞ്ചട്ടയിൽ എന്നിവർ ആശംസകളർപ്പിച്ചു.

### കല്ലോടി മേഖല

"യുവ–2012" KCYM കല്ലോടി മേഖല ക്യാമ്പ് ജൂലൈ 7, 8 തീയതികളിൽ പുതിയിടംകുന്ന് യൂണിറ്റിൽ വച്ചു നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്തു. റവ. ഫാ. ലാൽ പൈനുങ്കൽ, റവ. ഫാ. ജെയ്സ് ചെട്ട്യാശ്ശേരി, ശ്രീ. അനീഷ് ഓമക്കര എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. സമാപന സമ്മേളനം ബത്തേരി നിയോജകമണ്ഡലം എം.എൽ.എ. ശ്രീ. ഐ.സി. ബാലകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി ശ്രീ. ജെസ്റ്റിൻ ചെഞ്ചട്ടയിൽ അധ്യക്ഷനായിരുന്നു. ചടങ്ങിൽ ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ. കെ. പൗലോസ്, റവ.ഫാ. ജോർജ് മമ്പള്ളിയെ പൊന്നാട അണിയിച്ച് ആദരിച്ചു. ഇടവക ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. പ്രദീപ് മാസ്റ്റർ യുവപ്രതിഭകളെ ആദരിച്ചു. സംസ്ഥാന സെനറ്റംഗം ശ്രീ. ജിതേഷ് മുളയ്ക്കക്കുന്നേൽ, പുതിയിടംകുന്ന് യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയ്സ് പൂതക്കുഴി, മേഖല ഡയറക്ടർ റവ.ഫാ. മൈക്കിൾ വടക്കേമുളഞ്ഞനാൽ, രൂപത സിന്റിക്കേറ്റ്അംഗം മെലീസ പീച്ചാട്ട്, മേഖല ജോ.സെ.ജോസ്ന, വിജോ പുതുശ്ശേരി എന്നിവർ നേതൃത്വം നൽകി. രൂപത ട്രഷറർ ശ്രീ. ബിബിൻ ചെമ്പക്കര ക്യാമ്പ് കോർഡിനേറ്റർ ആയിരുന്നു.

### തരിയോട് മേഖല

### കൊയ്നോണിയ – 2012

KCYM തരിയോട് മേഖലയുടെ ആഭിമുഖ്യത്തിൽ കോട്ടത്തറ യൂണിറ്റിൽ വച്ച് തെരുവുനാടക അവതരണവും യൂണിറ്റ്തല സന്ദർശനവും അർദ്ധദിനസെമിനാറും നടത്തി. ശ്രീ. ബാബു ചിറപ്പുറം ക്ലാസ്സെടുത്തു. മുൻരൂപത പ്രസിഡന്റ് ശ്രീ. ജോജിൻ ടി. ജോയ് ഉദ്ഘാടന കർമ്മം നിർവ്വഹിക്കുകയും റവ. ഫാ. തോമസ് ചേറ്റാനിയിൽ, റവ. ഫാ. റെജി മുതുകത്താനി, റവ. ഫാ. തോമസ് പാറയിൽ എന്നിവർ ആശംസകളർപ്പിക്കുകയും ചെയ്തു. ജെറ്റീഷ് വെള്ളാരംകാലായിൽ, ജോഷി നമ്പുശ്ശേരി, എബിൻ മുട്ടാപ്പള്ളി, നിഷിൻ മുണ്ടുനടയ്ക്കൽ, ജിനീഷ് വട്ടക്കാട്ട് എന്നിവർ നേതൃത്വം നൽകി.

### യൂണിറ്റ് വാർത്തകൾ – പുതിയിടംകുന്ന് യൂണിറ്റ്

'യുവ–2012' മേഖല ക്യാമ്പ് യൂണിറ്റിൽവച്ചു നടത്തി. യുവജനദിനാഘോഷത്തോടനുബന്ധിച്ച് ആരാധനയും കാഴ്ചവയ്പും നട

ത്തുകയും ചർച്ചാക്ലാസുകൾ സംഘടിപ്പിക്കുകയും ചെയ്തു. പുതിയിടം കുന്ന് പാതിരിച്ചാൽ നിവാസികൾക്കായി ബസ് അനുവദിക്കണമെന്നാവശ്യപ്പെട്ട് യുവജനക്ഷേമ മന്ത്രിക്ക് നിവേദനം സമർപ്പിച്ചു. ഫണ്ട് ശേഖരണാർത്ഥം കുറി നടത്തിവരുന്നു.

## വെള്ളൂന്നി യൂണിറ്റ്

യുവജന ദിനത്തിനൊരുക്കമായി ഭവനസന്ദർശനം നടത്തി അരി, വസ്ത്രം, പണം എന്നിവ ശേഖരിച്ച് 4 അഗതിമന്ദിരങ്ങൾ സന്ദർശിച്ച് അവരുമായി പങ്കുവെച്ചു. യുവജനദിനത്തിൽ ദേവാലയവും പരിസരവും അലങ്കരിച്ചു. വി. കുർബാനയിലെ വായനകൾ, ഗാനശുശ്രൂഷ, അൾത്താര ശുശ്രൂഷ, കാഴ്ചസമർപ്പണം എന്നിവയ്ക്ക് നേതൃത്വം കൊടുക്കുകയും കത്തിച്ച തിരിയുടെ സമർപ്പണവും വചനപ്രതിഷ്ഠയും നടത്തുകയും ചെയ്തു. പൊതുസമ്മേളനം നടത്തുകയും തുടർന്ന് ശ്രീ. ജോസ് പള്ളത്ത്, ബ്രദർ അനീഷ് തുടങ്ങിയവരുടെ നേതൃത്വത്തിൽ സെമിനാർ നടത്തുകയും ചെയ്തു.

## പടമല യൂണിറ്റ്

പയ്യമ്പള്ളി മേഖല സംഘടിപ്പിച്ച ഫുട്ബോൾ സെവൻസിൽ പടമല യൂണിറ്റ് രണ്ടാം സ്ഥാനം നേടി. വി. അൽഫോൻസാമ്മയുടെ തിരുനാളിനൊരുക്കമായി പള്ളിയും പരിസരവും വൃത്തിയാക്കുകയും അലങ്കാരങ്ങൾ നടത്തുകയും ചെയ്തു.

## പാലേമാട് യൂണിറ്റ്

KCYM ന്റെ നേതൃത്വത്തിൽ മാതാപിതാക്കൾക്കായി Family Heavenly Meet നടത്തി. ഡോ. ഷാജിയുടെ നേതൃത്വത്തിൽ ഏകദിനബോധവത്കരണ സെമിനാർ നടത്തി. യുവജനദിനം ആഘോഷിച്ചു. ദിവ്യബലിയിൽ കാഴ്ചസമർപ്പണം നടത്തി.

## വൈത്തിരി യൂണിറ്റ്

രോഗീസന്ദർശനം നടത്തി. രോഗികൾക്കുള്ള ഭക്ഷണം തയ്യാറാക്കി വിതരണം ചെയ്തു. യുവജനദിനത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ദിവ്യബലിയർപ്പിക്കുകയും തുടർന്ന് സിന്റിക്കേറ്റ് കൂടുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കലിന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. വി. അൽഫോൻസാമ്മയുടെ ജീവിതത്തെക്കുറിച്ച് സി. റെസി എഫ്.സി.സി. യുമായി അഭിമുഖസംഭാഷണം നടത്തി.

## കുറുമണി യൂണിറ്റ്

ബൈബിൾ ഞായറിനോടനുബന്ധിച്ച് ബൈബിൾ ദൃശ്യാ

വതരണം നടത്തി. ദേവാലയ നിർമ്മാണത്തോടനുബന്ധിച്ചുള്ള 40 മണിക്കൂർ ആരാധനയിൽ യുവജനങ്ങളും പങ്കുചേർന്നു. വെണ്ണിയോട്, കുറുമണി റോഡിന്റെ നിർമ്മാണത്തിൽ യുവജനങ്ങളും സഹായിച്ചു.

**ചൂരൽമല യൂണിറ്റ്**

യുവജനദിനത്തിൽ ദിവ്യബലിമദ്ധ്യേ കാഴ്ചവയ്പ്, ബൈബിൾ വായനകൾ ഇവ യുവജനങ്ങൾ നടത്തി. ഫാ. ജോയിസിന്റെ നേതൃത്വത്തിൽ സെമിനാർ നടത്തി.

**നെടുമ്പാല യൂണിറ്റ്**

ബഹു. വികാരിയച്ചന്റെ നാമഹേതുകതിരുനാൾ ആഘോഷിച്ചു. ആനിമേറ്റർ സിസ്റ്ററിന്റെ സഹോദരന്റെ ശവസംസ്കാര കർമ്മത്തിൽ സംബന്ധിച്ചു. യുവജനദിനത്തിൽ കാഴ്ചവയ്പ്, ബൈബിൾ വായനകൾ, ഗാനശുശ്രൂഷ ഇവ യുവജനങ്ങൾ നടത്തി. കുട്ടികൾക്ക് പായസം വിതരണം ചെയ്തു.

**ബാവലി യൂണിറ്റ്**

യുവജനദിനത്തിൽ ബൈബിൾ വായന, കാഴ്ചവയ്പ്, ഗാനശുശ്രൂഷ ഇവയ്ക്ക് നേതൃത്വം നൽകി. മേഖലാതലത്തിൽ നടന്ന മഴപന്തുകളി മത്സരത്തിൽ യൂണിറ്റിൽനിന്നും യുവജനങ്ങൾ പങ്കെടുത്തു.

**പാൽച്ചുരം യൂണിറ്റ്**

ദുക്റാന തിരുനാൾ ആഘോഷിച്ചു. യുവജനദിനം സമുചിതമായി ആഘോഷിച്ചു. പള്ളിയലങ്കാരം നടത്തുകയും അന്നേദിവസം വിശുദ്ധ കുർബാനയിൽ കാഴ്ചവയ്പു നടത്തുകയും കുർബാനക്കുശേഷം പൊതുസമ്മേളനം നടത്തുകയും ആശംസാകാർഡുകൾ നൽകുകയും ചെയ്തു.

**കുറ്റിമൂല യൂണിറ്റ്**

യുവജനദിനം ആഘോഷിച്ചു. ദിവ്യബലിയിലെ കാഴ്ചവയ്പ്, ബൈബിൾ വായനകൾ, ഇവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. പ്രത്യേക പ്രാർത്ഥനയും പൊതുസമ്മേളനവും നടത്തി.

**ആലാറ്റിൽ യൂണിറ്റ്**

കോളനി സന്ദർശിക്കുകയും വസ്ത്രം വിതണം ചെയ്യുകയും ചെയ്തു. ഇടവകയിലെ മരണാസന്നരായ രോഗികളെ സന്ദർശിച്ച് പ്രാർത്ഥിച്ചു.

**പുതിയിടം യൂണിറ്റ്**

യുവജനങ്ങൾ തങ്ങളുടെ കൊടിവള്ളി നഴ്സറിയിലെ തൈകൾ പള്ളിപ്പറമ്പിൽ നട്ടു. പൂന്തോട്ടനിർമ്മാണം, പരിസരശുചീകരണം എന്നി

വയ്ക്ക് കെ.സി.വൈ.എം. അംഗങ്ങൾ നേതൃത്വം നൽകി. വി. ജോൺ വിയാനിയുടെ തിരുനാൾദിനത്തിൽ വികാരിയച്ചന് ആശംസകൾ നേർന്നു.

**ഒലിവുമല യൂണിറ്റ്**

യുവജനദിനത്തിൽ ആരാധന നടത്തി. വി. കുർബാനയിലെ വായനകൾ, കാഴ്ചസമർപ്പണം, ഗാനശുശ്രൂഷ ഇവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. എല്ലാവർക്കും മധുരം വിതരണം ചെയ്തു. വൃക്ഷതൈകൾ നട്ടു. വന്യമൃഗശല്യത്തിനെതിരെ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് പത്രവാർത്ത നൽകി. ഒലിവുമല റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് പരാതി നൽകി.

**പുതുശ്ശേരി യൂണിറ്റ്**

മരംനടീൽ യജ്ഞത്തിൽ പങ്കുകൊണ്ടു. മേഖലാക്യാമ്പിൽ കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്തു.

**വെള്ളമുണ്ട യൂണിറ്റ്**

യുവജനദിനം ആഘോഷിച്ചു. ദിവ്യബലിയിലെ ബൈബിൾ വായന, അൾത്താരശുശ്രൂഷകൾ, കാഴ്ചവയ്പ്, എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നൽകി. കുഞ്ഞോം ബാലഭവൻ സന്ദർശിച്ച് സഹായം നൽകി.

**കുറുമണി യൂണിറ്റ്**

യുവജനദിനം ആഘോഷിച്ചു. ദിവ്യബലിമധ്യേ കാഴ്ചസമർപ്പണം നടത്തി. പൊതുസമ്മേളനവും അർദ്ധദിന സെമിനാറും നടത്തി. സെമിനാറിൽ 47 ഓളം യുവജനങ്ങൾ പങ്കെടുത്തു. നവദമ്പതികളെ ആദരിച്ചു.

**കാവുംമന്ദം യൂണിറ്റ്**

യുവജനദിനം ആഘോഷിച്ചു. ദിവ്യബലിയിൽ വിവിധ ശുശ്രൂഷകളിൽ പങ്കുചേരുകയും കാഴ്ചസമർപ്പണം നടത്തുകയും മാതാവിന്റെ തിരുസ്വരൂപത്തിനു മുമ്പിൽ ഓരോരുത്തരും തിരി തെളിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. സാമൂഹിക തിന്മകൾക്കെതിരെ പ്രതികരിക്കാൻ തെരുവുനാടകം നടത്തുകയും സെമിനാർ സംഘടിപ്പിക്കുകയും ചെയ്തു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് യുവജനങ്ങൾ സംഘടിതരായി. പള്ളിപരിസരത്തുള്ള വൃത്തിഹീനമായ ഓവുചാലുകൾ വൃത്തിയാക്കി.

**ഫാ. ലാൽ പൈനുങ്കൽ**
ഡയറക്ടർ

# കുടുംബ പ്രേഷിതത്വം

### വിവാഹത്തിനൊരുക്കമായുള്ള കോഴ്സുകൾ

ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് ആഗസ്റ്റ് 10 മുതൽ 13 വരെ നടന്ന കോഴ്സിൽ 98 പേർ പങ്കെടുത്തു. കോഴ്സുകളുടെ വിജയത്തിനായി യത്നിച്ച എല്ലാ വൈദികരെയും കുടുംബപ്രേഷിതത്വ ടീം അംഗങ്ങളെയും നന്ദിപൂർവ്വം സ്മരിക്കുന്നു.

### അടുത്ത മാസങ്ങളിലെ കോഴ്സുകൾ

സെപ്റ്റംബർ 29 - ഒക്ടോബർ 02 ദ്വാരക പാസ്റ്ററൽ സെന്റർ
ഒക്ടോബർ 12-15 - ദ്വാരക പാസ്റ്ററൽ സെന്റർ
ഒക്ടോബർ 26-29 - ദ്വാരക പാസ്റ്ററൽ സെന്റർ

### കത്തോലിക്കാ മാതൃസംഘടന

രൂപതാ മാതൃസംഘടന അസി. ഡയറക്ടർ ബിനു അച്ചന്റെ നേതൃത്വത്തിൽ രൂപതാ എക്സിക്യൂട്ടീവ് ചേർന്നു. ശ്രീമതി ആലീസ് ഉദീമൂട്ടിൽ സ്വാഗതമാശംസിച്ചു. റിപ്പോർട്ട് അവതരണത്തിനുശേഷം ഭാവി പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു. ചെയിൻ റോസറിയും, വനിതാസംഗമവും കല്പറ്റ, നിലമ്പൂർ മേഖലകളിൽ നടത്തുവാൻ തീരുമാനിച്ചു. ആഗസ്റ്റ് 15 ന് സ്വർഗ്ഗാരോപണതിരുനാളും, ഓഗസ്റ്റ് 27 ന് മോനിക്കാ പുണ്യവതിയുടെ തിരുനാളും, സെപ്റ്റംബർ 8 ന് മാതൃദിനാഘോഷവും നടത്തുന്നതിനെക്കുറിച്ചും ചർച്ച ചെയ്തു. 1980 നു ശേഷം നാലോ അതിലധികമോ മക്കളുള്ള ദമ്പതിമാരെ ആദരിക്കുന്നതും ചർച്ചയിൽ ഉൾപെടുത്തി. 2013 വർഷത്തിലേക്കുള്ള പ്രവർത്തന മാർഗ്ഗരേഖക്കാവശ്യമായ പ്ലാൻ തയ്യാറാക്കുവാനും തീരുമാനിച്ചു. ഭക്ഷണത്തിനുശേഷം യോഗം പിരിഞ്ഞു. അടുത്ത രൂപതാ എക്സിക്യൂട്ടീവ് സെപ്റ്റംബർ 21 ന് 10 മണിക്ക്.

**സ്നേഹപൂർവ്വം നന്ദി**

മാനന്തവാടി രൂപത ഫാമിലി അപ്പോസ്റ്റലേറ്റിന്റെ നീലഗിരി റീജനിൽ സജീവമായി പ്രവർത്തിച്ച ബഹു.ജോർജ് പടിഞ്ഞാറയച്ചന് രൂപതാ ഡയറക്ടർ ബഹു. ഡെന്നീസ് കഴുതാടിയിലച്ചനും, ടീമും നന്ദി യർപ്പിച്ചു. പുതിയപ്രവർത്തന മേഖലയിൽ എല്ലാവിധ നന്മകളും നേരുന്നു. നീലഗിരി റീജനിൽ സജീവമായി പങ്കുവഹിക്കുവാനായി കടന്നുവന്നിരിക്കുന്ന ബഹു. സജി ഇളയടത്തച്ചനും, ആനിമേറ്റർ സി. മേഴ്സിയ്ക്കും രൂപതയിലെ കുടുംബ പ്രേഷിതത്വത്തിലേക്ക് സ്വാഗതം.

**നെടുമ്പാല യൂണിറ്റ്**

ജൂലൈ 02 ന് സംഘടനയുടെ മാസമീറ്റിംഗ് നടന്നു. ബഹു തോമസച്ചൻ മതത്തെകുറിച്ച് ക്ലാസ്സ് എടുത്തു. അച്ചന്റെ നാമഹേതുക തിരുനാൾ സമുചിതമായി ആചരിച്ചു. ജൂലായ് 30 ന് ആനിമേറ്ററുടെ നേതൃത്വത്തിൽ ഭാരവാഹികൾ ചേർന്ന് രോഗി സന്ദർശനം നടത്തി.

**ചൂരൽമല യൂണിറ്റ്**

ജൂലൈ 29 ന് ബഹു. തോമസച്ചൻ ക്ലാസ്സ് എടുത്തു. 18 ഓളം അമ്മമാർ പങ്കെടുത്തു. അച്ചന്റെ നാമഹേതുകതിരുനാൾ സമുചിതമായി ആചരിച്ചു. ഇടവകയിൽ വി. ബലിയ്ക്ക് വരാറുള്ള ഡോൺബോസ്കോ അംഗമായ ഷാൽബിനച്ചന്റെ യാത്രയയപ്പിന് അമ്മമാരുടെ സഹകരണം ഉണ്ടായിരുന്നു.

**നടവയൽ യൂണിറ്റ്**

ആദ്യഞായറാഴ്ച മീറ്റിംഗ് കൂടി. ഓരോ വാർഡിലുമുള്ള മാതൃ സംഘാംഗങ്ങൾ അതാതു വാർഡുകളിൽ രോഗികളായി കഴിയുന്ന വരെയും പ്രായാധിക്യം മൂലം അവശത അനുഭവിക്കുന്നവരെയും സന്ദർശിച്ച് പ്രാർത്ഥിച്ചു. എല്ലാ വ്യാഴാഴ്ചകളിലും ബത്തേരി താലൂക്ക് ആശുപത്രിയിൽ ഭക്ഷണം പാകം ചെയ്യാൻ പോകാനുള്ളവരെ തിര ഞ്ഞെടുത്തു.

**ചെറുകാട്ടൂർ യൂണിറ്റ്**

ജൂലൈ 14 ന് ഇടവകയിലെ എല്ലാ അമ്മമാർക്കുമായി സെമി നാർ നടത്തി. ഡയറക്ടർ ബഹു. ജോർജ് തേരകം അച്ചൻ അമ്മ മാർക്കായി ക്ലാസെടുത്തു. അന്നുതന്നെ അമ്മമാർ ഒരുമിച്ചുകൂടി നല്ല കാലാവസ്ഥയ്ക്ക് വേണ്ടി കൊന്ത ചൊല്ലി പ്രാർത്ഥിക്കുകയും, രോഗിസന്ദർശനം നടത്തുകയും ചെയ്തു. മുൻ തീരുമാനമനുസരിച്ച് ഒരു കുടുംബത്തിന് ധനസഹായം നല്കി.

**കേണിച്ചിറ യൂണിറ്റ്**

ആദ്യഞായറാഴ്ച മീറ്റിംഗ് കൂടി. ബത്തേരി താലൂക്ക് ആശുപത്രിയിൽ ഭക്ഷണം പാകം ചെയ്യാൻ പോകാനുള്ളവരെ തിരഞ്ഞെടുത്തു. രോഗിസന്ദർശനവും ഭവനസന്ദർശനവും നടത്തി.

**വിളമ്പുകണ്ടം യൂണിറ്റ്**

ജൂലൈ അവസാനത്തെ വെള്ളിയാഴ്ച മീറ്റിംഗും ക്ലാസ്സും നടത്തി പിടിയരി പിരിവ് ഫണ്ട് ശേഖരണം നടത്തുന്നു. രോഗീസന്ദർശനവും ഭവനസന്ദർശനവും നടത്തുന്നു.

**ദീപ്തിഗിരി യൂണിറ്റ്**

ജൂലൈ 03 ന് ബഹു.വികാരിയച്ചന്റെ തിരുനാളും, ഇടവകാദിനവും സംയുക്തമായി ആഘോഷിച്ചു. പ്രസി. ശ്രീമതി ജെസ്സി മലേക്കുടി സ്വാഗതവും, ശ്രീമതി വത്സ പ്ലാക്കൽ ആശംസയും പറഞ്ഞു. ജൂലൈ 28 ന് അൽഫോൻസാമ്മയുടെ മരണതിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. അമ്മമാരുടെ നേതൃത്വത്തിൽ പാച്ചോർ വിതരണം നടത്തുകയും ചെയ്തു.

**പനവല്ലി യൂണിറ്റ്**

ജൂലൈ 29 ന് ഫാ. ബിനു വടക്കേൽ മാതാപിതാക്കൾക്ക് വേണ്ടി ക്ലാസ് എടുത്തു. 75 പേർ പങ്കെടുത്തു. ഫാ. ജോഷി പെരിയപുറം സ്വാഗതവും മാത്യു ചവരനാൽ നന്ദിയും പറഞ്ഞു

**മാനന്തവാടി ഫൊറോന**

ജൂലായ് 18 ന് ബോയ്സ് ടൗണിൽ വെച്ച് മാനന്തവാടി ഫൊറോന മാതൃസംഘടനയുടെ നേതൃത്വത്തിൽ വനിതാസംഗമം നടത്തി. ഫൊറോന ഡയ. ബഹു. ജോണി പെരുമാട്ടിക്കുന്നേലച്ചൻ ഏവർക്കും ഹൃദ്യമായ സ്വാഗതം ആശംസിച്ചു. രൂപതാ ടീമംഗങ്ങളയായ ബഹു. ബിനു വടക്കേലച്ചൻ, റവ. സി. ആലീസ്, ശ്രീമതി മോളി ടീച്ചർ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി. മക്കളുടെ വളർച്ചയിൽ മാതാക്കളുടെ പങ്ക്, നല്ലൊരു കുടുംബത്തിന്റെ അടിത്തറ മാതാക്കൾ എന്നിങ്ങനെയുള്ള വിഷയങ്ങളെ മുൻനിറുത്തിയായിരുന്നു ക്ലാസ്സുകൾ. 16 ഇടവകയിൽ നിന്നായി 227 പേർ പങ്കെടുത്തു. 14 ഇടവകളിൽ നിന്നായി സ്വരൂപിച്ച പ്രേഷിതനിധി ഫൊറോന ആനിമേറ്റർ സി. ജോസ്ന രൂപതാ അസ്സി. ബഹു.ബിനു അച്ചന് കൈമാറി. ജനുവരി 26 ന് ഡൽഹിയിൽ വെച്ച് നടന്ന റിപ്പബ്ലിക് ദിന പരേഡിൽ പങ്കെടുത്തതിലും, മെയ് 3 ന് രൂപതാ ദിനത്തോടനുബന്ധിച്ച് നടത്തിയ അവാർഡ് ദാന പരിപാടിയിൽ

മാനന്തവാടി രൂപതയിലെ ഏറ്റവും നല്ല സംരംഭക എന്നിനിലയിലും അവാർഡിനർഹയായ ഫെറോന പ്രസി. ശ്രീമതി മോളി കരിമ്പനാക്കുഴിയെ ഡയറക്ടറച്ചൻ അഭിനന്ദിക്കുകയും ബഹു. ബിനു അച്ചൻ പൊന്നാടയണിക്കുകയും ചെയ്തു. ആനിമേറ്റർ സി. ജോസ്ന നന്ദിപറഞ്ഞു. ഈ പരിപാടിയിൽ പങ്കെടുക്കാൻ ബഹു. ആനിമേറ്റഴ്സിനേയും, അമ്മമാരേയും പ്രോത്സാഹിപ്പിച്ച ബഹു. വികാരിയച്ചൻമാർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ചുങ്കക്കുന്ന് ഫൊറോന**

ജൂൺ 28 ന് അമ്പായത്തോട് ശാഖയിൽ വെച്ച് ചുങ്കക്കുന്ന് ഫെറോന ഡയറക്ടർ ബഹു. ജോസ് വാഴക്കാലയച്ചന്റെ നേതൃത്വത്തിൽ മാതൃസംഘടനയുടെ എക്സിക്യൂട്ടീവ് നടത്തി. ജൂലായ് 14 ന് കേളകത്ത് വെച്ച് മാനേജിംഗ് ബോഡി നടത്തി. എല്ലാ ശാഖയിൽ നിന്നു ആനിമേറ്റേഴ്സും, എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. ഫെറോന പ്രസി. ശ്രീമതി കത്രിക്കുട്ടി ഏവർക്കും സ്വാഗതം ആശംസിച്ചു. ഡയ. വാഴക്കാലായിലച്ചൻ ക്ലാസ്സെടുത്തു. ആഗസ്റ്റ് 16 ന് ചുങ്കക്കുന്നിൽ വെച്ച് വനിതാ സംഗമം നടത്താൻ തീരുമാനിച്ചു. സെപ്റ്റംബർ 09 ന് ലോഗോസ് ക്വിസ്സിനു മുന്നോടിയായി ഫൊറോന ഓപ്പൺ ക്വിസ്സ് മത്സരം നടത്താനും തീരുമാനിച്ചു. ഫെറോന ആനിമേറ്റർ സി. ലൂസികുര്യൻ ഏവർക്കും നന്ദിയർപ്പിച്ചു.

**കമ്മന യൂണിറ്റ്**

ജൂലായ് 21 ന് അംഗങ്ങൾ മാനന്തവാടി ഗവ. ഹോസ്പിറ്റലിൽ രോഗി സന്ദർശനം നടത്തി. ജൂലായ് 28 ന് വി. കുർബ്ബാനയ്ക്ക് ശേഷം ആനിമേറ്റർ സി. ഗ്രേസി ജോസഫിന്റെ നേതൃത്വത്തിൽ അമ്മമാർ ഗവ. ഹോസ്പിറ്റലിൽ രോഗികൾക്കായി ഭക്ഷണം നൽകി സഹായിച്ചു.

**ഇടിവണ്ണ യൂണിറ്റ്**

ജൂൺ 09 ന് നിലമ്പൂർ വെച്ചു നടന്ന വനിതാസംഗമത്തിൽ ശാഖയിൽ നിന്ന് 8 അമ്മമാർ പങ്കെടുത്തു. ഭാരവാഹികളുടെ മീറ്റിംഗിലും പങ്കെടുത്തു. ജൂൺ 16 ന് നടന്ന ഫെറോന എക്സിക്യൂട്ടീവിലും ആനിമേറ്റർ സെക്രട്ടറി എന്നിവർ പങ്കെടുത്തു. ഫെറോന ആനിമേറ്ററായി സി. തെരേസിനെ തിരഞ്ഞെടുത്തു. ജൂലൈ 26 ന് ശാഖാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. മണ്ഡ്യരൂപതയെ സഹായിക്കാൻ ധനസഹായം നടത്തി. ലോഗോസ് ക്വിസിന് കഴിയുന്നത്ര അമ്മമാർ പങ്കെടുക്കാൻ തീരുമാനിച്ചു. ജൂലൈ 28 ന് തിരുനാൾ നേർച്ച ഭക്ഷണം അമ്മമാർ

ഒരുക്കി. 29 ന് നടന്ന ഫെറോന എക്സിക്യൂട്ടിവിന് 3 പേർ പങ്കെടു ത്തു. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾക്കായി 500 രൂപ കൊടുത്തു.

**വെള്ളമുണ്ട യൂണിറ്റ്**

ആഗസ്റ്റ് 05 ന് മാതൃസംഘടനയുടെ നേതൃത്വത്തിൽ 01 മുതൽ 07 ക്ലാസ്സ് വരെയുള്ള കുട്ടികളുടെ അമ്മമാർക്കുവേണ്ടി ക്ലാസ്സ് നടത്തി. 50 പേർ പങ്കെടുത്തു. സി. റെജിന ക്ലാസ്സ് എടുത്തു. എല്ലാ ആഴ്ചയിലും അമ്മമാർ വാർഡ് അടിസ്ഥാനത്തിൽ പള്ളിയും, പരിസരവും വൃത്തി യാക്കുന്നു. ആദ്യവെള്ളിയാഴ്ചകളിൽ മീറ്റിംഗ് കൂടുന്നു. പ്രാർത്ഥന യ്ക്കും ജപമാലയ്ക്കും നേതൃത്വം നൽകുന്നു.

**പോരൂർ യൂണിറ്റ്**

മെയ് 02 ന് ശാഖ പ്രസിഡണ്ട് മോളി കരിമ്പനാകുഴിയുടെ അദ്ധ്യ ക്ഷതയിൽ ചേർന്ന എക്സിക്യൂട്ടീവ് യോഗത്തിൽ പുതിയ വികാരിയായി ചാർജ് എടുത്ത ബഹു. ചാക്കോ മേപ്പുറത്തച്ചനേയും മറ്റ് അംഗങ്ങ ളെയും ആനിമേറ്റർ സി. തെരസ് ജോർജ് സ്വാഗതം ചെയ്തു. രൂപത യിൽ കൊടുക്കേണ്ട പ്രേഷിതനിധി, ആരാധന, രോഗിസന്ദർശനം, ലോഗോസ്കിസ്സ്, അമ്മമാർക്ക് വേണ്ടിയുള്ള ക്ലാസ്സുകൾ, ധനശേഖര ണത്തിന് കുപ്പയിലൊരുവാഴ ഈ തീരുമാനമെടുത്തു. ജൂലൈ 15 ന് ബഹു. ചാക്കോച്ചൻ അച്ചൻ ക്ലാസ്സ് നയിച്ചു. 170 അമ്മമാർ പങ്കെടുത്തു. സെക്രട്ടറി ഷാന്റി ജോയി എല്ലാവർക്കും നന്ദി പറഞ്ഞു.

**മാനന്തവാടി ഫൊറോനയിൽ പ്രേഷിതനിധി തന്ന ഇടവകകൾ**

കണിയാരം (1500), തവിഞ്ഞാൽ (500), പോരൂർ (25000), കരിമാനി (500), പ്രശാന്തഗിരി (250), യവനാർകുളം (2230), പാറത്തോട്ടം (915), തലപ്പുഴ (2230), വാളാട് (250), ഏലപ്പീടിക (1000), ആലാറ്റിൽ (500), കുറ്റിമൂല (750), പുതിയിടം (1000), മുതിരേരി (1500), വല്ലിയ കൊല്ലി (0), ബോയ്സ്ടൗൺ (0), പേരിയ (0), മാനന്തവാടി ടൗൺ (0)

**ആറാട്ടുതറ യൂണിറ്റ്**

ജൂലൈ, ആഗസ്റ്റ് മാസത്തിൽ ബഹു. വികാരി അച്ചൻ ക്ലാസ്സു കൾ നയിച്ചു. തീരുമാനങ്ങൾ - ഇടവകയിൽ അവശരെയും, ബുദ്ധി മുട്ട് അനുഭവിക്കുന്ന രോഗികളെയും വാർദ്ധക്യത്തിൽ വിഷമമനുഭവി ക്കുന്നവരെയും സന്ദർശിക്കുകയും തങ്ങളാൽ കഴിയുന്ന ചെറിയ ചെറിയ സഹായങ്ങൾ മറ്റുള്ളവർക്ക് ചെയ്യുകയും ചെയ്യുന്നു. 08 കുട്ടി

കൾക്ക് 500/ വീതം കുടമേടിക്കാൻ സഹായിച്ചു. ശ്രീമതി ജയ്നമ്മ ആര്യപ്പള്ളി യോഗത്തിൽ നന്ദി പറഞ്ഞു. സംഘടനയിൽ ഫണ്ട് സ്വരൂപിക്കാൻ തീരുമാനിച്ചു.

**പുതിയഭാരവാഹികൾ**

പ്രസിഡണ്ട് ശ്രീമതി റിൻസി മനയാനിപ്പുറത്ത്, സെക്രട്ടറി ശ്രീമതി ഷിജി കോമത്ത്, വൈസ്പ്രസിഡന്റ് ശ്രീമതി ബീന മൊടോമറ്റം, ജോ.സെ.ശ്രീമതി പിങ്കി തറപ്പുതൊട്ടിയിൽ, ട്രഷറർ ശ്രീമതി ലീലാമ്മ കണിയടിക്കൽ എന്നിവരെയും തിരഞ്ഞെടുത്തു.

**മരിയൻ സിംഗിൾസ്**

ആഗസ്റ്റ് 21 ന് സി. മരീനയുടെ നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു.12 പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് സെപ്റ്റംബർ 21 ന് 10 മണിക്ക്.

**മരിയൻ സിംഗിൾസ്**

ജൂലൈ 17 ന് ഡയറക്ടറിന്റെയും, സി. മരീനയുടെയും നേതൃത്വത്തിൽ ഏകസ്ഥ കൂട്ടായ്മ നടന്നു. 15 പേർ പങ്കെടുത്തു. ആഗസ്റ്റ് 02 ന് മൂവാറ്റുപുഴ ജീവജ്യോതിയിൽ വെച്ച് നടത്തപ്പെടുന്ന സൊസൈറ്റി ഓഫ് മരിയൻ സിംഗിൾസിന്റെ അഖിലകേരള സംഗമത്തിൽ 03 പേർ പങ്കെടുക്കുവാൻ തീരുമാനിച്ചു. അടുത്ത മീറ്റിംഗ് ആഗസ്റ്റ് 21 ന് 10 മണിക്ക്.

**ഫാ. ഡെന്നീസ് കഴുതാടിയിൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സിയോൻ വാർത്തകൾ

## സോണൽ മീറ്റിംഗ്

2012 ആഗസ്റ്റ് 3 ആദ്യവെള്ളിയാഴ്ച സോണൽ മീറ്റിംഗ് നടത്തി. 83 ശുശ്രൂഷകർ പങ്കെടുത്തു. കുരിശിന്റെ വഴി നടത്തിക്കൊണ്ട് ആരംഭിച്ചു. ഈ മാസം സിയോൻ ശുശ്രൂഷകർ മൂന്നു ബാച്ചുകളിലായി നടത്തുന്ന ധ്യാനത്തിന്റെ വിജയത്തിനായി രാവിലെ 10.45 മുതൽ ഉച്ചയ്ക്ക് 12 വരെ ആരാധന നടത്തി. 12 മണിക്ക് ഡയറക്ടർ ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ച് വചനസന്ദേശം നൽകി. പുറ. 20:24 "എവിടെയെല്ലാം എന്റെ നാമം അനുസ്മരിക്കാൻ ഞാൻ ഇടവരുത്തുമോ അവിടെയെല്ലാം ഞാൻ നിങ്ങളുടെ അടുക്കലേക്ക് വരുകയും നിങ്ങളെ അനുഗ്രഹിക്കുകയും ചെയ്യും". ഈ തിരുവചനം ഉദ്ധരിച്ചുകൊണ്ടാണ് ടീം മീറ്റിംഗ് ആരംഭിച്ചത്. ബഹു. അച്ചൻ ശുശ്രൂഷകർക്ക് നിർദ്ദേശങ്ങളും അറിയിപ്പുകളും നൽകി. ശുശ്രൂഷയ്ക്കായി ദൈവമാണ് നമ്മെ വിളിച്ചത്. ഇത് ദൈവികമായ ശുശ്രൂഷയാണ്. ദൈവം തെരഞ്ഞെടുത്തതിനെ പവിത്രമായി സൂക്ഷിച്ചാൽ ദൈവം ഉയർത്തും. ഈ ദേശത്തിനുവേണ്ടി പ്രാർത്ഥിക്കണം. അടുത്ത സോണൽ മീറ്റിംഗ് ആഗസ്റ്റ് 31 നാണ് സെപ്റ്റംബർ 1 ആദ്യശനിയും. ആഗസ്റ്റിലെ ആദ്യശനി വി. വിയാനി പുണ്യവാന്റെ തിരുനാൾദിനം പൗരോഹിത്യദിനമായി ആചരിക്കുന്നു. ആഗസ്റ്റ് 28 ഫീസ്റ്റാഘോഷിക്കുന്ന ബഹു. താന്നിയിലച്ചനേയും ഈ മാസം ജന്മദിനം ആഘോഷിക്കുന്ന മി. ജോസ് നെല്ലിനിൽക്കുംതടം, സി. മരിയ ജയിംസ് CMC എന്നിവർക്കും പൂവ് നൽകി മംഗളം ആശംസിച്ചു. 3 മണിയോടെ മീറ്റിംഗ് അവസാനിച്ചു. ആദ്യശനിയുടെ ഒരുക്ക ശുശ്രൂഷകൾക്കും എൽഡറിംഗിനുമായി 6 pm വരെയുള്ള സമയം ശുശ്രൂഷകർ വിനിയോഗിച്ചു.

## ജാഗരണ പ്രാർത്ഥന

6.30 pm ന് ജപമാലയോടെ ആരംഭിച്ചു. 7 pm ന് ബഹു. മനോജ് കാക്കോനാൽ അച്ചൻ വി. ബലി അർപ്പിച്ച് വചന സന്ദേശം നൽകി.

മർക്കോസ് 10:46–52 വചനങ്ങൾ വ്യാഖ്യാനിച്ചു. അന്ധയാചകൻ ദൈവം നൽകിയ അവസരങ്ങൾക്ക് പ്രാധാന്യം നൽകി. ഏറ്റവും നല്ല ഭിക്ഷാടനം ദാവീദിന്റെ പുത്രാ എന്നിൽ കനിയണമെ. തടസ്സപ്പെടുത്തുന്ന ശബ്ദങ്ങളെ അവഗണിക്കണം (ജനക്കൂട്ടത്തിന്റെ ശബ്ദം) കാഴ്ചകിട്ടുക എന്ന സ്വപ്നത്തിൽ നിന്നും അയാളെ തടുക്കാൻ ആർക്കും കഴിഞ്ഞില്ല. വി. ബലിക്കുശേഷം അത്താഴം, കുരിശിന്റെ വഴി തുടർന്ന് 12 മണിവരെ ആരാധന, ജാഗരണപ്രാർത്ഥന ബഹു. താന്നിയിൽ അച്ചനും സിയോൻ ടീമും ചേർന്ന് നയിച്ചു.

**ആദ്യശനി ഏകദിന കൺവെൻഷൻ 4–8–12**

6 am ന് പരി. അമ്മയുടെ സന്നിധിയിൽ എത്തിയ ശുശ്രൂഷകർ ഇന്നത്തെ ശുശ്രൂഷകളെയും കടന്നുവരുന്ന മക്കളെയും സിയോനെയും വൈദികരെയും വിവിധ നിയോഗങ്ങളെയും ജപമണികളിൽ കോർത്തിണക്കി സിയോനും ചുറ്റും നടന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ച് പരി. അമ്മയ്ക്ക് സമർപ്പിച്ചു. ബഹു. താന്നിയിൽ അച്ചൻ വചനസന്ദേശം തന്ന്, വി. ജലം തളിച്ച് ശുശ്രൂഷകരെയും ഹാളിനെയും അഭിഷേകം ചെയ്തു. ഒരുക്കശുശ്രൂഷകൾക്കും പ്രഭാതഭക്ഷണത്തിനുംശേഷം 8.30 ന് സ്റ്റേജിൽ ശുശ്രൂഷകൾ ആരംഭിച്ചു. സപ്ര, ജപമാല, സ്തുതി ആരാധന എന്നീ പതിവ് ശുശ്രൂഷകൾക്കുശേഷം 11 മണിക്ക് ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ വിയാനിയുടെ തിരുനാൾ ദിനമായ ഇന്ന് – സിയോൻ പൗരോഹിത്യദിനമായി ആചരിക്കുന്ന ഇന്ന് പൗരോഹിത്യം, പൗരോഹിത്യവിളി, അഭിഷേകം, അധികാരം, ദൗത്യം എല്ലാം വിശദമാക്കി വചനം പങ്കുവച്ചു. 12.20 ന് സിയോൻ വൈദിക കൂട്ടായ്മയിലെ ബഹു. 12 വൈദികർ ബഹു. ജയിംസ് കുറ്റിമാക്കലച്ചന്റെ നേതൃത്വത്തിൽ വി. ബലി അർപ്പിച്ചു. കോർഡിനേറ്റർ ശ്രീ. ബേബി മൂത്തേടം പൂ നൽകി 12 പേരെയും ആദരിച്ചു. വി. ബലിമധ്യേ ബഹു. ജയിംസച്ചൻ വചനസന്ദേശം നൽകി. പൗരോഹിത്യശുശ്രൂഷ ലോകാന്ത്യംവരെ തുടർന്നുകൊണ്ടുപോകുവാൻ ഇനിയും ധാരാളം വൈദികർ ഉണ്ടാകണം. ആത്മീയശുശ്രൂഷകൾ നൽകുവാൻ നിരവധി സന്യാസിനികളും. പൗരോഹിത്യത്തിലേക്കും സന്യാസത്തിലേക്കും തങ്ങളുടെ മക്കൾ വിളിക്കപ്പെടാൻ കുടുംബജീവിതം നയിക്കുന്നവർ ആഗ്രഹിക്കണം. ആഗ്രഹിക്കുന്ന മക്കളെ, വിളിലഭിക്കുന്നവരെ സന്തോഷപൂർവ്വം പറഞ്ഞയയ്ക്കണം. ആ ത്യാഗം ഏറ്റെടുക്കാൻ തയ്യാറാകണം; ബഹു. ജെയിംസ് അച്ചൻ അനുസ്മരിപ്പിച്ചു. വി. ബലിക്കുശേഷം ലഘുഭക്ഷണം, സാക്ഷ്യങ്ങൾ ഇവയായിരുന്നു. തുടർന്നുള്ള ആരാധനയും ദിവ്യകാരുണ്യ പ്രദക്ഷിണവും ഒത്തിരി അനുഗ്രഹദായ

കമായി. നിരവധി വൈദികരുടെ സാന്നിധ്യവും അഭിഷേകവും പ്രാർത്ഥ നയും വഴി അത്ഭുതങ്ങളും അടയാളങ്ങളും തമ്പുരാൻ പ്രവർത്തിച്ചു. സിയോൻ ശുശ്രൂഷകർ കത്തിച്ച മെഴുകുതിരികളുമായി പ്രദക്ഷിണ ത്തിൽ പങ്കുകൊണ്ടു. ബഹു. അഗസ്റ്റിൻ അച്ചൻ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകി. ബഹു. മനോജച്ചൻ ദിവ്യകാരുണ്യനാഥനെ വഹി ച്ചു. കൗൺസിലിംഗിനും കുമ്പസാരത്തിനും അവസരം നൽകി. 3.15 ന് സ്റ്റേജിലെ ശുശ്രൂഷകൾ അവസാനിച്ചു. ശുശ്രൂഷകൾ എല്ലാം പുനഃക്രമീ കരിച്ച ശേഷം 4.30 ന് ഭവനങ്ങളിലേക്കു മടങ്ങി.

## പൊതുകൗൺസിലിംഗ്

പ്രാർത്ഥിച്ച് ഒരുങ്ങിയ കൗൺസിലേഴ്സ് ശുശ്രൂഷ നടത്തി. 67 ഓളം പേർ വന്ന് കൗൺസിലിംഗ് നടത്തി സന്തോഷവും സമാധാനവും നിറഞ്ഞവരായി പോയി.

## മൂന്നാം വെള്ളി

6 pm-5 am ജാഗരണപ്രാർത്ഥന നടത്തി. ബഹു. അഗസ്റ്റിൻ താന്നിയിൽ അച്ചൻ വി. ബലി അർപ്പിച്ചു. സിയോൻ ടീം അംഗങ്ങളും സുവിശേഷ മുന്നണി ശുശ്രൂഷകരും ജാഗരണപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## ദമ്പതീകൂട്ടായ്മ

ജപമാലയോടുകൂടി കൂട്ടായ്മ ആരംഭിച്ചു. ബഹു. മെൽവിൻ കൊട്ടാരം OCD അച്ചൻ വി. ബലി അർപ്പിച്ചു. ആരാധന, വചനസന്ദേശം എന്നിവയ്ക്ക് ദമ്പതീകൂട്ടായ്മ ടീം അംഗങ്ങൾ നേതൃത്വം നൽകി. 4 pm ന് ശുശ്രൂഷ അവസാനിച്ചു.

## സിയോൻ സെപ്റ്റംബർ മാസത്തിൽ

| | | |
|---|---|---|
| 1-ാം തീയതി | - | ആദ്യശനി ഏകദിന കൺവെൻഷൻ |
| 8-ാം തീയതി | - | ദമ്പതീകൂട്ടായ്മ, പൊതുകൗൺസിലിംഗ്, യുവജനകൂട്ടായ്മ |
| 15-ാം തീയതി | - | സൗഖ്യദിനം |
| 21-ാം തീയതി | - | ജാഗരണ പ്രാർത്ഥന |

**ഫാ. അഗസ്റ്റിൻ താന്നിയിൽ**
സിയോൻ ഡയറക്ടർ



# ജീസസ് യൂത്ത്, ക്രിസ്റ്റീൻ

1. 2012 ജൂലൈ മാസം 27-ാം തീയതി വെള്ളിയാഴ്ച മാനന്തവാടി സെന്റ് മേരീസ് കോളേജിൽ ജീസസ് യൂത്ത് പ്രെയർഗ്രൂപ്പ് ആരംഭിച്ചു. 25 യുവജനങ്ങൾ പങ്കെടുത്തു. ഫാ. മനോജ് കാക്കോനാൽ, ഫുൾടൈമർ ഷിജോ എന്നിവർ നേതൃത്വം നൽകി.
2. 10-8-2012 വെള്ളിയാഴ്ച ജാഗരണ പ്രാർത്ഥനയ്ക്കും ടീം മീറ്റിംഗിനുമായി ജീസസ് യൂത്ത് ടീം അംഗങ്ങൾ ദ്വാരക സിയോൻ ചാപ്പലിൽ ഒരുമിച്ചുചേർന്നു.
3. 11-8-2012 രണ്ടാംശനിയാഴ്ച സിയോൻ ചാപ്പലിൽ യുവജന കൂട്ടായ്മ നടത്തി. ജപമാലയോടുകൂടി രാവിലെ 10 മണിക്ക് ശുശ്രൂഷകൾ ആരംഭിച്ചു. ഗാനശുശ്രൂഷ, സ്തുതി ആരാധന, വചനപ്രഘോഷണം, ദിവ്യബലി, ദിവ്യകാരുണ്യ ആരാധന എന്നിവ നടത്തി. ജീസസ് യൂത്ത് ടീം അംഗങ്ങൾ നേതൃത്വം നൽകി.
4. ഗൂഡല്ലൂർ, അരുൾനിലയം ഇടവകകളിൽ 2012 ഓഗസ്റ്റ് 19, 20 തീയതികളിൽ ക്രിസ്റ്റീൻ ധ്യാനം നടത്തി. 115 കുട്ടികൾ ധ്യാനത്തിൽ പങ്കെടുത്തു. ഫാ. മനോജ് കാക്കോനാൽ, സി. ടീന എസ്.എച്ച്., ജൂബിൻ പുലിമല എന്നിവർ ക്ലാസുകൾ നയിച്ചു.
5. എല്ലാ തിങ്കളാഴ്ചകളിലും വൈകിട്ട് 8 മണിമുതൽ ഒരു മണിക്കൂർ സമയം ജീസസ് യൂത്ത് ടീം അംഗങ്ങൾ ദീപ്തിഗിരി പള്ളിയിൽ ഒരുമിച്ചുചേർന്ന് മദ്ധ്യസ്ഥപ്രാർത്ഥന നടത്തി വരുന്നു.

**ഫാ. മനോജ് കാക്കോനാൽ**
ഡയറക്ടർ

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

നമ്മുടെ സംഘടനയുടെ സ്ഥാപകന്റെ തിരുനാളും (സെപ്റ്റംബർ 9) മദ്ധ്യസ്ഥന്റെ തിരുനാളും (സെപ്റ്റംബർ-27) എല്ലാറ്റിനുപരി നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ പിറവിത്തിരുനാളും (സെപ്റ്റംബർ-8) ആഘോഷിക്കുന്ന ഈ മാസത്തിൽ എല്ലാ അംഗങ്ങൾക്കും മൂന്നു തിരുനാളുകളുടെയും മംഗളങ്ങൾ ആശംസിക്കുന്നു.

കഴിഞ്ഞ മാസത്തെ ബുള്ളറ്റിനിൽ അറിയിച്ചിരുന്നതുപോലെ തിരുനാളുകളോടനുബന്ധിച്ചുള്ള നൊവേനയും, തിരുനാളാഘോഷങ്ങളും എല്ലാ കോൺഫ്രൻസുകളിലും ബഹു. വികാരിയച്ചന്മാരുടെ സഹകരണത്തോടെ സമുചിതമായി ആഘോഷിക്കാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## K.R.C.C. യുടെ പ്രൊജക്ട് സന്ദർശനം

K.R.C.C. യുടെ നേതൃത്വത്തിൽ ഒരു ടീം സെപ്റ്റംബർ 5, 6 തീയതികളിൽ നമ്മുടെ രൂപതയിൽ 2006 മുതൽ 2010 വരെയുള്ള കാലഘട്ടത്തിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ പരിശോധനയ്ക്കായി വരുന്നുണ്ട്. 2006 മുതൽ 2011 ഡിസംബർ വരെ പ്രൊജക്ടുകൾ നടപ്പിലാക്കിയ കോൺഫ്രൻസുകൾ അവരവരുടെ പ്രൊജക്ടുകൾ K.R.C.C. ടീമിനെ കാണിച്ചുകൊടുക്കാൻ വേണ്ട ഒരുക്കങ്ങൾ ചെയ്യേണ്ടതാണ്.

## അടുത്ത സി.സി. യോഗം

2012 സെപ്റ്റംബർ 8 ശനിയാഴ്ച രാവിലെ 10.30 ന് പാസ്റ്ററൽ സെന്ററിലെ സി.സി. ഓഫീസിൽ വച്ച് അടുത്ത സി.സി. യോഗം നടക്കുന്നതാണ്. അന്നേദിവസം സംയുക്തതിരുനാൾ ആഘോഷമായി തീരുമാനിച്ചിരിക്കുന്നതിനാൽ എല്ലാ സി.സി. ബോർഡ് അംഗങ്ങളും എ.സി. പ്രസിഡണ്ടുമാരും സംബന്ധിക്കണമെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

## K.R.C.C. യോഗം

4-08-2012 ശനിയാഴ്ച എറണാകുളം റിന്യൂവൽ സെന്ററിൽ വെച്ച് നടന്ന സൊസൈറ്റിയുടെ പ്രൊജക്ടിനെ അടിസ്ഥാനമാക്കിയുള്ള ക്ലാസ്സിൽ ബ്ര. തോമസ് മാങ്ങൻ, ബ്ര. ടി.എം. ഷാജൻ എന്നിവർ പങ്കെ

ടുത്തു. പ്രോജക്ടിൽ കാലത്തിനനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന്റെ ഭാഗമായി K.R.C.C. തലത്തിൽ K.R.C.C. പ്രസിഡന്റ് ബ്ര. ബേബി തെക്കൻ ഉൾപ്പെടുന്ന കമ്മിറ്റിക്ക് രൂപം നൽകി. പ്രസ്തുത കമ്മിറ്റി എല്ലാ കോൺഫ്രൻസുകളും സന്ദർശിച്ച് പ്രൊജക്ടുകളെക്കുറിച്ച് പഠനം നടത്തുന്നതാണ്. പ്രസ്തുത ടീം കോൺഫ്രൻസ് സന്ദർശിക്കുമ്പോൾ എല്ലാവിധ സഹകരണങ്ങളും ചെയ്തുകൊടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കോൺഫ്രൻസ് സന്ദർശിക്കുന്ന തീയതി പിന്നീട് അറിയിക്കുന്നതാണ്.

**അറിയിപ്പുകൾ**

1. സ്കോളർഷിപ്പ് അപേക്ഷ (പുതിയത്) സെപ്റ്റംബർ 30-ാം തീയതിക്കുള്ളിൽ എല്ലാ കോൺഫ്രൻസുകളും എ.സി. പ്രസിഡന്റുമാർ മുഖേന സി.സി. ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷ ഫോം കഴിഞ്ഞ വർഷത്തേതുതന്നെയാണ്. വിശദവിവരങ്ങൾക്ക് 9446420384 എന്ന നമ്പറിൽ സ്കോളർഷിപ്പ് ചാർജുള്ള ബ്ര. ഷാജൻ മാസ്റ്ററെ കോൺടാക്ട് ചെയ്യുക. കൂടുതൽ വിവരങ്ങൾ സെപ്റ്റംബർ 8 ന് നടക്കുന്ന സി.സി. മീറ്റിംഗിൽ എ.സി. പ്രസിഡന്റുമാരെ അറിയിക്കുന്നതാണ്.

**ഓസ്സാനഭവൻ സന്ദർശനം - കൊട്ടിയൂർ എ.സി**

സെന്റ് ഫ്രാൻസീസ് വെള്ളൂന്നി - 1-10-2012

**കുറുമ്പാല എ.സി**

1. സെന്റ് സെബാസ്റ്റ്യൻ കുപ്പാടിത്തറ - 2-10-2012
2. സെന്റ് മേരീസ് കുറുമ്പാല - 3-10-2012
3. സെന്റ് ജോസഫ് കുറുമ്പാല - 4-10-2012
4. വാ. മദർ തെരേസ മംഗളം - 5-10-2012
5. സെന്റ് അൽഫോൻസ പുതുശ്ശേരിക്കടവ് - 6-10-2012
6. ക്രിസ്തുരാജ പുതുശ്ശേരിക്കടവ് - 7-10-2012

**മാനന്തവാടി എ.സി.**

1. സെന്റ് മേരീസ് ആലാറ്റിൽ - 8-10-2012
2. സെന്റ് ഫിലോമിന ആലാറ്റിൽ - 9-10-2012
3. ലിറ്റിൽ ഫ്ളവർ മുതിരേരി - 10-10-2012
4. ലിറ്റിൽ ഫ്ളവർ പുതിയിടം - 11-10-2012
5. മൗണ്ട് കാർമ്മൽ തലപ്പുഴ - 12-10-2012
6. ലിറ്റിൽ ഫ്ളവർ മാനന്തവാടി - 13-10-2012
7. വാ. മദർ തെരേസ വിമലനഗർ - 14-10-2012
8. സെന്റ് മേരീസ് യവനാർകുളം - 15-10-2012

**ബ്രദർ എം.സി. തോമസ് മാങ്ങൻ** - സി.സി. പ്രസിഡന്റ്

# കെ.സി.ബി.സി. മദ്യവിരുദ്ധസമിതി

## സന്യസ്ത സംഗമം

മദ്യവിരുദ്ധ സമിതി മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ജൂലൈ 21 ന് ശനിയാഴ്ച ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് സന്യസ്ത സംഗമം സംഘടിപ്പിച്ചു. മാനന്തവാടി രൂപത വികാരി ജനറാൾ വെരി. റവ. ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ സംഗമം ഉദ്ഘാടനം ചെയ്തു. രൂപതാ ആനിമേറ്റർ റവ. സി. ജോവിറ്റ എഫ്.സി.സി സ്വാഗതം പറഞ്ഞു. രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അദ്ധ്യക്ഷത വഹിച്ചു. രൂപത ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേൽ അന്നേ ദിവസം ജന്മദിനം ആഘോഷിച്ച ബഹു. വികാരി ജനറാളച്ചന് ജന്മദിനാശംസകൾ നേർന്നു.

മദ്യവിരുദ്ധ പ്രവർത്തനം വി. ഗ്രന്ഥാടിസ്ഥാനത്തിൽ എന്ന വിഷയം രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കലും അജപാലന ശുശ്രൂഷയിൽ സന്യസ്തരുടെ പങ്ക് എന്ന വിഷയത്തിൽ ഡയറക്ടർ റവ. ഫാ. തോമസ് കുറ്റിക്കാട്ടുകുന്നേലച്ചനും മദ്യവിരുദ്ധ സമിതിയിൽ സന്യസ്തരുടെ സഹകരണം എന്ന വിഷയത്തിൽ സംസ്ഥാന ആനിമേറ്റർ സി. ജോവിറ്റ FCC യും ക്ലാസുകൾ നയിച്ചു.

വിവിധ ഇടവകകളിൽ നിന്നായി 94 സിസ്റ്റേഴ്സ് കൺവെൻഷനിൽ പങ്കെടുത്തു. സജീവമായ ചർച്ചകൾ നടന്നു. ഇടവകകളിൽ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി സജീവമാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചു.

രൂപതാ ഭാരവാഹികളായ ബേബി പേടപ്പാട്ട്, രാജു വി.സി, സി. മരിയ CMC, സി. മരീന SH എന്നിവർ സന്യസ്ത സംഗമത്തിന് നേതൃത്വം നൽകി. ഇടവകകളിൽ നിന്ന് ബഹു. സിസ്റ്റേഴ്സിനെ പങ്കെടുപ്പിച്ച ബഹു. വികാരിയച്ചന്മാർക്കും മദർ സുപ്പീരിയർമാർക്കും പ്രത്യേകം നന്ദി.

**മാർ ബസേലിയോസ് TTI ൽ മോചന**

CML ബത്തേരി മേഖല സമിതിയുടെ നേതൃത്വത്തിൽ മാർ ബസേലിയോസ് റ്റി. റ്റി. ഐ. യിലെ അദ്ധ്യാപക വിദ്യാർത്ഥികൾക്കായി മോചന 2012 സംഘടിപ്പിച്ചു. രൂപത പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. പ്രിൻസിപ്പാൾ റവ. സി. മരിയറ്റ CMC ഉദ്ഘാടനം ചെയ്തു. സെമിനാർ സംഘടിപ്പിച്ച CML ബത്തേരി മേഖല ഭാരവാഹികൾക്കും എല്ലാ സാഹചര്യങ്ങളും ഒരുക്കിയ TTI യിലെ അദ്ധ്യാപകർക്കും പ്രത്യേകം നന്ദി.

**സെന്റ് ആന്റണീസ് സൺഡേ സ്കൂൾ പഴൂർ**

സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി ജൂലൈ 22 ന് ഞായറാഴ്ച സെമിനാർ നടത്തി. രൂപത പ്രസിഡന്റ് ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ ക്ലാസ്സ് നയിച്ചു. 5 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ ക്ലാസ്സിൽ പങ്കെടുത്തു. ഇടവക വികാരി റവ. ഫാ. വിൻസെന്റ് പുതുശ്ശേരി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ ശ്രീ. ആൻഡ്രൂസ് മൂഞ്ഞനാട്ട്, അദ്ധ്യാപക സുഹൃത്തുക്കൾ ഏവർക്കും ഹൃദയം നിറഞ്ഞ നന്ദി.

**വിശ്വാസവർഷം**

2012 ഒക്ടോബർ 11 മുതൽ 2013 നവംബർ 24 വരെ കത്തോലിക്കാ സഭ വിശ്വാസവർഷമായി ആചരിക്കുകയാണല്ലോ. ഇടവകകൾക്കും സമർപ്പിതർക്കും കെ.സി.ബി.സി. നൽകുന്ന മാർഗ്ഗനിർദ്ദേശങ്ങളിൽ (ഇടവക No. 13 സന്യസ്തർ 8) ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഇടവക തലത്തിൽ സജീവമാക്കണമെന്നും എല്ലാ ഇടവകകളിലും മദ്യവിരുദ്ധ സമിതികൾ സ്ഥാപിക്കണമെന്നും, മദ്യപാനരോഗികൾക്ക് ചികിത്സാസഹായം നൽകണമെന്നും വിശ്വാസവർഷത്തിൽ ഇടവകയെ മദ്യവിമുക്ത ഇടവകയാക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നും കെ.സി.ബി.സി. ആവശ്യപ്പെടുന്നു. അഭിവന്ദ്യ മെത്രാൻ സംഘത്തിന്റെ നിർദ്ദേശങ്ങൾ പാലിച്ച് മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ഏറെ സജീവമാക്കുവാൻ എല്ലാവരോടും അഭ്യർത്ഥിക്കുന്നു.

**രൂപതാ എക്സിക്യൂട്ടീവ്**

ആഗസ്റ്റ് 5 ന് ഞായറാഴ്ച കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ രൂപതാ എക്സിക്യൂട്ടീവ് യോഗം ചേർന്നു. വിശ്വാസവർഷ പരിപാടികൾ ചർച്ച ചെയ്തു. കെ.സി.ബി.സി. നിർദ്ദേശാനുസരണം മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ശക്തമാക്കുവാനും ഇടവക യൂണിറ്റ് രൂപീക

രണം ത്വരിതപ്പെടുത്തുന്നതിനും തീരുമാനിച്ചു. വിശ്വാസവർഷത്തിൽ ലഹരിവിരുദ്ധ കൺവെൻഷൻ നടത്തുവാൻ തീരുമാനിച്ചു.

## 'കാസ' വാർത്തകൾ

വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ പ്രവർത്തനം ശക്തിപ്പെടുന്നു. കോർപ്പറേറ്റ് മാനേജ്മെന്റിന്റെ പല വിദ്യാലയങ്ങളും ലഹരി വിരുദ്ധ പ്രവർത്തനം നല്ല പാഠം പദ്ധതിയുടെ ഭാഗമായി നടക്കുന്നു എന്നു വാർത്തകളിൽ നിന്ന് അറിയുന്നത് ശുഭസൂചകമാണ്. കല്ലോടി സെന്റ് ജോസഫ് യു.പി. സ്കൂൾ, മാനന്തവാടി സെന്റ് ജോസഫ് റ്റി.റ്റി. ഐ., ബത്തേരി അസംപ്ഷൻ യു.പി. എന്നിവിടങ്ങളിലെ പ്രധാനാദ്ധ്യാപകർക്കും കാസ കോ-ഓഡിനേറ്റർമാർക്കും പ്രത്യേകം നന്ദി.

## 'കാസ' അധ്യാപക യോഗം സെപ്റ്റംബർ 7 വെള്ളി

അധ്യാപകർക്കുള്ള ഏകദിന പരിശീലന പരിപാടി സെപ്റ്റംബർ 7 ന് വെള്ളി രാവിലെ 11 മുതൽ ദ്വാരകയിൽ നടക്കും.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**CARITAS FARM PROJECT**

കാരിത്താസ് ഫാം പ്രൊജക്ടിന്റെ ഭാഗമായി ജില്ലയിലെ അഡ്വക്കസി വർക്ക്ഷോപ്പ് 9-ാം തീയതി WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. സ്പൈസസ് ബോർഡ് അസി. ഡയറക്ടർ ശ്രീ. ഡി. ഷേണായ് പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ മുൻ എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. വർഗ്ഗീസ് മറ്റമന മുഖ്യപ്രഭാഷണം നടത്തി. ഫാം പദ്ധതിയുടെ ജില്ലാ മാനേജർ ശ്രീ. ഇ. ജെ.ജോസ് സ്വാഗതമാശംസിച്ചു. SREYAS ഡയറക്ടർ റവ. ഫാ. ജോർജ്ജ് വെട്ടിക്കാട്ട്, STARS ഡയറക്ടർ റവ. ഫാ. ജോർജ്ജ് ഏഴാനിക്കാട്ട് CMI എന്നിവർ ആശംസകളർപ്പിച്ചു. വയനാട്ടിലെ 7 NGO കളിൽ നിന്നും പ്രതിനിധികൾ ഫാം പ്രൊജക്ട് സ്റ്റാഫ് എന്നിവർ പങ്കെടുത്തു.

വയനാട്ടിലെ കാർഷികോല്പ്പന്നങ്ങളുടെ സംസ്കരണ വിപണനത്തിൽ NGO കളുടെ കൂട്ടായ ഇടപെടലിന്റെ സാധ്യതകൾ എന്ന വിഷയത്തിൽ ശ്രീ. ഡി. ഷേണായും WSSS ന്റെ ജൈവോൽപ്പന്നങ്ങളുടെ വിപണനമേഖലയെക്കുറിച്ച് WSSS മാർക്കറ്റിംഗ് മാനേജർ ശ്രീ. കെ. എൽ. മാർട്ടിനും വിഷയാവതരണം നടത്തി. റവ. ഫാ. വർഗ്ഗീസ് മറ്റമന മോഡറേറ്ററായിരുന്നു.

**സമഗ്ര ആദിവാസി വികസന പദ്ധതി**

സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി തൊണ്ടർനാട് ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കി വരുന്ന വികസന പദ്ധതികൾ കാര്യക്ഷമമായി പുരോഗമിക്കുന്നു. തെരഞ്ഞെടുക്കപ്പെട്ട 203 കുടുംബങ്ങളിലേയും പുരുഷന്മാരെയും സ്ത്രീകളെയും വിവിധ സ്വാശ്രയ സംഘങ്ങളായി തിരിച്ച് അവർക്ക് ഈ വർഷം പച്ചക്കറികൾ,

കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ ഗ്രൂപ്പടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് പദ്ധതി സഹായം നൽകി. പുരുഷ ഗ്രൂപ്പുകൾക്ക് ഇഞ്ചി കൃഷി ചെയ്യുന്നതിനും സ്ത്രീകളുടെ ഗ്രൂപ്പുകൾക്ക് കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുന്നതിനുമാണ് പദ്ധതി സഹായം നൽകിയത്. കൂടാതെ മൺ കയ്യാല നിർമ്മാണം, കല്ല് കയ്യാലനിർമ്മാണം, കുരുമുളകിന്റെ താങ്ങ് കാല് നടീൽ, കാപ്പിതൈ നടീൽ, കുരുമുളക് നടീൽ, കശുമാവിൻ തൈകൾ നടീൽ തുടങ്ങിയ പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

## നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതി

നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതിയുടെ ഭാഗമായി FIP ഘട്ടത്തിൽ അനുവദിച്ച വിവിധ വികസന പദ്ധതികൾ അവസാന ഘട്ടത്തിൽ എത്തിയിരിക്കുന്നു. മൺ കയ്യാല നിർമ്മാണം, കല്ല് നിർമ്മാണം, തൈകളുടെ വിതരണം തുടങ്ങിയ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലായിരിക്കുകയാണ്. ഉപജീവനം മെച്ചപ്പെടുത്തൽ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പദ്ധതി നബാർഡിന് സമർപ്പിക്കുകയും ഗുണഭോക്താക്കളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകുകയും ചെയ്തു.

## സ്ത്രീ സ്വാശ്രയസംഘം

കേന്ദ്ര ഗവൺമെന്റ് ധനമന്ത്രാലയത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന സ്ത്രീകളുടെ സ്വാശ്രയസംഘ പ്രവർത്തനങ്ങളുടെ വിലയിരുത്തൽ WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. നബാർഡ് കേരളാ റീജിയന്റെ ചീഫ് ജനറൽ മാനേജർ ശ്രീ. അമലോത്ഭവനാഥ്, കാനറാബാങ്ക് കോഴിക്കോട് സർക്കിൾ മാനേജർ ശ്രീമതി സുജാത, വയനാട് ലീഡ് ബാങ്ക് മാനേജർ ശ്രീ. കെ. പി. ജോർജ്ജ്, WSSS ഡയറക്ടർ റവ. ഫാ. ജോൺ ചൂരപ്പുഴയിൽ, അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി, WSSS പ്രോഗ്രാം ഓഫീസർ ശ്രീ. ഒ. പി. അബ്രാഹം, സ്ത്രീ സ്വാശ്രയസംഘം കോർഡിനേറ്റർ ശ്രീ. കെ. ഒ. ജോയി, ബ്ലോക്ക്തലത്തിലുള്ള കോർഡിനേറ്റർമാർ എന്നിവർ പങ്കെടുത്തു.

സ്ത്രീ സ്വാശ്രയസംഘങ്ങളുടെ രൂപീകരണവുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ പ്രസ്തുത യോഗത്തിൽ ചർച്ചാ വിഷയമായി. ഓരോ ബ്ലോക്കിലും 2 ബാങ്കുകൾ വീതം മാത്രമാണ്. ഈ പദ്ധതിയുടെ നടത്തിപ്പിനായി അനുവദിച്ചിരിക്കുന്നത് എന്നത് ഒരു പോരായ്മയാണെന്നും, ഇടപാടുകൾ നടത്തുവാൻ മുപ്പതും നാൽപ്പതും കിലോ മീറ്റർ ദൂരം സ്ത്രീകൾ യാത്ര ചെയ്യേണ്ടിവരുന്നതും വിവിധ സംഘങ്ങളിലുള്ള

പ്രവർത്തനവും സംരംഭകത്വ പാരമ്പര്യമില്ലാത്തതും, നല്ല സംരംഭങ്ങൾ കണ്ടെത്തുവാനുള്ള പ്രയാസവും പരിശീലനത്തിന്റെ അപര്യാപ്തതയും ചർച്ചചെയ്യപ്പെടുകയുണ്ടായി. അനുവദിക്കപ്പെട്ട ബ്രാഞ്ചുകളിൽ ആവശ്യത്തിന് ജോലിക്കാർ ഇല്ലാത്തതും സ്ത്രീ സ്വാശ്രയസംഘങ്ങളുടെ രൂപീകരണത്തിന് തടസ്സമായി. പ്രൊജക്ടിന് ആവശ്യത്തിനുള്ള വായ്പ ലഭ്യമാക്കേണ്ടതിന്റെ ആവശ്യകതയും ചീഫ് ജനറൽ മാനേജരെ ബോധ്യപ്പെടുത്താൻ സാധിച്ചു.

**SAVE A FAMILY PLAN (SAFP)**

സേവ് എ ഫാമിലി പ്ലാൻ പ്രോഗ്രാമിന്റെ നേതൃത്വത്തിൽ ജൂലൈ മാസം നടത്തിയ പ്രധാനപ്രവർത്തനങ്ങൾ.

2006 ജൂൺ മാസം ആക്റ്റീവ് ആയ 38 കുടുംബങ്ങളുടെ പുരോഗമന വിവരങ്ങൾ തയ്യാറാക്കുകയും SAFP I ലേക്ക് അയച്ചുകൊടുക്കുകയും ചെയ്തു. ജൂലൈ 18-ാം തീയതി SAFP ഓഫീസിൽ നിന്നും Mr. Shinto Jose ജൂഡ്സ്മൗണ്ട് ഇടവകയിൽ ഉൾപ്പെട്ട 6 കുടുംബങ്ങൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

2012-13 വർഷത്തെ പുതിയ കുടുംബങ്ങളുടെ പ്രാഥമിക തെരഞ്ഞെടുപ്പ് പൂർത്തിയായി. രണ്ടാം ഘട്ടത്തിൽ 31 കുടുംബങ്ങൾ മാനന്തവാടി മേഖലയിൽ നിന്നും കണ്ടെത്തി. ചേലൂർ, ചെറുകാട്ടൂർ, ഇടയൂർക്കുന്ന്, കുറ്റിമൂല, തവിഞ്ഞാൽ എന്നീ ഇടവകാ പരിധിയിൽ നിന്നുമാണ് കുടുംബങ്ങളെ കണ്ടെത്തിയിരിക്കുന്നത്. ആഗസ്റ്റ് മാസം രണ്ടാം വാരത്തിൽ SAFP I ഓഫീസിൽ നിന്നും Mr. Shinto Jose പ്രസ്തുത കുടുംബങ്ങൾ സന്ദർശിക്കുകയും SAFP അംഗത്വം നൽകുകയും ചെയ്യും.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
WSSS ഡയറക്ടർ

# കേരള ലേബർ മൂവ്മെന്റ്

മാനന്തവാടി രൂപതയിൽ കേരള ലേബർ മൂവ്മെന്റിന്റെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ടുപോകുന്നു.

1-ാം തീയതി പുതുശ്ശേരിക്കടവ് ഇടവകയിൽ KLM സെമിനാർ നടന്നു. ഇടവക വികാരി റവ. ഫാ. ജോസ് കപ്യാരുമലയിൽ അദ്ധ്യക്ഷനായിരുന്നു. KLM സംസ്ഥാന വൈസ് പ്രസിഡണ്ട് ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ഷേമനിധി, സുരക്ഷ എന്നിവയെ ആസ്പദമാക്കി ക്ലാസ്സെടുത്തു. സുരക്ഷയുടെ PRAN കാർഡ് ഉദ്ഘാടനം WSSS അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിജോ കറുകപ്പള്ളി നിർവ്വഹിച്ചു. ശ്രീ. പൈലി എടാട്ട് സ്വാഗതവും ശ്രീ. വിനീഷ് നന്ദിയുമർപ്പിച്ചു. 105 അംഗങ്ങൾ സെമിനാറിൽ പങ്കെടുത്തു. ജൂലൈ 10 ന് ചുങ്കക്കുന്ന്, 15 ന് തോണിച്ചാൽ, 22 ന് തവിഞ്ഞാൽ എന്നീ ഇടവകകളിൽ KLM ന്റെ ബോധവൽക്കരണ ക്ലസ്സുകൾ നടത്തി.

പുതുശ്ശേരിക്കടവ് ഇടവക, അഡോറേഷൻ കോൺവെന്റ് ദ്വാരക, സെന്റ് കമില്ലസ് സെമിനാരി എന്നിവിടങ്ങളിൽ നിന്നും സുരക്ഷ എൻറോൾമെന്റ് നടന്നു. ജൂലൈ 4 ന് തിരുഹൃദയ സന്യാസിനീ സമൂഹത്തിന്റെ മദർ സുപ്പീരിയേഴ്സിനും കൗൺസിലേഴ്സിനുമായുള്ള സെമിനാർ ദ്വാരകയിൽ വച്ച് നടന്നു. 75 സിസ്റ്റേഴ്സ് പ്രസ്തുത സെമിനാറിൽ പങ്കെടുത്തു. റവ. ഫാ. ബിജോ കറുകപ്പള്ളി, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

18-ാം തീയതി നടവയൽ CMC സന്യാസ സമൂഹത്തിന്റെ മദർ സുപ്പീരിയേഴ്സിനും, സിസ്റ്റേഴ്സിനും, കൗൺസിലേഴ്സിനും നടവയൽ CMC കോൺവെന്റിൽ വച്ച് സെമിനാർ നടത്തി. 78 സിസ്റ്റേഴ്സ് പങ്കെടുത്തു. റവ. ഫാ. ബിജോ കറുകപ്പള്ളി, ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ നേതൃത്വം നൽകി.

**ഫാ. ജോൺ ചൂരപ്പുഴയിൽ**
KLM ഡയറക്ടർ

&

## Tidings of August 2012

- The Selection Committee to promote Sri Biju Joseph and George Thomas, Asst Profs. of English to the Selection Grade met on 27 July.
- Both the Manager and the Principal attended the combined meeting of the State Executives of both the Management Association & the Principals' Council at BCM College, Kottayam in late July.
- The Academic Excellence Day of the Year was celebrated on 1 August. His Excellency Mar George Njaralakkatt, Former Manager and the Bishop of Mandya was the Guest of Honour. Ms Anet Antony of the Zoology Dept was awarded the prestigious Founder Principal, Dr K.T. Varkey Endowment for the Best Outgoing Student of the Year. The various Scholarships were awarded, and an Inter Religious Prayer Meet and Variety Entertainments followed. The College Community and the invited Guests dined with His Excellency.
- Sri Thomas Monoth, Head of the Dept of Computer Science is awarded Ph D by the Kannur University for his thesis, *Analysis and Design of Tamperproof and Contrast Enhanced Secret Sharing based on Visual Cryptography Schemes*.
- Ms Geetha Antony had her Open Defense of her Ph D Thesis in Statistics at the Research Centre at Nehru College, Kanjangad on 10 August.
- The MA Classes began on 13August. A few more seats are available in the Management Quota.
- Sri Reji Francis, Ms Rejitha Xaviour, and Ms Ramy Krishnan, all the faculty of the Commerce Dept is sanctioned Minor

Research Projects worth about Rs. 100,000/- each by the UGC.

- The AIR Kozhikodu broadcasted a variety entertainment in the AIKYA BHARATI the Aikyabharati Program at 5 pm on 16 & 23 August. Dr Rakesh coordinated.
- The personnel of the Indian Institute of Logistics, Kochi held a *Career Oriented Seminar on Soft Skills* for the Senior Students on 3 August.
- Sri Savio James & George Thomas attended the two Day National Seminar on *New Literatures: Themes, Perspectives, & Recent Trends* at Govt Brennen College, Thalasserry on 9 & 10 August.
- Ms Melisa of III Year Zoology was honoured with a Diamond Necklace to inaugurate the Francis Alukkas Jewellery at Kalpetta.
- The College Community will celebrate Onam with the usual pomp on 22 & 23 August. The Students of the Maitry Community Development Centre of the Murukkumthery Dalit Colony and the Trainees of the Employment Training Centre for Tribal Women at Appappara will be the Guests of Honour for the Ona Sadya.
- The Election to the Students' Union will be held on Friday, 24 August. We continue to hold the College Union Elections violence-free in the Parliamentary Mode after the Lingdo Commission Recommendations.
- The Manager hoisted the National Flag on the Independence Day. The NCC Cadets and the hostlers attended. The Volunteers of the NSS, AICUF, and the Jesus Youth visited the Home for the Aged at Koolivayal and provided lunch for the inmates at the District Hospital, Mananthavady to mark the Day.
- The Syndicate Sub Committee held an inspection of the Research Centre of Zoology on 16 August.
- The Selection of the College Swimming Team will be held in the Ten Days' Swimming Workshop at the Coaching Academy at Nadavayal. Dr Maria Martin will coordinate.
- The College will close for Onam Holidays on Friday, 24 August and will reopen on Tuesday, 4 September.

**Dr. Raju George -** Principal

# റേഡിയോ മാറ്റൊലി 90.4 mhz

**സന്ദർശനം നടത്തി**

നബാർഡ് ചീഫ് ജനറൽ മാനേജർ ആർ. അമലോർത്ഭവനാഥൻ, സ്പൈസസ് ബോർഡ് അസി. ഡയറക്ടർ ദേവാനന്ദ് ഷേണായി എന്നിവർ റേഡിയോ മാറ്റൊലി സന്ദർശിച്ചു.

ആഫ്രിക്കൻ രാജ്യമായ സുഡാനിലെ ഡോൺ ബോസ്കോ റേഡിയോ എഫ്.എം. 91.0 ഡയറക്ടർ ഫാ. ഷാജൻ സി.ജെ. എസ്.ഡി.ബി., സരഗൂർ ആസ്ഥാനമായി ആരംഭിച്ച കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ സ്റ്റാഫ് അംഗങ്ങൾ, മംഗലാപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോ സാരംഗ് സ്റ്റാഫ് അംഗം ബ്രദർ ജെറിൻ എസ്.ജെ. എന്നിവർ മാറ്റൊലി സന്ദർശിച്ച് പ്രവർത്തനങ്ങൾ കണ്ടു മനസ്സിലാക്കി.

ഇടുക്കി ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഗോൾഡ മിസ്റ്റ് ഓർഗാനിക് - കോഫി ഫാർമേഴ്സ് സൊസൈറ്റി അംഗങ്ങളായ കർഷകർ റേഡിയോ മാറ്റൊലി സന്ദർശിക്കുകയും റേഡിയോ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തു. പാലക്കാട് ആസ്ഥാനമായി പുതിയ കമ്മ്യൂണിറ്റി റേഡിയോ തുടങ്ങുന്നതിന്റെ ഭാഗമായി അഹല്യ ഐ ഫൗണ്ടേഷൻ പ്രതിനിധികൾ മാറ്റൊലി റേഡിയോ സന്ദർശിച്ച് പ്രവർത്തനങ്ങൾ മനസ്സിലാക്കി.

തിരുനെൽവേലി സർദാർ രാജ് എൻജിനിയറിംഗ് കോളേജ്, ആലപ്പുഴ ശ്രീബുദ്ധ കോളേജ് എന്നീ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾ മാറ്റൊലിയിൽ സന്ദർശനം നടത്തി.

**മീറ്റിംഗിൽ പങ്കെടുത്തു**

വയനാട് ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടന്ന ജില്ലാ വികസന യോഗത്തിൽ സ്റ്റേഷൻ ഡയറക്ടർ ഡോ. ഫാ. തോമസ് ജോസഫ് തേരകം റേഡിയോ മാറ്റൊലിയുടെ പ്രതിനിധിയായി പങ്കെടുത്തു.

ആഗസ്റ്റ് 1-ാം തിയതി കൊല്ലം കമ്മ്യൂണിറ്റി റേഡിയോ ബെൻസിഗറിൽ നടന്ന കമ്മ്യൂണിറ്റി റേഡിയോ അസോസിയേഷൻ ഇന്ത്യ - കേരള ഫോറം മീറ്റിംഗിൽ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ ഫാ. ജോസ് കാവുങ്കൽ പങ്കെടുത്തു.

ആഗസ്റ്റ് 10,11 തിയതികളിൽ ചെന്നൈ ലെയോളാ കോളേജിലെ പീപ്പിൾ സ്റ്റഡീസും യുനസ്ക്കോയും സംയുക്തമായി നടത്തിയ കമ്മ്യൂണിറ്റി റേഡിയോ വർക്ക് ഷോപ്പിൽ റേഡിയോ മാറ്റൊലി അസി. ഡയറക്ടർ ഫാ. ജെയ്സ് ബേബിയും ഡോക്യുമെന്റേഷൻ ഓഫീസർ കൃഷ്ണകുമാറും പങ്കെടുത്തു.

**മീറ്റിംഗ് നടത്തി**

ശ്രോതാക്കളുമായി സംവദിക്കുന്നതിന്റെ ഭാഗമായി റേഡിയോ മാറ്റൊലി കുന്നമംഗലം, മീനങ്ങാടി, കാരക്കമല എന്നിവിടങ്ങളിൽ കമ്മ്യൂണിറ്റി മീറ്റിംഗ് നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസി. ഡയറക്ടർ (ബ്രോഡ്കാസ്റ്റിംഗ്)

# ക്രിസ്ത്യൻ സിവിക് സർവ്വീസ് സൊസൈറ്റി (CCSS)

## വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സർക്കാർ സഹായം

ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഭൗതീക സാഹചര്യ വികസനത്തിനായി (IDMI) ഈ വർഷത്തെ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ അംഗീകരാത്തോടെ മൂന്നുവർഷം തുടർച്ചയായി പ്രവർത്തിച്ചുവരുന്നതും ന്യൂനപക്ഷപദവി ലഭിച്ചിട്ടുള്ളതുമായ എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സന്നദ്ധസംഘടനകൾ, സൊസൈറ്റികൾ, ട്രസ്റ്റ് എന്നിവ വഴി അപേക്ഷിക്കാം. അപേക്ഷയുടെ കോപ്പി അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സെപ്റ്റംബർ 7 ന് മുൻപ് സമർപ്പിക്കുക. www.education.kerala.gov.in – ൽ നിന്നും അപേക്ഷാ ഫോമിന്റെ മാതൃക ഡൗൺലോഡ് ചെയ്യാവുന്നതാണ്. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ അവസരം പ്രയോജനപ്പെടുത്തുക.

## വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ

കേന്ദ്ര സംസ്ഥാന സർക്കാരുകളും വിവിധ സംഘടനകളും എല്ലാ വർഷവും വിദ്യാഭ്യാസ രംഗത്ത് ധാരാളം സ്കോളർഷിപ്പുകൾ നൽകുന്നുണ്ട്. ഇവയിൽ ചിലത് ക്രിസ്ത്യൻ, മുസ്ലീം, സിഖ് തുടങ്ങിയ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മാത്രമുള്ളതാണ്. കൂടാതെ ന്യൂനപക്ഷത്തിൽപ്പെട്ടവർക്കും അല്ലാത്തവർക്കും പൊതുവായി ലഭിക്കുന്നവയുമുണ്ട്. ഇതിൽ മിക്കവാറും എല്ലാ സ്കോളർഷിപ്പുകളും പഠിക്കുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികൾ തന്നെ ഓൺലൈനായി അപേക്ഷിക്കേണ്ടവയാണ്. വിദ്യാർത്ഥികളുടെ പേരിൽ ബാങ്ക് അക്കൗണ്ടും, ഇ-മെയിൽ വിലാസവും ഉണ്ടായിരിക്കണം. മുൻ പരീക്ഷകളിൽ അമ്പത് ശതമാനത്തിൽ കൂടിയ മാർക്ക്, വാർഷിക വരുമാന പരിധി എന്നീ നിബന്ധനകൾ പൊതുവായുണ്ട്. എല്ലാ വർഷവും ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ വിവിധ സ്കോളർഷിപ്പുകളുടെ അറിയിപ്പുകൾ പത്രങ്ങളിൽ വരും. കൂടാതെ ഓരോ സ്കോളർഷിപ്പുകളയുംകുറിച്ചുള്ള വിവരങ്ങൾ അതാത് വെബ്സൈറ്റുകളിലുമുണ്ടാകും. അതിലെ നിർദ്ദേശങ്ങൾക്കനുസരിച്ച് ശ്രദ്ധാപൂർവ്വം അപേക്ഷ നൽകിയാൽ ഈ സ്കോളർഷിപ്പുകൾ എല്ലാം തന്നെ ക്രൈസ്തവരായ കുട്ടി

കൾക്ക് അവരുടെ വിവിധ പഠനമേഖലകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. ഇക്കാര്യത്തിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിനായി ഇടവകകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഹെൽപ് ഡെസ്കുകൾ തുടങ്ങുന്നതിനും സന്നദ്ധസേവനം ചെയ്യുന്നതിനും താല്പര്യമുള്ളവർ CCSS ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. ഇക്കാര്യത്തിൽ ബഹു. വൈദികരും സിസ്റ്റേഴ്സും സ്ഥാപനാധികാരികളും അധ്യാപകരും വിദ്യാർത്ഥികളെ സഹായിക്കാൻ പ്രത്യേക താല്പര്യമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. 1-ാം ക്ലാസുമുതൽ Phd വരെയുള്ളവർക്ക് പ്രയോജനപ്പെടുന്ന വിവിധ സ്കോളർഷിപ്പുകളാണുള്ളത്. ഒരിക്കൽ അപേക്ഷിച്ചിട്ട് ലഭിച്ചില്ല എന്ന കാരണത്താൽ പിന്നീട് ശ്രമിക്കാതിരിക്കരുത്. ക്രിസ്ത്യൻ കുട്ടികൾക്ക് പ്രയോജനപ്പെടുത്താവുന്ന ചില സ്കോളർഷിപ്പുകളും വെബ്സൈറ്റുകളും ഇതോടൊപ്പം ചേർക്കുന്നു.

## 1. Merit cum Means Scholarship

ഡിഗ്രി മുതൽ Phd വരെയുള്ള ഏതെങ്കിലും സാങ്കേതിക പ്രൊഫഷണൽ കോഴ്സുകൾക്ക് (എഞ്ചിനീയറിങ്ങ് മുതൽ ബി. എസ്. സി. നഴ്സിംഗ് വരെ പഠിക്കുന്നവർക്ക് ഈ സ്കോളർഷിപ്പ് ലഭിക്കും.

www.momascholarship.gov.in : ഈ വർഷത്തെ അവസാന തീയതി സെപ്റ്റംബർ 30.

## 2. Maulana Azad Education Foundation Scholarship

പ്ലസ് വൺ ക്ലാസുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് മാത്രമുള്ള ഈ സ്കോളർഷിപ്പിലൂടെ രണ്ട് വർഷത്തേയ്ക്ക് ഏകദേശം 12000 രൂപ സ്കോളർഷിപ്പ് ലഭിക്കും. Maulana Azad Foundation എന്ന് ഗൂഗിളിൽ സേർച്ച് ചെയ്ത് Scholarship for girls 2012-2013 എന്ന ലിങ്ക് നോക്കുക.

## 3. Central Sector Scholarship

അംഗീകൃത കോളജുകളിൽ ബിരുദ ബിരുദാനന്തര തലത്തിൽ ഏതെങ്കിലും കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഇതിനപേക്ഷിക്കാം. വിശദവിവരങ്ങൾക്ക് Central Sector Scholarship 2012– 2013 എന്ന് ഗൂഗിളിൽ സേർച്ച് ചെയ്ത് നോക്കുക.

## 4. Kishore Vaigyanik Protsahan Yojana (KVPY)

അടിസ്ഥാനശാസ്ത്ര പഠന സ്കോളർഷിപ്പ് ശാസ്ത്ര പഠനത്തിനും ഗവേഷണത്തിനും താല്പര്യമുള്ള പ്ലസ് വൺ മുതൽ ബിരുദ തലം വരെയുള്ളവർക്ക് ഈ സ്കോളർഷിപ്പിന് അപേക്ഷിക്കാം. പ്രതിമാസം 7000 രൂപ വരെ സ്കോളർഷിപ്പും പ്രതിവർഷ കണ്ടിജൻസി

ഗ്രാന്റും തിരഞ്ഞെടുക്കപ്പെട്ടവർക്ക് ലഭിക്കും. അഭിരുചി പരീക്ഷ നവംബർ 4-ന് രാജ്യത്തെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. SSLC ക്ക് 80% മാർക്കുണ്ടായിരിക്കണം. വിവിധ സ്കൂളുകളിലായി നൽകുന്ന ഈ സ്കോളർഷിപ്പിനെക്കുറിച്ചുള്ള വിവരങ്ങൾ www.kvpy.org.in : അപേക്ഷ അയയ്ക്കേണ്ട വിലാസം The Convenor, Kishore Vaigyanik Protsahan Yojana (KVPY) India Institute of Science, Bangalore, 560012.
Ph: 080-2360 1008, 22932975. - അവസാന തീയതി സെപ്റ്റംബർ 7.

## 5. Indian Oil Academic Scholarship

ഇതിനെക്കുറിച്ചറിയാൻ ഇതേപേരിലുള്ള സൈറ്റിൽ നോക്കുക.

## 6. ബ്രിട്ടീഷ് സർവ്വകലാശാലകളിൽ വിദൂരപഠന സ്കോളർഷിപ്പ്

ഇന്ത്യയിൽ തന്നെജോലി ചെയ്യുകയോ പഠിക്കുകയോ ചെയ്യുന്നവർക്ക് വിദൂരപഠനത്തിന് ബ്രിട്ടീഷ് സ്കോളർഷിപ്പ് ലഭിക്കും. അപേക്ഷ നൽകാനുള്ള അവസാന തീയതി ഒക്ടോബർ 15. വിശദ വിവരങ്ങൾക്ക് http://cscuk.dfid.gov.uk/apply/distance-learning/info-universities., http://cscuik.dfid.gov.uk.

## 7. ഗണിത ശാസ്ത്രത്തിൽ ബിരുദ-ബിരുദാനന്തര ബിരുദ പഠനത്തിന്

(BSc/BA) NBHM സ്കോളർഷിപ്പ്. വിശദവിവരങ്ങൾക്ക് www.nbhm.dac.gov.in.

## 8. ലോക ബാങ്ക് സ്കോളർഷിപ്പുകൾ

www.worldbank.org--> learning Scholarship → Scholarship

## 9. വിദേശപഠനത്തിന് സഹായകമായ സ്കോളർഷിപ്പുകൾ

a) Mahindra Foundation Scholarship:
http://www.nanhikali.org/aboutus/grant_scholarships.aspx
b) JN Tata Endowment; www.dorabji-tatatrust.org
c) http://www.inlaksfoundation.org/inlaksscholarship.aspx
d) http://www.us-ief.org.in/Fellowships/ FIC-student-and- Doctoral-Research - Awards. aspx
e) www.akdn.org/akfe_scholarships.aspx

ഈ സ്കോളർഷിപ്പുകളെക്കുറിച്ച് നമ്മുടെ വിദ്യാർത്ഥികളെ അറിയിക്കുക. ഏതെങ്കിലും പുതിയ സ്കോളർഷിപ്പുകളോ സർക്കാർ പദ്ധതികളോ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ CCSS ഓഫീസിൽ അറിയിക്കുക.

**ഫാ. ബാബു മാപ്ലശേരി**
എക്സിക്യൂട്ടീവ് ഡയറക്ടർ CCSS
Ph. 04936-203266, Email: ccsswayanad@gmail.com



# അറിയിപ്പുകൾ

## 1) ക്രിസ്തുധർമ്മ പ്രവേശിക (Introduction to Christianity)

**ജോസഫ് റാറ്റ്സിംഗർ (ബെനഡിക്ട് പതിനാറാമൻ പാപ്പ)**

"**ക്രിസ്തുധർമ്മ പ്രവേശിക** എന്ന ശീർഷകത്തിലുള്ള എന്റെ പുസ്തകം ജോൺ പോൾ രണ്ടാമൻ മാർപാപ്പ വായിച്ചിരുന്നു. അതു കൊണ്ടാണ് മാർപാപ്പ ആയ ഉടനെ വിശ്വാസത്തിൽ ശരിയായ പാതയി ലൂടെ നാം സഞ്ചരിക്കാനായി വിശ്വാസ തിരുസംഘത്തിന്റെ അധ്യക്ഷ നായി എന്നെ നിയമിച്ചത്." *ലോകത്തിന്റെ പ്രകാശം* എന്ന പുസ്തക ത്തിൽ വിശ്വാസത്തിന്റെ കുലപതിയായ ബെനഡിക്ട് പതിനാറാമൻ പാപ്പ കുറിച്ചതാണ് (പുറം 33) ഈ വാക്യങ്ങൾ. ഇപ്പോൾ ആ ഗ്രന്ഥം - *ക്രിസ്തുധർമ്മ പ്രവേശിക* - മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരി ക്കുകയാണ്. വിശ്വാസത്തിൽ ശരിയായ പാതയിലൂടെ നടക്കാനാഗ്രഹി ക്കുന്നവർക്കും മറ്റുള്ളവരെ ആ വഴിയിലൂടെ നടത്തിക്കാനാഗ്രഹിക്കു ന്നവർക്കും അനിവാര്യമായ ഗ്രന്ഥമാണിത്.

ക്രിസ്തുധർമ്മത്തിലെ അടിസ്ഥാന ശിലകളുടെ അത്യാധുനിക വ്യാഖ്യാനമാണ് ജോസഫ് റാറ്റ്സിംഗർ (ബെഡിക്ട് പതിനാറാമൻ) ഇപ്പുസ്തകത്തിൽ നൽകുന്നത്.

ആഴമേറിയ ദൈവശാസ്ത്ര സത്യങ്ങൾ കഥകളിലൂടെയും ഉപമക ളിലൂടെയും അതരിപ്പിക്കുന്നത് നല്ല വായനാനുഭവം നൽകുന്നു.

ദൈവവിശ്വാസത്തോടൊപ്പം ദൈവമുണ്ടോ എന്ന സന്ദേഹവും മനുഷ്യഹൃദയത്തിൽ ദൈവം നിക്ഷേപിച്ചത് എന്തിനാണ്? ദൈവത്തിൽ വിശ്വസിക്കാനാകുമോ? വിശ്വസിക്കുന്നതുകൊണ്ട് എന്തു പ്രയോജനം? ദൈവത്തെ വിശ്വസിക്കാൻ കൊള്ളാമോ? ദിവ്യത്താളുകളിലെ തിരുവെ ഴുത്തുകൾ നൽകുന്ന ഉത്തരവഴികളെന്ത്?

മനുഷ്യഹൃദയങ്ങളിൽ നിന്നു ദൈവത്തെ വലിച്ചുപറിച്ചെടുത്തു കളഞ്ഞ ഹൈടെക് യുഗത്തിൽ മനുഷ്യന്റെ നിലയും വിലയുമെന്ത്? സംഘടിതമായ കുറ്റകൃത്യങ്ങളുടെയും സംഘാതമായ അക്രമങ്ങളു

ടെയും നിഴലിൽ കഴിയുന്നവർക്കു ദൈവത്തെ ഒരാശയമായിട്ടല്ല, പ്രായോഗികമായി കാണിച്ചുകൊടുക്കാൻ കഴിയുന്നതെങ്ങനെ? 'മതമില്ലാത്ത ജീവനെ' അടിച്ചേല്പ്പിക്കാൻ വെമ്പുന്ന ഒരു ലോകത്തെ നാം എതിരിടുന്നതെങ്ങനെ? വിമോചന ദൈവശാസ്ത്രമാണോ കമ്മ്യൂണിസത്തിനുള്ള പ്രതിവിധി? ക്രിസ്തുമതത്തിന്റെ സംഭാവനയാണോ പാശ്ചാത്യ സാമ്രാജ്യത്വവാദം?

മദ്യം, മയക്കുമരുന്ന് എന്നിവയുടെ അമിതോപയോഗത്താൽ ഹിപ്നോട്ടൈസ് ചെയ്യപ്പെട്ട ഒരു സമൂഹത്തിൽ മതം മറ്റൊരു മയക്കുമരുന്നായി മാറിയോ? മദ്യാസക്തിയും മതാസക്തിയും തമ്മിൽ ബന്ധമുണ്ടോ?

ഇങ്ങനെ ഇന്നത്തെ ക്രിസ്ത്യാനികൾ എതിരിടുന്ന എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടിയാണ് പാപ്പായുടെ ഇപ്പുസ്തകം. ബെനഡിക്ട് പാപ്പായുടെ *ലോകത്തിന്റെ പ്രകാശം, നാത്സറേത്തിലെ യേശു, ഭൂമിയുടെ ഉപ്പ്* എന്നീ ഗ്രന്ഥങ്ങൾ പരിഭാഷപ്പടുത്തിയ ജോസ് മാണിപ്പറമ്പിലച്ചനാണ് ഇതിന്റെയും മലയാള മൊഴിമാറ്റം നിർവ്വഹിച്ചിരിക്കുന്നത്.

2011 ലെ ക്രിസ്മസിനു കേരളത്തിലെ 3000 കത്തോലിക്കരാണ് ബെനഡിക്ട് പാപ്പായുടെ *നാത്സറേത്തിലെ യേശു* എന്ന ഗ്രന്ഥം വാങ്ങിച്ചു സമ്മാനമായി കൈമാറിയത്. ഈ ക്രിസ്മസിനു നിങ്ങൾ കൈമാറുന്ന സമ്മാനം ഈ ഗ്രന്ഥമായിരിക്കട്ടെ. അങ്ങനെ വിശ്വാസത്തിന്റെ സ്ഥായിയായ സർഗ്ഗചൈതന്യം കൈമാറുന്ന ഒരനുഭവമാകട്ടെ ഇത്തവണത്തെ ക്രിസ്മസ്.

1/8 ഡിമൈ 420 പുറങ്ങൾ, മുഖവില 380 രൂപാ, സെപ്തംബർ 30 -നു മുമ്പ് ഓർഡർ നൽകുന്നവർക്കു 20% ഡിസ്കൗണ്ട്. പോസ്റ്റേജ് സൗജന്യം. പുസ്തക പ്രകാശനം 2012 ഡിസംബർ 1 ഞായറാഴ്ച ബിബ്ലിയായിൽവച്ച്.

For copies contact: Biblia Publications; P.B. No. 20, Aloor 680683. Ph:0-9496186676; 0-9495256974;
Email: biblia.aloor@gmail.com

1. Demand Draft should be drawn in favor of "Biblia Publications, A/C No. 0150053000043401," South Indian Bank, Perambra, 680689. IFSC Code: SIBL0000150

2. In case of wire transfer from bank to bank, please do not fail to inform biblia either over phone or through email.

• • • • • • • • • •

## 2) ഭൂമിയുടെ ഉപ്പ് (Salt of the Earth)

### ജോസഫ് റാറ്റ്സിംഗർ (ബെനഡിക്ട് പതിനാറാമൻ പാപ്പ)

**ലോകത്തിന്റെ പ്രകാശം പ്രസാധനം ചെയ്തപ്പോൾ കേരളത്തിലെ ഒരു മെത്രാൻ ഇങ്ങനെ അഭിപ്രായപ്പെട്ടു: "മെത്രാന്മാർക്കു വൈദികരോടു പറയാൻ താല്പര്യമുള്ളതും, എന്നാൽ പറയാൻ മടിയുള്ളതുമായ കാര്യങ്ങളുണ്ടെങ്കിൽ ഇപ്പുസ്തകത്തിന്റെ ഒരു പ്രതി വാങ്ങിക്കൊടുത്തു വായിക്കാൻ പറഞ്ഞാൽ മതി. വൈദികർക്കും കന്യാസ്ത്രീകളോടു സംവദിക്കാനും ഈ ഗ്രന്ഥം മതി...."**

ലോകത്തിന്റെ പ്രകാശം എന്ന ഗ്രന്ഥത്തിന്റെ പൂരകഗ്രന്ഥമാണ് ഭൂമിയുടെ ഉപ്പ്. ജോസഫ് റാറ്റ്സിംഗർ മാർപാപ്പയായതിനുശേഷമുള്ള അഭിമുഖമാണ് *ലോകത്തിന്റെ പ്രകാശം*. പാപ്പയാകുന്നതിനു മുമ്പുള്ള അഭിമുഖമാണ് *ഭൂമിയുടെ ഉപ്പ്.* രണ്ടു ഗ്രന്ഥങ്ങളും കൈവശമുണ്ടെങ്കിൽ ഒരാധുനിക വൈദികനോ കന്യാസ്ത്രീയോ അറിഞ്ഞിരിക്കേണ്ട അത്യാവശ്യ കാര്യങ്ങൾക്കുള്ള റഫറൻസായി.

വിശ്വാസത്തിന്റെ വാതിൽ എന്ന ചാക്രികലേഖനത്തിൽ പാപ്പ പറയുന്നതുപോലെ, "ഉപ്പിനു ഉറയില്ലാതാവുകയെന്നതും, വിളക്കു മറച്ചുവയ്ക്കുകയെന്നതും നമുക്കു അംഗീകരിക്കാനാകില്ല." ഭൂമിയുടെ ഉപ്പായ നമ്മുടെ ഉറ കെട്ടുപോകാതിരിക്കാൻ, ലോകത്തിന്റെ പ്രകാശമായ നമ്മുടെ വിളക്കു അണഞ്ഞുപോകാതിരിക്കാൻ പാപ്പ എഴുതിയ ഗ്രന്ഥമാണ് *ഭൂമിയുടെ ഉപ്പ്.*

ദൈവകൃപ പ്രവർത്തിക്കുന്നത് എങ്ങനെ എന്നറിയാൻ ആഗ്രഹിക്കുന്ന ആരും സ്വന്തമാക്കേണ്ട ഗ്രന്ഥം എന്നു ചിക്കാഗോയിലെ ആർച്ചുബിഷപ്പ് ഫ്രാൻസീസ് ഇ. ജോർജ് സാക്ഷ്യപ്പെടുത്തിയ അത്യുദാത്ത പുസ്തകമാണ് ഭൂമിയുടെ ഉപ്പ്.

മൂന്നാം സഹസ്രാബ്ദത്തിൽ ക്രിസ്തുധർമ്മത്തിനു പ്രസക്തിയുണ്ടോ? അതു കാലഹരണപ്പെടുകയാണോ? കത്തോലിക്കാ സഭയുടെ ഭാവിയെന്ത്? സന്യാസ-വൈദിക ദൈവവിളികൾ കുറഞ്ഞുവരുന്ന സാഹചര്യം കണക്കിലെടുത്താൽ അത് അന്യംനിന്നു പോകുമെന്നല്ലേ കരുതാനാകുക?

പലരും കത്തോലിക്കാ സഭ ഉപേക്ഷിക്കുന്നത് എന്തുകൊണ്ട്? സഭയിലേക്കുള്ള മടക്കയാത്ര പ്രയാസമായിരിക്കുന്നത് എന്തുകൊണ്ട്?

ദൈവത്തിലേക്കു എത്ര വഴികളുണ്ട്? കത്തോലിക്കാ സഭയുടെ തലവനിൽനിന്നു നാം പ്രതീക്ഷിക്കുന്ന മറുപടിയെന്ത്? അദ്ദേഹം നൽകിയ അതിശയിപ്പിക്കുന്ന മറുപടിയെന്ത്?

നമ്മുടെ പൂർവ്വികർ നട്ടു നനച്ചുണ്ടാക്കിയ വിശ്വാസത്തിന്റെ ഉപാസകനായ പാപ്പ ആത്മാവിന്റെ ഗന്ധർവ്വ ലോകത്തിലേക്കു നമ്മെ

കൈപിടിച്ചു നടത്തുന്ന ഗ്രന്ഥമാണിത്. ബ്രഹ്മചര്യം, വർദ്ധിച്ചുവരുന്ന വിവാഹമോചനം, ഗർഭഛിദ്രം, കൃത്രിമ ഗർഭനിരോധന മാർഗ്ഗങ്ങൾ, സ്ത്രീപൗരോഹിത്യം, സഭൈക്യശ്രമങ്ങൾ - തുടങ്ങീ ചൂടുള്ള വിഷയ ങ്ങൾക്കു കത്തോലിക്കാ സഭയുടെ വിശ്വാസ തിരുസംഘത്തിന്റെ തലവൻ നൽകിയ വിസ്മയനീയമായ ഉത്തരങ്ങളിലറിയണ്ടേ?

ലോകത്തിന്റെയും മനുഷ്യരുടെയും പ്രശ്നങ്ങൾക്കു സഭ നിർദ്ദേ ശിക്കുന്ന പരിഹാര മാർഗ്ഗങ്ങളെന്ത്? നമ്മുടെ കാലയളവിന്റെ വിസ്മയ മായ ബെനഡിക്ട് പാപ്പ അതിശയിപ്പിക്കുന്ന ധൈര്യത്തോടെയും കയ്യൊ തുക്കത്തോടെയും സഭയിലെയും ലോകത്തിലെയും പ്രശ്നങ്ങളുടെ ചുരുളഴിക്കുന്നതു കാണണമെങ്കിൽ ഇപ്പുസ്തകം വായിക്കണം. ബെന ഡിക്ട് പാപ്പായുടെ ലോകത്തിന്റെ പ്രകാശം, *നാത്സറേത്തിലെ യേശു, ക്രിസ്തുധർമ്മ പ്രവേശിക* എന്നീ ഗ്രന്ഥങ്ങൾ പരിഭാഷപ്പെടുത്തിയ ജോസ് മാണിപ്പറമ്പിലച്ചനാണ് ഇത് മലയാളത്തിലേക്കു ഭാഷപ്പെടുത്തി യിരിക്കുന്നത്.

***പുസ്തകപ്രകാശനം 2012 ഡിസംബർ 1, 1/8 ഡിമൈ 320 പുറങ്ങൾ, മുഖവില 280 രൂപാ., സെപ്തംബർ 30 - നു മുമ്പ് ഓർഡർ നൽകുന്നവർക്കു 20% ഡിസ്കൗണ്ട്. പോസ്റ്റേജ് സൗജന്യം. രണ്ടു ഗ്രന്ഥങ്ങളും ഒന്നിച്ചു ആവശ്യപ്പെടുന്നവർക്കു 25% ഡിസ്കൗണ്ട്.***

For copies contact: Biblia Publications; P.B. No. 20, Aloor 680683. Ph:0-9496186676; 0-9495256974;
Email: biblia.aloor@gmail.com

1. Demand Draft should be drawn in favor of "Biblia Publications, A/C No. 0150053000043401," South Indian Bank, Perambra, 680689. IFSC Code: SIBL0000150

2. Incase of wire transfer from bank to bank, please do not fail to inform biblia either over phone or through email.

• • • • • • • • • • •

## 3) ലാസലെറ്റ് ധ്യാനകേന്ദ്രം

കഴിഞ്ഞ 8 വർഷങ്ങൾ ആത്മീയശുശ്രൂഷാ മേഖലയിൽ അനു ഗ്രഹമായി മാറിയ ലാസലെറ്റ് ആശ്രമം താമസസൗകര്യത്തോടുകൂടിയ ധ്യാനകേന്ദ്രമായി മാറിയിരിക്കുന്നു. 2012 ആഗസ്റ്റ് 11-ാം തീയതി മുതൽ ഇത് പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. 100 പേർക്ക് താമസിച്ച് ധ്യാനി ക്കാനുള്ള സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. മരിയൻ ധ്യാനങ്ങൾക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് എല്ലാ മാസവും 4 ദിവസത്തെ ധ്യാന ങ്ങൾ നടത്തപ്പെടുന്നു. ധ്യാനം പ്രാരംഭദിവസം വൈകുന്നേരം 4 മണിക്ക്

ആരംഭിച്ച് തീരുന്നദിവസം ഉച്ചകഴിഞ്ഞ് 2 മണിക്ക് അവസാനിക്കുന്നു. ആദ്യബാച്ച് 2012 ആഗസ്റ്റ് 29 മുതൽ സെപ്റ്റംബർ 1 വരെ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾക്കായി ബന്ധപ്പെടുക.

**ധ്യാനങ്ങൾ - 2012**

| | | | |
|---|---|---|---|
| **ഓഗസ്റ്റ്** | **: 29 - 1,** | **സെപ്റ്റംബർ** | **: 26 - 29** |
| **ഒക്ടോബർ** | **: 24 - 27** | **നവംബർ** | **: 21 - 24** |
| **ഡിസംബർ** | **: 19 - 22** | | |

**Fr. Joby Muttathil MS**
Lasalette Ashram, Kayakunnu (P.O.)
Wayanad - 670 721, Ph : 04935 - 220264
Mob: 9961186232, 9447811781

• • • • • • • • • •

## 2) ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം

മാനന്തവാടി മേരിമാതാ പ്രൊവിൻസ് ആരാധനാ സന്യാസിനി സമൂഹത്തിന്റെ നേതൃത്വത്തിൽ ബോയ്സ് ടൗൺ സോഷ്യൽ സർവ്വീസ് സെന്ററിൽ വച്ച് ആത്മവിശുദ്ധീകരണ മരിയൻ ധ്യാനം നടത്തിവരുന്നു. പരിശുദ്ധ അമ്മയുടെ മദ്ധ്യസ്ഥതയിൽ പ്രത്യേകം ആശ്രയിച്ചുകൊണ്ട് കുട്ടികളുടെ ആത്മവിശുദ്ധീകരണം ലക്ഷ്യമാക്കി നടത്തുന്ന ധ്യാനത്തിന് 100 സീറ്റുകളാണ് ഉള്ളത്. പഠനവും സ്വഭാവരൂപീകരണവും ലക്ഷ്യമാക്കി കൗമാര പ്രായക്കാരായ കുട്ടികളിൽ കാണുന്ന തിന്മകളിൽ നിന്നും മറ്റു ദുശ്ശീലങ്ങളിൽ നിന്നും അവരെ മോചിപ്പിക്കുക എന്ന പ്രത്യേക ലക്ഷ്യത്തോടെ നടത്തപ്പെടുന്നു. ഈ ധ്യാനത്തിൽ പങ്കെടുക്കുന്നവർക്ക് പഠനത്തിനും സ്വഭാവരൂപീകരണത്തിനും സഹായകരമായ രീതിയിൽ പ്രത്യേകം പ്രാർത്ഥനയും സ്പിരിച്ചൽ ഗൈഡൻസും ഉണ്ടായിരിക്കുന്നതാണ്.

**അടുത്ത ധ്യാനം 2012 സെപ്റ്റംബർ 20 - 23.**

ഹൈസ്കൂൾ, +1, +2, ക്ലാസുകളിൽ പഠിക്കുന്ന കുട്ടികളെ ഉദ്ദേശിച്ചുള്ള ഈ ധ്യാനത്തിൽ സംബന്ധിക്കാൻ താല്പര്യമുള്ളവരെ ഇടവകയിൽ നിന്ന് പറഞ്ഞുവിടുമല്ലോ. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ധ്യാനം വ്യാഴം 4 p.m. ആരംഭിച്ച് ഞായർ 4 p.m. ന് അവസാനിക്കുന്നതാണ്. ധ്യാനഫീസ് 400 രൂപയാണ്. ധ്യാനം ബുക്കുചെയ്യുന്നതിനും മറ്റു വിവരങ്ങൾക്കുമായി താഴെപറയുന്ന അഡ്രസ്സിലേക്കും നമ്പറിലേക്കും വിളിക്കുമല്ലോ.

**SABS Provincial House**
Dwaraka, Mananthavady, Ph: 04935 - 240815
Mob: 9387608762, 9567374414, 9048476400



# *Programme*

## PASTORAL CENTRE, DWARAKA

### September 2012

| | |
|---|---|
| 01 S | Zion CRC: Prayer Day, Christeen Prayer Day |
| 02 S-05 W | Marriage Preparation Course |
| 07 F | KCYM: Secretariat/Syndicate;<br>Jesus Youth Night Vigil |
| 08 S | Pastoral council; Cat HDC; Jesus Youth: Prayer Day |
| 09 S-14 F | Priests Retreat |
| 21 F | Family Apostolate |
| 23 S-28 F | Priests Retreat |
| 29 S | Cat HDC |
| 29 S-Oct 02 | Marriage Preparation Course |

**Rev. Fr. Mathew Kazhuthadiyil**
Director, Pastoral Centre



# Bishop's Programme

## September 2012

01 Sat 02 Sun ....... Kakkanad : Synod
03 Mon .................. Engaged
04 Tue 06 Thu ....... Aluva : Seminary Commission
07 Fri ................... Out of Station
08 Sat ................... Pastoral Council
09 Sun ................... Bangalore
10 Mon 14 Fri ....... Retreat for Priests : First batch
15 Sat 17 Mon ......... Thuckalay : Episcopal Ordination
18 Tue ................... Engaged
19 Wed .................. Visitors' Day
20 Thu .................. Bathery, MSMI Jubilee
21 Fri .................... Out of Station
23 Sun ................... Kurumbalakotta : Sunday School Blessing
23 Sun 28 Fri ........ Retreat for Priests : Second Batch
30 Sun ................... Thomattuchal : Pastoral Visit

## October 2012

01 Mon 10 Wed ....... Out of Station
12 Fri ..................... Out of Station
14 Sun 16 Tue ......... Manimooly - Nilambur Region
18 Thu 22 Mon ........ Virar, Mumbai
24 Wed ................... Arattuthara St.Patrick's Shool : AA Meeting,
26 Fri ................... Out of Station
28 Sun .................... Pastoral Visit
29 Mon ..................... Visitors' Day
31 Wed .................... Engaged